Reg. M. No. 2293

ഒററപ്രതി 2ണ.


# സത്യദീപം

“ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല.”

പുസ്തകം 28 | 1130 തുലാം 24—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1954 നവംബർ 10 | ലക്കം 13

## മേരിവത്സരത്തിൽ രോഗികൾക്കു് ഒരു സന്ദേശം

(റവ. ഫാദർ തോമ്മസ് മൂത്തേടൻ എം. എ., ഡി. ഡി.)



ശുദ്ധികരാത്മാക്കളെ സഹായിപ്പിൻ!

രോഗികളുടെ ശാരീരികവും മാനസികവുമായ വേദനകൾ വളരെ കണ്ണുനീർ ചിന്തുന്നുണ്ടു്; എന്നാൽ ആ കണ്ണുനീർ മുഖത്തെ വിയർപ്പും അഴുക്കും കഴുകിക്കളയുവാൻ പര്യാപ്തമല്ലെങ്കിൽത്തന്നെയും ആത്മശുദ്ധീകരണത്തിനു ഒരുകണ്ട ഔഷധമാണു്, മേമ്പൊടി ശരിക്കു പ്രയോഗിച്ചാൽ. വേദനകളും പീഡകളും ക്ഷമയോടെ സഹിച്ചു മിശിഹായുടെ പീഡാനുഭവത്തോടു ചേർത്തു കാഴ്ചവയ്ക്കുന്നവർ പൗലോസ്ശ്ലീഹായുടെ ഭാഷയിൽ മിശിഹായുടെ പീഡാനുഭവങ്ങൾക്കു വല്ല കുറവുമുണ്ടെങ്കിൽ നികത്തുകയാണു ചെയ്യുന്നതു്. ഈ മരിയൻ വത്സരത്തിൽ ഫെബ്രുവരി 14-ാംനു റേഡിയോവഴി പന്ത്രണ്ടാംപീയൂസു മാർപ്പാപ്പാ രോഗികൾക്കായി ഒരു സന്ദേശം നൽകി. രോഗികൾ എല്ലാകാലത്തും ഉള്ളതുകൊണ്ടു് ആ റേഡിയോ പ്രഭാഷണത്തിന്റെ ചില ഭാഗങ്ങൾ ഇവിടെ പരിഭാഷപ്പെടുത്തി ചേർക്കാം:

“രോഗികളായ എന്റെ മക്കളേ, പുത്രിമാരേ, നിങ്ങളുടെ ആത്മാവും ഹൃദയവും നമുക്കു് എത്രയും അടുത്തിരിക്കുന്നുവെന്നു ന്യായമായി നിങ്ങൾക്കു് അവകാശപ്പെടാവുന്നതാണു്.....ദൈവമാതാവിന്റെ ആലംബം തേടി അവിടുത്തെ സന്നിധിയിലെത്തുന്നവരുടെ കണ്ണുനീരിനെ തുടയ്ക്കുവാൻ വാത്സല്യത്തോടെ അവിടുന്നു പാർത്തിരിക്കുന്നു. ദൈവത്തിന്റെ സഭയിലെ അമൂല്യരത്നങ്ങളും ആദ്ധ്യാത്മികശക്തിയുടെ പ്രധാനമായ ഉറവയുമായിട്ടാണു് മിശിഹായുടെ പ്രതിനിധി നിങ്ങളെ വീക്ഷിക്കുന്നതു്. ‘ഫുൾജെൻസ കൊറോണ’ എന്ന നമ്മുടെ ചാക്രികലേഖനത്തിൽ മനുഷ്യവർഗ്ഗത്തിനും തിരുസ്സഭയ്ക്കും അത്യാവശ്യമുള്ളതായി ഭാവനം ചെയ്തിട്ടുള്ള അനുഗ്രഹങ്ങൾ സിദ്ധിക്കുന്നതിനുവേണ്ട ശക്തിയും നിങ്ങളിലാണു സ്ഥിതിചെയ്യുന്നതു്.

നമ്മുടെ എല്ലാവരുടേയും അമ്മയായ അമലോത്ഭവജനനിയുടെ വത്സലസംരക്ഷണയിൽ നിങ്ങളെ വയ്ക്കുവാനും നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്ന എല്ലാവിശ്വാസികളുടേയും നമ്മുടേയും സ്നേഹം നിങ്ങളോടു പ്രകാശിപ്പിക്കുവാനും നിങ്ങളുടെ രോഗത്തിൽ നിങ്ങൾ നിർവ്വഹിക്കേണ്ടതായി ദൈവപരിപാലന നിശ്ചയിച്ചിരിക്കുന്ന ചുമതലകൾ നിങ്ങളെ അനുസ്മരിപ്പിക്കുവാനുമാണു് ഇന്നു നാം ഈ പ്രഭാഷണം ചെയ്യുന്നതു്.

ഒരുവിധത്തിൽ നമ്മുടെ ഹൃദയത്തെ ഈശോയുടെ തിരുഹൃദയത്തിനു തുല്യമാക്കുവാൻ, ഹൃദയശാന്തതയുള്ള ഒരു ഹൃദയം, നല്ല ഒരു ഹൃദയം, എല്ലാ വേദനകൾക്കും എല്ലാ ക്ലേശങ്ങൾക്കുമായി തുറന്നുകിടക്കുന്ന ഒരു ഹൃദയം നമുക്കു തരുവാൻ എല്ലായ്പോഴും നാം ഈശോയോടു് അപേക്ഷിച്ചിട്ടുള്ളതാണു്. അവിടുത്തെ സർവ്വശക്തിയെപ്പററി ഒന്നു ചിന്തിക്കുവാൻ നാം എത്രയധികം ആഗ്രഹിക്കുന്നു! നിങ്ങളുടെ ഇടയിൽ നടന്നു നിങ്ങളുടെ കണ്ണുനീരു തുടച്ചുകളയുവാനും ആശ്വാസം പ്രദാനം ചെയ്യുവാനും മുറിവുകൾ സുഖപ്പെടുത്തുവാനും ശക്തിയും ആരോഗ്യവും തിരികെ തരുവാനും നാം എത്രമാത്രം ആഗ്രഹിക്കുന്നു; എന്നാൽ തല്ക്കാലം ആത്മീയമായിട്ടുമാത്രമേ നിങ്ങളോടുകൂടെ നമുക്കു ചെലവഴിക്കുവാൻ സാധിക്കുകയുള്ളു. മക്കളെ അനശ്വരമായി വീടെങ്ങിവരുമെന്നോർത്തു വിറയ്ക്കുന്ന മാതാപിതാക്കന്മാരുടെ സമീപത്തിന്നു് ആ ശിശുക്കളെ മാതൃസഹജമായ വാത്സല്യത്തോടെ ശുശ്രൂഷിക്കുവാൻ നാം ആഗ്രഹിക്കുന്നു. നിങ്ങളോരോരുത്തർക്കും അനുയോജ്യമായ അനുഗ്രഹങ്ങൾ ദൈവപരിപാലനയ്ക്കനുസരിച്ചു വന്നുചേരട്ടെ എന്നു വത്സലപിതാവും സർവ്വശക്തനുമായ ദൈവത്തോടു പ്രാർത്ഥിച്ചുകൊണ്ടു് നിങ്ങളോരോരുത്തർക്കും നമ്മുടെ ആശീർവ്വാദം നാം നൽകുന്നു. നാതിദീർഘമായ നമ്മുടെ ആത്മീയസന്ദർശനം അവസാനിക്കുമ്പോൾ നമ്മുടെ വത്സലമായ ആശീർവ്വാദത്തിന്റെ ഭൗതികവും ആത്മീയവുമായ ഫലങ്ങൾ നിങ്ങളോരോരുത്തരും അനുഭവിക്കുന്നതിനും നമ്മുടെ ഹൃദയംഗമമായ ഈ ഉപദേശത്തിന്റെ ആശ്വാസഫലങ്ങൾ നിങ്ങൾക്കു വന്നുചേരുന്നതിനും കർത്താവു് ഇടയാക്കട്ടെ.

ആശുപത്രിയിൽ ഒരു മുറിയിൽ ഒരു യുവാവു് കഠിനമായ വേദനയനുഭവിക്കുന്നുണ്ടു്. ആ വേദനയുടെ ഇടയിൽ ദൈവത്തെതന്നെയും ശപിച്ചുകൊണ്ടിരിക്കുന്നതും ആത്മനാ നാം കാണുന്നു. അവൻ ഒരിക്കൽ ശക്തനും സുന്ദരനുമായിരുന്നു; മാതാപിതാക്കന്മാരുടെ ആനന്ദവും അഭിമാനവും ആയിരുന്നു. ഇപ്പോൾ കഠിനരോഗത്താൽ ക്ഷീണിതനായി അവൻ നഷ്ടപ്പെട്ടുപോകുമെന്ന നിലയിലായിരിക്കയാണു്. മാതാപിതാക്കന്മാരുടെ ഹൃദയം ഭേദിക്കുന്നു. ജീവൻ തന്നിൽനിന്നു വഴുതിപ്പോകുന്നതുപോലെ യുവാവിനും തോന്നുന്നു. ആരോഗ്യത്തോടും ഓജസ്സോടും സ്നേഹത്തോടും യുവസഹജമായ ഉത്സാഹത്തോടും യാത്രപറയാൻ യുവാവിനു വൈമനസ്യം. അവൻ വിപ്ലവമുണ്ടാക്കുന്നു. ഇതെന്തിനു്? ഇതെന്തിനു്? എന്നു് അവൻ ചോദിക്കുകയാണു്. എനിക്കു് ജീവിക്കുവാൻ അവകാശമില്ലേ? ഒരു നല്ല ദൈവം ഇങ്ങനെ സഹിക്കുവാനും മരിക്കുവാനും അനുവദിക്കുമോ? ഞാൻ എന്തുതിന്മ ചെയ്തു?

പുത്രന്മാരേ, പുത്രിമാരേ, നിങ്ങളെത്രപേരിങ്ങനെ ഭാവം ചുളുക്കിയിട്ടുണ്ടു്? എത്രപേർ ഇങ്ങനെ ശപിക്കുകയും ഹൃദയംകൊണ്ടു കോപിക്കുകയും ചെയ്തു? പനികൊണ്ടു പൊള്ളുന്ന നിങ്ങളുടെ നെററിയിൽത്തന്നെ കൈവച്ചു് ആശീർവ്വദിക്കുന്നതിനു നിങ്ങളെ സമീപിക്കുവാൻ നാം ആഗ്രഹിക്കുന്നു. ആർദ്രതയോടുകൂടെ നിങ്ങളോടു് ഓരോരുത്തരോടും ഇപ്രകാരം ആമന്ത്രണം ചെയ്യുവാൻ നാം ആഗ്രഹിക്കുന്നു. ദുഃഖിതമായ ആത്മാവേ, എന്തിനു നീ വിപ്ലവമുണ്ടാക്കുന്നു? ഈശോയുടെ കുരിശിൽനിന്നു നിഷ്പതിക്കുന്ന കിരണങ്ങൾ വേദനയുടെ ഇരുൾനിറഞ്ഞ രഹസ്യത്തിന്മേൽ നിഷ്പതിക്കട്ടെ. അവിടുന്നു എന്തു തിന്മയാണു ചെയ്തതു്. നിങ്ങളുടെ ശയ്യയുടെ മീതെ ഒന്നു നോക്കുക; പക്ഷെ ആശുപത്രിയുടെ വല്ല ഭാഗത്തും ദൈവമാതാവിന്റെ ചിത്രം കണ്ടേക്കും. അവിടുന്നു് എന്തു തിന്മചെയ്തു? വേദനനിമിത്തം നിരാശപ്പെട്ടിരിക്കുന്ന ആത്മാവേ, ഇതു് ഒന്നു കേൾക്കുക: ഈശോയും അവിടുത്തെ അമ്മയും തങ്ങളുടെ കുററമൊന്നും കൂടാതെ പൂർണ്ണമനസ്സോടെ ദൈവതിരുമനസ്സിനു കീഴ്പ്പെട്ടുകൊണ്ടു സഹിച്ചു. നിങ്ങൾ വല്ലപ്പോഴും അന്വേഷിച്ചിട്ടുണ്ടോ അതെന്തിനാണെന്നു്.

പക്ഷെ, നീ തിന്മചെയ്തിട്ടുണ്ടാകാം. ഒന്നു് അവലോകനം ചെയ്തുനോക്കു. നീ പലപ്പോഴും പല വിധത്തിലും ദൈവത്തെ ദ്രോഹിച്ചിട്ടുണ്ടായിരിക്കും. ഒരു മാരകപാപത്തിനു നിത്യശിക്ഷയാണു ദൈവനിശ്ചയമെന്നു നിനക്കു് അറിയാമല്ലോ. നീ ഇപ്പോഴും ദൈവത്തിന്റെ കാരുണ്യം അനുഭവിച്ചു മറിയത്തിന്റെ കരങ്ങളിൽ വർത്തിക്കുന്നു. നിന്റെ ഏതോ ഒരു പാപത്തെ ഇപ്പോൾ ദൈവം ശിക്ഷിക്കുകയാണെങ്കിൽ അക്കാരണത്തിനു നീ നിന്നെത്തന്നെ താഴ്ത്തി ദൈവത്തെ ശപിക്കുവാൻ തുടങ്ങ

തു്. ക്രൂരനായ യജമാനനാൽ ശിക്ഷിക്കപ്പെട്ടിരിക്കുന്ന ഒരു അടിമയല്ല നീ; പ്രതികാരം ചെയ്യുവാനല്ല, നിന്നെ നന്നാക്കുവാൻ ആഗ്രഹിക്കുന്ന പിതാവായ ദൈവത്തിന്റെ ഒരു ശിശുവാണു നീ. നിന്നോടു ക്ഷമിക്കുവാനും ആത്മാവിന്റെ ജീവനെ നിനക്കു വീണ്ടും നൽകുവാനുമായി നീ അവിടുത്തോടു പറയണം: ഞാൻ പാപം ചെയ്തുപോയി.

യാതൊരു കുറവും ചെയ്യാത്ത നിഃർദ്ദോഷിയാണെങ്കിലും നീ വിഷ്ലവമുണ്ടാക്കരുതു്. വാസ്തവത്തിൽ ജീവിതക്ലേശങ്ങളും മാനുഷികവേദനകളുമെല്ലാം പാപശിക്ഷയാണെന്നു പറയുവാൻ വഹിയാ. സുവിശേഷത്തിൽ എഴുതപ്പെട്ടിരിക്കുന്നതു് നീ ഓർക്കുന്നുണ്ടോ? അന്ധനായി ജനിച്ച ഒരാൾ ഈശോയെ സമീപിച്ചപ്പോൾ ശിഷ്യന്മാർ അവിടുത്തോടു ചോദിച്ചു, ഇവനോ ഇവന്റെ മാതാപിതാക്കന്മാരോ പാപം ചെയ്തുവോ യെന്നു്. ഈശോ മറുപടി പറഞ്ഞു: "ഈ മനുഷ്യനോ ഇവന്റെ മാതാപിതാക്കന്മാരോ പാപം ചെയ്തിട്ടില്ല; പ്രത്യുത ദൈവത്തിന്റെ പ്രവൃത്തികൾ അവനിൽ പ്രത്യക്ഷവേദ്യമാകുന്നു." പുണ്യാത്മാക്കളുടെ നിർഭാഗ്യങ്ങൾ ദൈവമഹത്വത്തിന്റെ നിഗൂഢ പ്രകാശനമാണു്.

ദീർഘചിന്തകളാൽ ക്ഷീണിതരാകാതിരിക്കുവാൻ പരിശുദ്ധയും നിഷ്കളങ്കയുമായ അമ്മയെ നീ സംവീക്ഷിക്കുക. ദിവ്യസുതന്റെ നിർജ്ജീവശരീരത്തെ തന്റെ മടിയിൽ അവിടുന്നു കിടത്തിയിരിക്കുന്നു. ആ ശോകാംബിക ദൈവത്തെ ശപിക്കുമെന്നു നിനക്കു സന്ദേഹമുണ്ടോ? ആ പീഡകളുടെ കാരണമെന്തെന്നു് അവിടുന്നു ചോദിക്കുമോ? മകൻ വേദനയോടുകൂടെ മരിക്കുന്നതു് ആ അമ്മ കണ്ടില്ലായിരുന്നുവെങ്കിൽ നമ്മൾ ഒരിക്കലും രക്ഷിക്കപ്പെടുകയില്ലായിരുന്നു. നമുക്കു രക്ഷാമാർഗ്ഗം ഇല്ലാതായേനെ.

---

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യങ്ങൾ സാധിച്ചതിനു് ഉപകാരസ്മരണ.

K. T. J.

---

പ്രിയമക്കളേ, ക്ഷമയോടുകൂടെ ദൈവേഷ്ടത്തിനു കീഴ്പ്പെട്ടു "ആമ്മേൻ" എന്നു പറയുവാൻ സാധിക്കാത്തവർക്കു വേണ്ടി നാം സർവ്വേശ്വരനോടു് പ്രത്യേകം പ്രാർത്ഥിക്കുന്നു. ദൈവത്തിന്റെ തിരുവിഷ്ടത്തേയും അവിടുത്തെ തിരുച്ചിത്തത്തേയും പ്രവൎത്തനങ്ങളേയും നിങ്ങൾ ഇടനും എതിർക്കാതിരിക്കുവാനും ക്ലേശങ്ങളുടെ കാസ ആവശ്യമെന്നു നിശ്ചയിച്ചു് അതു നിങ്ങൾക്കു് അയച്ചുതരുമ്പോഴും ദൈവത്തിന്റെ ദിവ്യമായ പിതൃത്വത്തെപ്പററി നിങ്ങൾക്കു ബോധ്യം വരുവാനുമായി ദൈവം തന്റെ പ്രകാശകിരണം നിങ്ങളുടെ ആത്മാവിൽ വീശണമെന്നു നാം പ്രാർത്ഥിക്കുകയാണു്.

പ്രിയമക്കളേ, എല്ലായ്പ്പോഴും ഇങ്ങനെയല്ല. വേദനയുടെ കീഴു് എല്ലായ്പ്പോഴും ആത്മാക്കൾ വിപ്ലവമുണ്ടാക്കുകയോ ശപിക്കുകയോ ചെയ്യുന്നില്ല. ദൈവാനുഗ്രഹത്താൽ അവിടുത്തെ തിരുച്ചിത്തത്തിനു് കീഴ്പ്പെട്ടിരിക്കുന്ന സന്തുഷ്ടവും പ്രശാന്തവുമായ ചില ആത്മാക്കൾ ഉണ്ടു്. ക്ലേശങ്ങളെ ക്ഷണിച്ചുവരുത്തുന്ന ആത്മാക്കളും കൂടിയുണ്ടു്. ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നും പ്രതാപസംയുക്തമായ വിശുദ്ധവത്സരത്തിൽ ധാരാളമായി നമ്മുടെ മക്കൾ നമ്മളെ സന്ദർശിച്ചപ്പോൾ ഒരാത്മാവിന്റെ കാര്യം പ്രത്യേകമായി നാം ഗ്രഹിച്ചു.

നമ്മുടെ കർത്താവിൽനിന്നു വളരെ സൗന്ദര്യവും നിഷ്കളങ്കതയും പ്രാപിച്ച വിനീതവംശജയായ ഒരു സ്ത്രീയുണ്ടായിരുന്നു. വയസ്സ് ഇരുപതു്. എല്ലാവർക്കും അവളോടു ഒരു താൽപര്യം തോന്നിയിരുന്നു. കാരണം നിഷ്കളങ്കജീവിതത്തിന്റെ സൗരഭ്യം അവളിൽനിന്നു വീശിയിരുന്നു. ഒരു ദിവസം അവൾക്കു തോന്നി താൻ ഒരുപാപകാരണമായേക്കാമെന്നു് ദിവ്യകാരുണ്യമനുഭവിച്ച ഉദാരമനസ്സോടുകൂടെ കർത്താവിനോടു അപേക്ഷിച്ചു തന്റെ സൗന്ദര്യവും ആരോഗ്യവുമെടുത്തു നീക്കുവാൻ. ദൈവം അവളുടെ പ്രാർത്ഥന ശ്രവിച്ചു; അവളുടെ കാഴ്ചയെ ആത്മരക്ഷയ്ക്കായി സ്വീകരിക്കുകയുംചെയ്തു. ദൈവനീതിയുടേയും സ്നേഹത്തിന്റേയും സിംഹാസനത്തിൻമുമ്പിൽ സജീവമായ ഒരു ജ്വാലപോലെ കത്തിയും എരിഞ്ഞും ഇന്നും അവൾ ജീവിച്ചിരിക്കുന്നുണ്ടെന്നു് നമുക്കു അറിയാം. അവൾ ശപിക്കുന്നില്ല; പിറുപിറുക്കുന്നില്ല; ഇതെന്തിനെന്നു് ദൈവത്തോടു ചോദിക്കുന്നുമില്ല. അവളുടെ അധരങ്ങളിൽ സദാ ഒരു മന്ദഹാസമുണ്ടു്. അവളുടെ ആത്മാവിൽ ശാശ്വതമായ സമാധാനവും സന്തോഷവും അവൾ ശേഖരിച്ചിരിക്കുന്നു. അവൾ എന്തിനാണു് ക്ലേശങ്ങൾ സ്വീകരിക്കുന്നതെന്നും അവയിൽ അവളെന്തുകൊണ്ടു് ആനന്ദം കണ്ടെത്തുന്നുവെന്നും എന്തിനാണു അവൾ ക്ലേശങ്ങളെ തേടിപ്പോയതെന്നും അവളോടു് ചോദിക്കേണ്ടതാണു്. മൂകബലിയായി തങ്ങളെത്തന്നെ സർവ്വേശ്വരനു് സമർപ്പിക്കുന്ന അനേകായിരം ആത്മാക്കളോടും അതേ ചോദ്യം തന്നെ ചോദിക്കുക.

പ്രിയ പുത്രന്മാരേ, പുത്രിമാരേ, രോഗംനിമിത്തം വലഞ്ഞതും ക്ഷീണിച്ചതും ഇരുൾനിറഞ്ഞതുമായ ദൃഷ്ടികൾക്കു പ്രപഞ്ചം മുഴുവനും ഒരു ചെറിയ മുറിക്കുള്ളിൽ ഒതുങ്ങിനില്ക്കുന്നതായി തോന്നുന്നെങ്കിൽ വിശ്വാസത്തിന്റെ പ്രകാശം അതിലേക്കു പ്രവേശിപ്പിക്കുക; തൽക്ഷണം ആ മുറി അപരിമിതമായി പ്രകാശിതമാകും. പീഡകൾ പീഡകൾക്കായിത്തന്നെ സഹിക്കുവാൻ വിശ്വാസം നമ്മളെ ഉൽബോധിപ്പിക്കുകയില്ല; രോഗങ്ങളെ പ്രശാന്തമായി സ്വീകരിച്ചാൽ എത്ര ഉൽകൃഷ്ടവും ഉന്നതവുമായ ഉദ്ദേശങ്ങൾ അവകൊണ്ടു സാധിക്കാമെന്നു വിശ്വാസംവഴി വിശദമായി നിനക്കു ഗ്രഹിക്കുവാൻ കഴിയും.

പരിഹാരം ചെയ്യുവാൻ ആവശ്യമായിരിക്കുന്ന പല പാപങ്ങൾ ഒരാൾക്കുണ്ടെന്നു് വിചാരിക്കുക; അല്ലെങ്കിൽ ആത്മാവിൽ ലഘുവായ കറയുണ്ടെന്നു് സങ്കല്പിക്കുക. പീഡകൾ അവനെ ശുദ്ധീകരിക്കും. ഒരിക്കൽ സുകൃതിനിയായിരുന്ന ഒരു സ്ത്രീയുണ്ടായിരുന്നു ഒരമ്മയും ഭാര്യയുമാകുവാൻ വേണ്ട മനക്കരുത്തു് അവൾക്കുണ്ടായിരുന്നില്ല. ജീവിതക്ലേശങ്ങൾ അവളുടെ ഹൃദയത്തെ മയപ്പെടുത്തുകയും വളരെ ശക്തി അവൾക്കു് നൽകുകയും ചെയ്തു.

നിങ്ങൾ പക്ഷേ രക്തസാക്ഷിത്വത്തെ കൊതിച്ചിട്ടുണ്ടായിരിക്കാം. ഈശോയ്ക്കുവേണ്ടി സഹിക്കുവാനുള്ള ഒരവസരം നിങ്ങൾക്കു ലഭിക്കുമെന്നും നിങ്ങൾ സ്വപ്നം കണ്ടിരിക്കാം. ദൈവത്തിനു നിങ്ങൾ നന്ദി പറയുവിൻ. രക്തം ചിന്തുന്നതുപോലെ അഥവാ ഒരുതരം രക്തസാക്ഷിത്വംപോലെയാണു് നിങ്ങളുടെ ശാരീരികവേദന. നിങ്ങൾക്കു് ഈശോയെപ്പോലെയാകണമോ? നിങ്ങൾക്കു് അവിടുന്നായിപ്പകരണമോ? അവിടുത്തേക്കുവേണ്ടി ജീവദായകമായ ഒരുറവയായിത്തിരുവാൻ നിങ്ങൾക്കു താൽപര്യമുണ്ടോ? രോഗത്തിൽ നിങ്ങൾ തറയ്ക്കപ്പെടേണ്ടതായ കുരിശു നിങ്ങൾക്കു് കാണാം. അങ്ങനെ നിങ്ങൾക്കായി നിങ്ങൾ മരിക്കുകയും അതു വഴി അവിടുന്നു ജീവിച്ചു നിങ്ങളെ അവിടുത്തെ ഉപകരണമാക്കിത്തീർക്കുകയും ചെയ്യും.

പ്രിയമക്കളേ, നിങ്ങളിൽ എത്രപേർക്കു് ആത്മാക്കളെ രക്ഷിക്കുന്നകാര്യത്തിൽ ഈശോയെ സഹായിക്കുവാൻ ആഗ്രഹമുണ്ടു്? അങ്ങനെ താൽപര്യമുണ്ടെങ്കിൽ അവിടുന്നു് ഏതെല്ലാം ഉദ്ദേശങ്ങൾക്കായി നമ്മുടെ ദേവാലയങ്ങളിലെ അൾത്താരകളിൽ ബലിയായി സമർപ്പിക്കപ്പെടുന്നുവോ, അവയ്ക്കെല്ലാം നിങ്ങളുടെ പീഡകളെ നിങ്ങൾ കാഴ്ചവയ്ക്കുവിൻ. ഈശോയുടെ ബലി നിങ്ങളുടേതോടുകൂടെ ചേരുമ്പോൾ ധാരാളംപാപികൾ പിതാവായ ദൈവത്തിലേക്കു് പ്രത്യാഗമിക്കും. വിശ്വാസമില്ലാത്തവർവിശ്വാസം കണ്ടെത്തും. ദുർബ്ബലരായ ക്രിസ്ത്യാനികൾ മിശിഹായുടെ ഉൽബോധനങ്ങളും പ്രമാണങ്ങളുമനുസരിച്ചു ജീവിക്കുവാൻ ശക്തി കണ്ടെത്തും. രക്ഷണകാര്യത്തിൽ ദൈവപരിപാലനയുടെ പ്രവൎത്തനങ്ങൾ സ്വർഗ്ഗത്തിൽ ആവിഷ്കൃതമാകുന്നദിവസം നിങ്ങൾക്കു് മനസ്സിലാകും ആരോഗ്യവാന്മാർ നിങ്ങളോടു് എത്രമാത്രം കടപ്പെട്ടിരിക്കുന്നുവെന്നു്.

പ്രിയപുത്രന്മാരേ, പുത്രിമാരേ, നാം നിങ്ങളിൽനിന്നു വിരമിക്കട്ടെ. ദുഃഖിതരുടെ സ്നേഹിതനായ ഈശോ നിങ്ങളുടെ കൂടെയും നിങ്ങളിലും ഇരിക്കുന്നതിനു നാം പ്രാർത്ഥിക്കുന്നു. നിങ്ങൾക്കു എത്രയും പ്രിയപ്പെട്ട അമലോത്ഭവകന്യകയോടു് പ്രാർത്ഥിക്കുന്നു, അവിടുത്തെ മന്ദഹാസംകൊണ്ടു് നിങ്ങളെ ആശ്വസിപ്പിക്കുവാനും അവിടുത്തെ മേലങ്കിയുടെ കീഴിൽ നിങ്ങളെ സംരക്ഷിക്കുവാനും."

ദൈവമാതാവിന്റെ ലുത്തനിയായിൽ നാം ചൊല്ലിക്കൊണ്ടിരിക്കുന്നതും ലൂർദ്ദിൽ എത്രയും സാധാരണയുമായ ഒരപേക്ഷയാണു്: "രോഗികളുടെ ആശ്വാസമേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ." ഈ മരിയൻവത്സരത്തിൽ രോഗികളിൽനിന്നു് ഈ അപേക്ഷധാരാളമായി ഉയരുന്നതോടൊപ്പം അവരുടെ വേദനകൾ ദൈവമാതാവിന്റെ തൃക്കരങ്ങൾ വഴി പാപികളുടെ മാനസാന്തരത്തിനും തിരുസ്സഭയുടെ വിജയത്തിനുമായി കാഴ്ചവയ്ക്കുന്നതു് എത്രയും ഉത്തമം. രോഗികളുടെ ആശ്വാസമായമറിയമേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ!

---

പ്രഹസനം

# ത്യാഗവേദി

(ദേവസ്യാ അഞ്ഞൂററിമംഗലം)

രംഗം പതിന്നാലു്

(കൊലക്കളം. കാതറൈനെ ഒരു സ്തംഭത്തോടു ചേർത്തു ബന്ധിച്ചിരിക്കുന്നു. ചുററും ചിത. ഒരു വശത്തു റൈററസും മറുവശത്തു് കത്തിച്ചപന്തവുമായി കൊലയാളിയും നിൽക്കുന്നു.)

റൈറ:-ഗർവ്വിഷ്ഠയായ കാതറൈൻ, നിന്റെ ജീവിതാന്ത്യം ഇതാ സമീപിച്ചുകഴിഞ്ഞു. ചക്രവൎത്തി തിരുമനസ്സിലെ പ്രതിപുരുഷനെന്ന നിലയിൽ അവസാനമായി ഒരവസരംകൂടി ഞാൻ നിനക്കുതരുന്നു. അതേ, ഒരു ക്രിസ്ത്യാനിക്കും ഇതുവരെ ലഭിക്കാത്ത ഒരാനുകൂല്യം തിരുമനസ്സിലെ പ്രത്യേകാനുമതിയോടുകൂടി നിനക്കനുവദിക്കുന്നു. ഇനിയെങ്കിലും നിന്റെ ദുഃശാഠ്യം അവസാനിപ്പിക്കുകയും, ചക്രവൎത്തിതിരുമേനിയേയും റോമ്മൻ മതത്തേയും അനുസരിക്കുകയും ചെയ്താൽ നീ വിമുക്തയാകുന്നതാണു്.

കാത:-സഹോദരാ, സർവ്വശക്തനായ ജഗദീശ്വരൻ നിങ്ങൾക്കു സുബുദ്ധി പ്രദാനംചെയ്യട്ടെ എന്നാണെന്റെ പ്രാർത്ഥന. സ്നേഹനാഥനായ ക്രിസ്തുവിനെ ഉപേക്ഷിച്ചു പിശാചിനെ പൂജിക്കുവാൻ ഞാൻ തയ്യാറില്ല. രക്തസാക്ഷിമകുടം ചൂടി ദിവ്യനാഥന്റെ സന്നിധാനത്തിലേക്കു് കുതിക്കുവാൻ എന്റെ ആത്മാവു് വെമ്പുന്നു. അതാ സ്വർഗ്ഗകവാടങ്ങൾ തുറക്കപ്പെടുന്നു. ഹാ! സ്വർഗ്ഗീയാനന്ദം! (വലേരിയസ് പ്രവേശിക്കുന്നു.)

റൈറ:-ദേവന്മാരെ, ഈ രാക്ഷസിയെ ആകാശത്തിൽ നിന്നു തന്നെ അഗ്നിയിറക്കി നിങ്ങൾതന്നെ ദഹിപ്പിക്കുവിൻ! (ആകാശത്തേക്കു് നോക്കിനിൽക്കുന്നു. വലേരിയസ്സും ഉൽകണ്ഠാപൂർവ്വം മുകളിലേക്കു് നോക്കുന്നു.)

വലേ:-ഒരു പക്ഷേ, ദേവന്മാർ ഉറങ്ങുകയാവാം. കുറേക്കൂടി ഉറക്കെവിളിച്ചാലോ.

റൈറ:-മഹാദേവന്മാരെ, ഈ കുലടയെ ദഹിപ്പിക്കുവിൻ.

വലേ:-വല്ലാത്ത ഉറക്കംതന്നെ. നല്ല സുഖമില്ലാതെ വിശ്രമിക്കയാണെന്നും വരാം.

റൈറ:- (കൊലയാളിയോടു്) നിങ്ങൾതന്നെ ചിതയ്ക്കു തീ കൊളുത്തുക. (ചിതയ്ക്കു തീ വയ്ക്കുന്നു. ചിതകത്തിത്തുടങ്ങുന്നു. പൊടുന്നനെ ഇടിമുഴക്കവും നവീനദീപ്തിവിശേഷങ്ങളുമുണ്ടാകുന്നു. എല്ലാവരും ഭയാക്രാന്തരായി പിൻമാറുന്നു.)

വലേ:-അയ്യോ! ലോകാവസാനം! ഒരു പുണ്യവതിയെ കൊന്നതിന്റെ ശിക്ഷ! ഹാ! (ഓടുന്നു.)

(കർട്ടൻ)

രംഗം പതിനഞ്ചു്

(തടവുമുറി. ജൂലിയാനയും റൈററസും നിൽക്കുന്നു.)

റൈറ-:മഹാരാജ്ഞി നിഷ്കണ്ടകനായ അവിടുത്തെ ഭർത്താവിൽനിന്നും യാതൊരുപദ്രവവും ഇനിയുണ്ടാവുമെന്നു് അവിടുന്നു ഭയപ്പെടേണ്ടതില്ല. ഒരിക്കലും മാറാത്ത ഭ്രാന്തു്: അതാണദ്ദേഹത്തെ ബാധിച്ചിരിക്കുന്നതു്. അങ്ങിനെ, റോമ്മൻരാജവംശത്തിന്റെ ഒടുവിലത്തെ അദ്ധ്യായവും അവസാനിക്കുവാൻ പോവുകയാണു്. എല്ലാം ഇനി എന്റെ ഹിതംപോലെ നടക്കും. നടന്നേ മതിയാകൂ.

ജൂലി:-ദുഷ്ടാ! നിങ്ങളാണദ്ദേഹത്തെ ഭ്രാന്തനാക്കിയതു്. നയവഞ്ചകനായി നിങ്ങളുടെ ദുഷ്പ്രേരണകൾക്കു വശംവദനായി അദ്ദേഹം ചെയ്തുപോയ പാപകർമ്മങ്ങൾ അദ്ദേഹത്തെ ഭ്രാന്തനാക്കി. നിങ്ങൾ അതിൽ ആനന്ദിക്കുന്നുണ്ടെന്നെനിക്കറിയാം. നീതിമാനായ ദൈവം നിങ്ങളെ വെറുതെ വിടുമെന്നു് വ്യാമോഹിക്കേണ്ടാ.

റൈറ:-ഹ-ഹ-ഹ! ദൈവം! നിങ്ങളുടെ ദൈവംപോലും പരാജയപ്പെട്ടിരിക്കുകയാണു്. രാജ്ഞി, ബുദ്ധിശൂന്യയാവാതെ. ചക്രവൎത്തിയെ ബാധിച്ചിരിക്കുന്ന രോഗം ഭേദമാകുവാൻ പോകുന്നില്ലെന്നു് വൈദ്യന്മാർ വിധിയെഴുതിക്കഴിഞ്ഞു. അഥവാ ഭേദമായാൽതന്നെ ഈ രാജ്യം ഭരിക്കുക അദ്ദേഹത്തിനിനി സാദ്ധ്യമല്ല. അനന്തരാവകാശികളുടെ അഭാവത്തിൽ എല്ലാ അധികാരങ്ങളും എന്നിൽ നിക്ഷിപ്തമായിക്കഴിഞ്ഞു. ഞാനാണിന്നു് റോമിലെ സർവ്വാധിപതി!

ജൂലി:-ഹാ! വഞ്ചനാ! പോകൂ എന്റെ കൺമുമ്പിൽനിന്നു്. നിങ്ങളെപ്പോലുള്ള ദ്രോഹികളെ കാണുന്നതുതന്നെ മഹാ പാപമാണു്. ഉം പോകൂ.

റൈറ:-ഹ-ഹ-ഹ! ഈ റൈററസ് ഇതുകൊണ്ടൊന്നും പിൻമാറുമെന്നു വ്യാമോഹിക്കേണ്ടാ. രാജ്ഞി, ഭവതി ഇന്നു് ഒരു വെറും തടവുകാരിമാത്രമാണു്. ചിറകൊടിഞ്ഞ വാനംപാടിയാണു്. സ്വഭർത്താവിനാൽപോലും പരിത്യക്തയായ അശരണ. ഒരു കാര്യം ഭവതിയെ അനുസ്മരിപ്പിക്കുവാൻ ഞാനാഗ്രഹിക്കുന്നു. ചക്രവൎത്തി ഭ്രാന്തനായതു് ഒരു തരത്തിൽ പറഞ്ഞാൽ ഭവതിയെ സംബന്ധിച്ചിടത്തോളം വലിയ അനുഗ്രഹമായിപ്പോയി. അദ്ദേഹം ഇനിയൊരിക്കലും ഭവതിയെ സ്വീകരിക്കുമായിരുന്നില്ല:



കുഞ്ഞുമക്കൾക്കു നൽകപ്പെടുന്ന പരിശീലനത്തിന്റെ പ്രാധാന്യം നാം മനസ്സിലാക്കിവരുകയാണ്. ഇന്നു കേരളീയകത്തോലിക്കാ യുവജനങ്ങളിൽ ഒരു വിഭാഗം ക്രിസ്തുവിന്റെ സനാതനങ്ങളായ തത്വസംഹിതകളുടെ സംരക്ഷണത്തിനുവേണ്ടി എല്ലാ ത്യാഗവും സഹിക്കുവാൻ തയ്യാറായി മുമ്പോട്ടുവരുന്നു. സ്നേഹരാജനായ ക്രിസ്തുവിന്റെയും അവിടുത്തെ സഭയുടെയും പ്രബോധനങ്ങൾ സാമൂഹികജീവിതത്തിൽ പ്രായോഗികമാക്കുവാൻ ശ്രമിച്ചുകൊണ്ട് അവർ നിരീശ്വരപ്രസ്ഥാനങ്ങൾക്കെതിരായി ഒരു സന്ധിയില്ലാസമരം നടത്തുന്നു. വിദേശമിഷ്യനറിമാർക്കെതിരായി ആഭ്യന്തരമന്ത്രി ചെയ്ത പ്രസ്താവനകളെ ഒരു വെല്ലുവിളിയായി സ്വീകരിച്ചുകൊണ്ട് ക്രിസ്തുവിന്റെ സ്നേഹസാമ്രാജ്യത്തെ ഭാരതത്തി

---

ജൂലി:- അതു തീരുമാനിക്കേണ്ടതു നീങ്ങളല്ല.

റൈററ:- ഈ റൈററസിനെ ആരും തടയുകയില്ല. ഈ രാജ്യത്തുള്ള ഒരു കുഞ്ഞുപോലും എനിക്കെതിരായി ഒരക്ഷരം ഉരിയാടുകയില്ല.

ജൂലി:- ഇഷ്ടം, എനിക്കിനി ഒന്നോ ലേശം ഭയമില്ല. പോകു എന്റെ കൺമുമ്പിൽനിന്നു.

റൈററ:- പോകുന്നില്ലെങ്കിൽ?

വലേ:- (സസംഭ്രമം) "ആപത്തു്. ഭയങ്കരമായ ആപത്തു്."

റൈററ:- (ഞെട്ടിത്തിരിഞ്ഞു്) ഉം, എന്തു സംഭവിച്ചു?

വലേ:- അതാ ശത്രുക്കൾ നമ്മെ സമീപിച്ചുകഴിഞ്ഞു, നമ്മുടെ പട്ടണങ്ങൾ ഒന്നൊന്നായി അവർ കൈയടക്കി. അതാ കാഹളം മുഴങ്ങുന്നു.

റൈററ:- എന്തു്; നമ്മുടെ ഭടന്മാർ പരാജിതരായെന്നോ!

വലേ:- അതേ, അതിർത്തിയിലെ കാവൽഭടന്മാർ പിൻതിരിഞ്ഞോടി. ശത്രുക്കൾ കൂട്ടംകൂട്ടമായി ഒരെതിർപ്പുമില്ലാതെ മുന്നേറുന്നു.

റൈററ:- നമ്മുടെ മുന്നണിസേനകൾ എന്തുചെയ്യുന്നു?

വലേ:- അവർ നഗരാതിർത്തിയിൽ തയ്യാറായി നിൽക്കുന്നു.

റൈററ:- അപ്രതീക്ഷിതം! അപ്രതീക്ഷിതം! നാം പരാജയപ്പെടുകയോ! ഇല്ല. ശത്രുവിനെ ഒന്നാകെ നശിപ്പിക്കാതെ നാമടങ്ങുകയില്ല. (കുതിച്ചോടുന്നു.)

വലേ:- മഹാരാജ്ഞി, അവിടുന്നുടനേ പുറപ്പെടണം. പ്രബലനായ ലിസിനിയസിന്റെ സൈന്യങ്ങളെ തടഞ്ഞുനിറുത്തുവാൻ ഇന്നു റോമിനു് ശക്തിയില്ല. നമുക്കെവിടെയെങ്കിലും പോയി രക്ഷപെടാം.

ജൂലി:- ഒളിച്ചോടുകയോ! കുറച്ചിൽ. നമുക്കും മാതൃരാജ്യത്തിനുവേണ്ടി പോരാടിമരിക്കാം.

വലേ:- കുലംകുത്തിപ്പായുന്ന നദിജലപ്രവാഹത്തെ ഒരു മൺചിറകെട്ടി തടഞ്ഞുനിറുത്തുക സാദ്ധ്യമല്ല, തിരുമേനി. ഈനിലയിൽ നാം തികച്ചും നിസ്സഹായരാണ്. വരണം. നമുക്കു ആലോചിച്ചു വേണ്ടതു ചെയ്യാം.

(ഇരുവരും പോകുവാൻ ഭാവിക്കുന്നു.)

കർട്ടൻ (തുടരും)

# "കുഞ്ഞുങ്ങൾക്കൊരു സംഘടന"

(കെ. ററി. സെബാസ്റ്റ്യൻ എം. എ.)


പ്രലക്ഷക്കണക്കിനുള്ള അനാഗതരുടെ ഹൃദയങ്ങളിലേക്കു് വ്യാപിപ്പിക്കുവാൻ അവർ അക്ഷമരായി കാത്തുനില്ക്കുന്നു.

എന്നാൽ ഇതിനൊരു മറുവശം ഉണ്ടു്. നിർമ്മതനിരീശ്വരപ്രസ്ഥാനങ്ങൾക്കു് നേതൃത്വം നൽകുന്നവരിലും ഒരു നല്ല പങ്കു് സഭാമാതാവിന്റെ സന്താനങ്ങൾ തന്നെയാണു്—അതേ കത്തോലിക്കാ മാതാപിതാക്കന്മാരിൽനിന്നു ജനിച്ചു കത്തോലിക്കാ വിദ്യാലയങ്ങളിൽ അദ്ധ്യയനം നടത്തിയിട്ടുള്ളവർ! ഇന്നു് ഇങ്ങനെയുള്ള ആളുകളാണു് അകത്തോലിക്കരായ സഭാവിരോധികളേക്കാൾ സഭയ്ക്കു് കൂടുതൽ ഉപദ്രവം ചെയ്തുകൊണ്ടിരിക്കുന്നതു്. അവർ സഭയുടെ പഠനങ്ങൾക്കു് അബദ്ധപൂർണ്ണമായ വ്യാഖ്യാനങ്ങൾ നൽകുന്നു. പുരോഹിതന്മാരെ സംബന്ധിച്ചു് അപവാദങ്ങൾ പറഞ്ഞുപരത്തുന്നു. "കത്തോലിക്കർ" തന്നെയല്ലേ പറയുന്നതു്, മററുള്ളവർ എങ്ങനെ വിശ്വസിക്കാതിരിക്കും!

---

3–ാം ചരമവാർഷികം

11-11-54



ചാതുരു് ചാണ്ടി വാറു ഔസേഫ്

'കൊരട്ടേക്കാട്ട്'

ദയാപരനായ ഈശോ, ഈ ആളുടെ ആത്മാവിനു് നിത്യാശ്വാസം കൊടുത്തരുളേണമെ.

By His Loving Son
C. O. Kunjippalu

---

എന്നാൽ ഇതിലും ശോചനീയമായിട്ടുള്ളതു് മതകാര്യങ്ങളിൽ നമ്മുടെ യുവജനങ്ങളിൽ പലരേയും ബാധിച്ചിട്ടുള്ള അനാസ്ഥയാകുന്നു. മതതത്വങ്ങൾ അനുദിനജീവിതത്തിൽ പ്രായോഗികമാക്കുന്നതിനു് അവരിൽ ഭൂരിപക്ഷവും വലിയ താല്പര്യമെന്നും കാണിക്കുന്നില്ല.

ഭൂതകാലത്തു് മതകാര്യങ്ങളിൽ നമ്മെ ബാധിച്ചിരുന്ന മാന്ദ്യവും നമുക്കു് ഒരു വലിയ ശാപമായിത്തീർന്നിരിക്കുന്ന റീത്തുവഴക്കുകളും നിമിത്തമാണു് കേരളകത്തോലിക്കാസഭാതരു ഈ അടുത്തകാലംവരെയും മുരടിച്ചുനില്ക്കുവാൻ ഇടയായിട്ടുള്ളതു്. സാഹചര്യങ്ങളുടെ സമ്മർദ്ദംകൊണ്ടും കുറേപ്പേരുടെ ബുദ്ധിപൂർവ്വകമായ നേതൃത്വംകൊണ്ടും സ്ഥിതിഗതികൾ ഭേദപ്പെടുവാൻ ഇടയായിട്ടുണ്ടു്. വളരെ ശോഭനമായ ഒരു ഭാവിക്കുവേണ്ടി നാം കാത്തിരിക്കുകയും ചെയ്യുന്നു.

## 'നാളെ'യുടെ ശില്പികൾ

ഭാവി വളരെ അപകടം പിടിച്ചതാണു്. നിരീശ്വരനിർമ്മതപരങ്ങളായ ആശയങ്ങൾ പാശ്ചാത്യരാജ്യങ്ങളിൽനിന്നു പൊതുവിലും കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിൽനിന്നു പ്രത്യേകമായും നമ്മുടെ നാട്ടിലേക്കു പ്രവഹിച്ചുകൊണ്ടിരിക്കുന്നു. സാന്മാർഗ്ഗികമൂല്യങ്ങളെ പുനഃപരിശോധന ചെയ്യണമെന്നു് വാദിക്കുന്നവർ ഈശ്വരാസ്തികൃത്തെതന്നെ നിഷേധിച്ചുതുടങ്ങിയിരിക്കുന്നു. ഈശ്വരാസ്തികൃത്തെ നിഷേധിക്കുന്നവർക്കു് ശാശ്വതമൂല്യങ്ങളെ നിഷേധിക്കുക എളുപ്പമാണല്ലോ. പരിഷ്കാരത്തിന്റെയും പുരോഗമനത്തിന്റെയും പേരിൽ ഹീനങ്ങളായ "പദ്ധതി"കൾക്കു് മഹാന്മാരായ നമ്മുടെ നേതാക്കന്മാർപോലും കൂട്ടുനില്ക്കുകയാണു്. സാന്മാർഗ്ഗികനിയമങ്ങളെ മുറുകെപ്പിടിക്കുന്ന കത്തോലിക്കാസഭ "പുരോഗമനകാർക്കു്" മുത്തശ്ശിയാണു്. പദ്ധതികളുടെ തിക്തഫലങ്ങൾ അനുഭവിക്കുന്നതുവരെ ഈ നയം തുടർന്നേക്കാവുന്നതാണു്. സമാപാനങ്ങളുടെ വൈശിഷ്ട്യം വൈകിമാത്രമാണു് പലരും മനസ്സിലാക്കുന്നതു്. ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ സാന്മാർഗ്ഗികമൂല്യങ്ങളെ മുറുകെപ്പിടിച്ചുകൊണ്ടു് സുധീരം മുന്നേറുവാൻ കെല്പുള്ള യുവജനങ്ങളെയാണു് നാളത്തെ ഭാരതത്തിനു് ആവശ്യം. നമ്മുടെ നാടിന്റെ ഐശ്വര്യത്തിനും സഭയുടെ വളർച്ചയ്ക്കും അതു കൂടിയേ തീരൂ. ഈ വിഷയത്തിൽ കത്തോലിക്കാഭാരതം മുഴുവൻ തീക്ഷ്ണതയോടെ നോക്കിക്കൊണ്ടിരിക്കുന്നതു് കേരളകത്തോലിക്കാസഭയെ തന്നെയാണു്. കഴിഞ്ഞ നൂററാണ്ടുകളിൽ നാം കാണിച്ചു അക്ഷന്തവ്യമായ കൃത്യവിലോപത്തിനു് ഇന്നു നാം പ്രായശ്ചിത്തം ചെയ്യേണ്ടതായിട്ടാണിരിക്കുന്നതു്.

"നാളെ"യുടെ ശില്പികൾ ഇന്നത്തെ നമ്മുടെ കുഞ്ഞുമക്കളാണെന്നുള്ള വസ്തുത നാം വിസ്മരിക്കരുതു്. നല്ലൊരു "നാളെ"ക്കുവേണ്ടി നാം അവരെ ഇപ്പോൾ പരിശീലിപ്പിക്കുക. വളരെ ഗൗരവാവഹമായ ഈ ഉത്തരവാദിത്വത്തിൽനിന്നും നമുക്കു് ഒഴിഞ്ഞുമാറുക സാദ്ധ്യമല്ല. കുഞ്ഞുമക്കൾക്കു് മതാനുഷ്ഠാനങ്ങളിൽ താല്പര്യം ഉണ്ടാക്കിക്കൊടുക്കുന്നില്ലെങ്കിൽ, മതകാര്യങ്ങളിലുള്ള അവരുടെ അറിവു് വർദ്ധിപ്പിക്കുന്നില്ലെങ്കിൽ, ഉത്തരവാദബോധം അവരുടെ ഹൃദയങ്ങളിൽ മൊട്ടിട്ടുവളരുവാൻ നാം ശ്രമിക്കുന്നില്ലെങ്കിൽ നല്ലൊരു "നാളെ"ക്കുവേണ്ടി നാം കാത്തിരിക്കുന്നതു് വൃഥാവിചാരമായിത്തീരും.

## കുഞ്ഞുങ്ങൾക്കും വേണം സംഘടനകൾ

ഇതു് സംഘടിതമായ പ്രവർത്തനത്തിന്റെ കാലമാണല്ലോ. സംഘടിതമായ പ്രവർത്തനങ്ങളിൽ കുട്ടികൾക്കു് പരിശീലനം ലഭിക്കുകയെന്നതു പലതുകൊണ്ടും നല്ലതാണു്. അതു് അവരിൽ സാമൂഹികബോധം ഉളവാക്കുന്നു. കൂടുതൽ വിശാലമായ ഒരു വീക്ഷണഗതി ഉണ്ടാകുന്നതിനു് അതു് അവരെ സഹായിക്കുന്നു. സ്വന്തം പോരായ്മകൾ മനസ്സിലാക്കുന്നതിനും അവയെ പരിഹരിക്കുന്നതിനുള്ള ഉത്തേജനം ലഭിക്കുന്നതിനും ഇതു് കാരണമായിത്തീരുന്നു; മററുള്ളവരുമായി ഇടപെടാതെ മാറി കഴിഞ്ഞുകൂടുന്ന കുട്ടികൾ ഭാവിയിൽ അഹങ്കാരികളും ദുശ്ശാഠ്യക്കാരുമായി തീർന്നേക്കാവുന്നതാണു്. കുട്ടികളിൽ മതകാര്യങ്ങളിൽ തീക്ഷ്ണതയുളവാക്കുവാനുള്ള എളുപ്പമാർഗ്ഗം അവരെ ഏതെങ്കിലും ഒരു ഭക്തസംഘടനയിൽ ഉൾപ്പെടുത്തുകയെന്നുള്ളതത്രെ.

മരിയസഖ്യം മിഷ്യൻലീഗു് എന്നിവയ്ക്കു് ഈ അടുത്തകാലത്തു് കേരളക്കരയിൽ നല്ല പ്രചാരം സിദ്ധിച്ചിട്ടുണ്ടു്. ഇവ രണ്ടും കുട്ടികളെ വളരെയധികം ആകർഷിച്ചുകൊണ്ടിരിക്കുന്ന സംഘടനകളാകുന്നു. ശരിയായവിധം പ്രവർത്തനം നടത്തുന്ന മരിയസഖ്യത്തിലെ അംഗങ്ങൾക്കു് മതാനുഷ്ഠാനങ്ങളിലുള്ള താല്പര്യം വർദ്ധിച്ചുതന്നെ വരുന്നതാണു്. സൃഷ്ടികളിൽ ഏററവും പരിപൂർണ്ണയായിരിക്കുന്ന പരി. കന്യാമറിയത്തിനോടുള്ള ഉററസമ്പർക്കവും വിശ്വസ്തതയുമത്രേ മരിയസഖ്യാംഗങ്ങളുടെ ആദ്ധ്യാത്മികചൈതന്യത്തിന്റെ ഉത്ഭവസ്ഥാനം. കത്തോലിക്കാ പ്രവർത്തനം പ്രധാനമായും ഒരു പ്രവൃത്തിരംഗമാണെങ്കിൽ മരിയസഖ്യം ഒരു പരിശീലനകേന്ദ്രമത്രെ. മരിയസഖ്യത്തിൽനിന്നും പരിശീലനം ലഭിച്ചിട്ടുള്ള ബാലികാബാലന്മാരത്രെ കത്തോലിക്കാ പ്രവർത്തനത്തിലെ മുന്നണിഘടകങ്ങളെന്നു കരുതപ്പെടാവുന്ന സെൻറു് വിൻസെൻറു ഡി പോൾ സഖ്യം, ലിജിയൻ ഓഫ് മേരി മുതലായ സംഘടനകളിൽ അംഗങ്ങളായി ചേരുന്നതു്. ആത്മവിശുദ്ധീകരണത്തിനു് ഏററവും സഹായകരമായ ഈ സംഘടനയിലെ അംഗത്വം കുട്ടിക്കാലത്തേക്കു് മാത്രമായിരിക്കരുതു്. ആയുഷ്കാലം മുഴുവൻ അതു് തുടരേണ്ടതാണു്.

അടുത്തതായി മിഷൻ ലീഗിന്റെ കാര്യം നോക്കാം. ഇന്നു കേരളക്കരയിൽ മിഷൻകാര്യങ്ങളിൽ കൂടുതൽ പ്രബുദ്ധതകാണുന്നതു് കുട്ടികളുടെ ഇടയിലാണു്. ചെറുപുഷ്പമിഷ്യൻലീഗു് കുട്ടികളെ വളരെയധികം ആകർഷിച്ചിരിക്കുകയാണു്. ആത്മവിശുദ്ധീകരണത്തിനും പരിത്യാഗപ്രവർത്തനങ്ങൾക്കും സുകൃതാഭ്യാസങ്ങൾക്കും ധാരാളം അവസരം നൽകുന്നതിനു പുറമേ മതപ്രചരണവിഷയത്തിൽ നമുക്കുണ്ടായിരിക്കേണ്ട ഉത്തരവാദിത്വബോധം ബാലമനസ്സുകളിൽ ഉണ്ടായി വളർന്നുവരുവാൻ അതു സഹായിക്കുന്നു.

എന്നാൽ കുഞ്ഞുങ്ങൾക്കുവേണ്ടിമാത്രമുള്ള സംഘടനകൾ സ്ഥാപിച്ചുനടത്തുവാൻ നാം വേണ്ടത്ര ഉത്സാഹം കാണിക്കാതെയാണു് ഇരിക്കുന്നതു്. ദിവ്യകാരുണ്യബാലസൈന്യം (C. E. C.) പൊന്തിഫിക്കൽ തിരുബാലസഖ്യം എന്നിവ കുഞ്ഞുങ്ങൾക്കു മാത്രമായുള്ള സംഘടനകളാണു്. ദിവ്യകാരുണ്യബാലസൈനികരുടെ സംഘടന ചുരുക്കം ചില ഇടവകകളിൽ വളരെ ഭംഗിയായി നടക്കുന്നുണ്ടു്. ബ്രിട്ടീഷ് കൊച്ചിയിൽ ജപമാലറാണിയുടെ തിരുനാൾദിവസം നടത്തപ്പെടാറുള്ള പ്രദക്ഷിണത്തിൽ പരശതം കുരിശുയോദ്ധാക്കൾ പരി. കന്യകയുടെ തിരുസ്വരൂപത്തിനു അകമ്പടി സേവിച്ചുകൊണ്ടു് മുന്നോട്ടു നീങ്ങുന്നതു് ആരെയും പുളകിതഗാത്രരാക്കുന്ന ഒരു കാഴ്ചയത്രെ.


## തിരുബാലസഖ്യം

ദിവ്യ ഉണ്ണിയുടെ കൊടിക്കീഴിലും മാർപ്പാപ്പാ തിരുമനസ്സിലെ രക്ഷാധികാരത്തിലും നടത്തപ്പെടുന്ന ഒരു പൊന്തിഫിക്കൽ സംഘടനയാകുന്നു ഇതു്. കുഞ്ഞുങ്ങളിൽ ആദ്ധ്യാത്മികത്വവും മിഷൻ ചൈതന്യവും വളർത്തുന്നതിനു് ഇതിലെ അംഗത്വം വളരെ സഹായിക്കുന്നതാണു്. ഈ സംഘടനയും നമ്മുടെ ഇടവകകളിൽ പ്രചാരമായിട്ടില്ല. ഇപ്പോൾ ആലപ്പുഴയുള്ള സെൻറു് ജോർജ് ദേവാലയത്തിലും ചങ്ങനാശ്ശേരി കത്തീഡ്രൽ ദേവാലയത്തിലും തിരുബാലസഖ്യം ഊർജ്ജിതമായി പ്രവർത്തിക്കുന്നുണ്ടു്. ഈ സംഘടനയുടെ പ്രചാരണവിഷയത്തിൽ ഇന്നു കാര്യമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതു് "എന്റെ മിത്രം" വഴിയും മററും ബാലികാബാലന്മാർക്കു ഇതിനകം സുപരിചിതനായിത്തീർന്നിരിക്കുന്ന ബ. മത്യു നടയ്ക്കൽ അവർകളാണു്. ഒരു ഇടവകയിലെ ബാലികാബാലന്മാരെ ഈ സംഘടനയുടെ കീഴിൽ ഒന്നിച്ചുകൂട്ടുവാൻ അദ്ദേഹം സ്വീകരിക്കുന്ന പരിപാടി ഞാൻ ഇവിടെ ചുരുക്കമായി വിവരിക്കാം. അദ്ദേഹം ആദ്യമായിത്തന്നെ ഇടവകയിലുള്ള പ്രൈമറിസ്കൂളുകളിലുള്ള കുഞ്ഞുങ്ങളുമായി സമ്പർക്കത്തിലേർപ്പെടുന്നു. അടുത്തതായി അദ്ദേഹം ആഴ്ചയിലൊരു നിശ്ചിതദിവസം ബാലദിനമായി നിശ്ചയിക്കുന്നു. അന്നു അവർക്കുവേണ്ടി പ്രത്യേകം ദിവ്യബലി അർപ്പിക്കുന്നു; ദിവ്യബലിയുടെ ഒജ്ജമ കുട്ടികളെക്കൊണ്ടുതന്നെ ചൊല്ലിക്കുന്നു. ഇടയ്ക്കിടെ പാട്ടുകളും മററുമുള്ളതുകൊണ്ടും പുരോഹിതൻ അർപ്പിക്കുന്ന ബലിയുടെ സാരം കുർബാനയുടെ ഒജ്ജമയിൽനിന്നും മനസ്സിലാക്കാവുന്നതുകൊണ്ടും പ്രതിവാരം അർപ്പിക്കപ്പെടുന്ന കുട്ടികളുടെ ഈ ദിവ്യബലി ഭക്തിനിർഭരമായിത്തന്നെ നടക്കുന്നു. ക്രമേണ അദ്ദേഹം കുട്ടികളെ തിരുബാലസഖ്യത്തിൽ അംഗങ്ങളായി ചേർക്കുന്നു. ദിവ്യബലിക്കുശേഷം അദ്ദേഹം ആചാരമര്യാദകളുൾപ്പെടെയുള്ള പല നല്ല കാര്യങ്ങളും കുട്ടികളുടെ ഭാഷയിൽ പറഞ്ഞു മനസ്സിലാക്കിക്കൊടുക്കുന്നു. ആഴ്ചയിലെ ഏററവും പ്രധാന പരിപാടി കുട്ടികൾക്കുവേണ്ടിയുള്ള ദിവ്യബലിതന്നെ. ചടങ്ങുകളെല്ലാംകൂടി ഒരു മണിക്കൂറിലധികം ദീർഘിക്കുകയില്ല. ശേഷമുണ്ടു കഴിഞ്ഞ കുട്ടികൾ ഒന്നിച്ചുകൂടി ദിവ്യബലിയിൽ സംബന്ധിക്കുകയും ലോകമെങ്ങുമുള്ള ഇതരബാലികാബാലന്മാരുടെ മാനസാന്തരത്തിനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്ന കാഴ്ച ആരേയും ആനന്ദഭരിതരാക്കുന്നതാണു്.

---

"ഉപവിയുടെ സഹോദരിമാർ" എന്ന സന്യാസിനിസംഘത്തിൽ ചേർന്നു ഡാമിയൻ ഇൻസ്റ്റിററ്യൂട്ടിലെ കുഷ്ഠരോഗികളെ ശുശ്രൂഷിക്കുവാൻ തയ്യാറുള്ള ഏതാനും യുവതികളെ ആവശ്യമുണ്ടു്. ചുരുങ്ങിയപക്ഷം സ്കൂൾഫൈനൽ പാസായിരിക്കുകയും നല്ല ആരോഗ്യം, സേവനസന്നദ്ധത, സന്തോഷപ്രകൃതി മുതലായവ ഉണ്ടായിരിക്കുകയും ചെയ്യുന്ന യുവതികൾക്കു് അപേക്ഷിക്കാവുന്നതാണു്. കൂടുതൽ വിവരങ്ങൾക്കു എഴുതി ചോദിക്കുക.

ഡയറക്ടർ, ഡാമിയൻ ഇൻസ്റ്റിററ്യൂട്ട്
കൊഴുക്കുള്ളി പോസ്റ്റ്, തൃശൂർ, ടി. സി. സ്റ്റേററ്



വിവിധ ഡോക്ടർമാരും,
ത്വക്‌രോഗവിദഗ്ദ്ധന്മാരും
പരിശോധിച്ച്
ഏററവും
ഫലപ്രദമെന്നു
ശുപാർശചെയ്തിട്ടുള്ളത്.
എല്ലാ പ്രധാന
കടകളിലും കിട്ടും


കേരളക്കരയിലുള്ള ഓരോ ഇടവകയിലേയും കത്തോലിക്കാ ബാലികാബാലന്മാരെ തിരുബാലസഖ്യത്തിലോ അതുപോലെയുള്ള മറേറതെങ്കിലും സഖ്യത്തിലോ ചേർത്തു് അവർക്കുവേണ്ടി പ്രത്യേക പരിപാടികൾ ആസൂത്രണം ചെയ്യുന്നതു വളരെ പ്രയോജനകരമായിരിക്കും. ഇന്നത്തെ സാഹചര്യങ്ങളിൽ ഇതു് ഏററവും ആവശ്യമാകുന്നു. ബ. കന്യാസ്ത്രീകൾക്കും ബാലശിക്ഷണത്തിൽ താല്പര്യമുള്ള മററുള്ളവർക്കും ഈ വിഷയത്തിൽ ഇടവകവൈദികനെ വളരെയധികം സഹായിക്കുവാൻ കഴിയും.

### ബാലദിനം

കേരളത്തിലുള്ള കത്തോലിക്കാ ഇടവകകളിൽ ഇനിയും ഉണ്ടാകേണ്ട മറെറാരു പരിപാടിയത്രെ "ബാലദിനം". ആണ്ടിൽ ഏതെങ്കിലുമൊരു ദിവസം (സൗകര്യമെങ്കിൽ ഞായറാഴ്ച) ബാലദിനമായി ആഘോഷിക്കുകയെന്നതു് ഏററവും ഉചിതമാകുന്നു. ഇന്നത്തെ ബാലൻ നാളത്തെ പൗരൻ എന്ന തത്വം എല്ലാവരെയും അനുസ്മരിപ്പിക്കുന്നതിനും, ബാലികാബാലന്മാർക്കു തങ്ങളുടെ കർത്തവ്യങ്ങളെക്കുറിച്ചും, മാതാപിതാക്കന്മാർക്കു അവരുടെ ഉത്തരവാദിത്വത്തെക്കുറിച്ചും കൂടുതൽ ബോധമുണ്ടാകുന്നതിനും ഇങ്ങനെയുള്ള ഒരു പരിപാടി സഹായകമായിരിക്കും. ബാലദിനം കുഞ്ഞുങ്ങൾക്കു ആനന്ദപ്രദവും ആകർഷകവുമാക്കാൻ ഇടവകജനങ്ങൾ എല്ലാവരും സഹകരിക്കുമെന്നുള്ളതിനു യാതൊരു സംശയവുമില്ല. കായികമത്സരം, അഭിനയമത്സരം, ഛായസല്ക്കാരം, വിനോദയാത്ര മുതലായവ എല്ലാം അന്നത്തെ പരിപാടികളിൽ ഉൾപ്പെടുത്താവുന്നതാണ്. അന്നേദിവസം ഒരു പൊതുയോഗം കൂടുന്നതും, വേദപാഠപരീക്ഷയിലും മററുമത്സരങ്ങളിലും വിജയികളാകുന്നവർക്കു സമ്മാനം നൽകുന്നതും ഏററവും ഉചിതമായിരിക്കും.

### ബാലസാഹിത്യം

നമുക്കുള്ള മറെറാരു ന്യൂനതയത്രെ കുട്ടികൾക്കുവേണ്ടി, കുട്ടികളുടെ ഭാഷയിൽ എഴുതപ്പെട്ടിട്ടുള്ള



അപേക്ഷ സാധിച്ചതിനു് ഉപകാരസ്മരണ.

By
Mrs. J. P. M. Vithayathil

മതപരമായ ഗ്രന്ഥങ്ങൾ ഇല്ലായെന്നുള്ളതു്. ഇങ്ങനെയുള്ള ചെറുപുസ്തകങ്ങൾ വായിച്ചിട്ടുവേണം മററുതുപോലെയുള്ള പുസ്തകങ്ങൾ വായിക്കുന്നതിൽ അവർക്കു താല്പര്യം ഉണ്ടാകുവാൻ. പഴയനിയമത്തിലും, പുതിയ നിയമത്തിലുമുള്ള കഥകൾ വർണ്ണചിത്രങ്ങളോടുകൂടി എത്ര ആകർഷകമായ രീതിയിലാണ് മററു ഭാഷകളിൽ തയ്യാറാക്കിട്ടുള്ളതു്. അങ്ങനെയുള്ള പുസ്തകങ്ങൾ നമ്മുടെ ഭാഷയിലും ഉണ്ടാക്കുവാൻ വലിയ വിഷമമൊന്നും ഇല്ല. ഇതുപോലെ തന്നെ പ്രാധാന്യം അർഹിക്കുന്ന മറെറാരു കാര്യമത്രെ നമ്മുടെ ബാലികാബാലന്മാർക്കു ആചാരമര്യാദകളിൽ വേണ്ടത്ര പരിജ്ഞാനം നൽകുകയെന്നതു്. ഈ വിഷയത്തിലും നല്ലനല്ല ചെറുഗ്രന്ഥങ്ങൾ ധാരാളമായി ഉണ്ടാകേണ്ടതായിട്ടാണ് ഇരിക്കുന്നതു്. സർവ്വശോഭനമായ ഒരു ഭാവി നമ്മുടെ മാതൃരാജ്യത്തിലുണ്ടായി കാണുവാൻ ആത്മാർത്ഥമായിട്ടാഗ്രഹിക്കുന്നവർ തങ്ങളുടെ പരിപാടികൾ തയ്യാറാക്കുമ്പോൾ ഈ വസ്തുതകൾകൂടെ പരിഗണിക്കുന്നതു ഉപകാരപ്രദമായിരിക്കും.

# മരിയവത്സരമഞ്ജരി

## സുമം 44

നമ്മുടെ രക്ഷയുടെ പുതിയ വ്യവസ്ഥിതിയിൽ മാത്രമല്ല, തിരുസഭയുടെ ജീവിതത്തിലും ഏററം പ്രമുഖമായ പുണ്യം കന്യാത്വമാണ്. ഈ പുണ്യത്തിന്റെ മഹോന്നതസ്ഥാനത്തെപ്പററിയും കന്യകകളിൽ കന്യകയായ പരിശുദ്ധ മറിയം എങ്ങനെ അതിന്റെ ഉത്തമാദർശമായി പരിലസിക്കുന്നു എന്നും മുന്നൊരപദാനത്തിൽ നാം കാണുകയുണ്ടായി. തിരുസഭാസന്താനങ്ങളിൽ ഈ വിമലപു



ണ്യത്തിനുള്ള അനന്യമായ സ്ഥാനമാഹാത്മ്യത്തെക്കുറിച്ചു ഇതിൽ നമുക്കു പരിചിന്തിക്കാം. ദാമ്പത്യജീവിതത്തിൽപോലും എല്ലാ മനുഷ്യരും പരിപാലിക്കേണ്ട ജീവിതശുദ്ധതയല്ല ഇവിടത്തെ പ്രതിപാദ്യം; പ്രത്യുത, സ്വതന്ത്രമായി തിരഞ്ഞെടുത്തതും ദൈവത്തിനു പരിപൂർണ്ണമായി പ്രതിഷ്ഠിക്കപ്പെട്ടതുമായ കന്യാത്വമാണ് മാനവവംശത്തേയും ലോകത്തെതന്നെയും മഹത്വപ്പെടുത്തുന്ന ആ വിശിഷ്ടപുണ്യം. കന്യകകളുടെ രാജ്ഞിയായ മറിയത്തിൽ അതിന്റെ ആദർശം പരിലസിക്കുകയാണ്.

### കന്യാത്വത്തിന്റെ സ്വഭാവം

പഴയ നിയമത്തിൽ ജീവിതവിശുദ്ധി ഒരുതരത്തിൽ പുരോഹിതന്മാരിൽനിന്നു ദൈവം ആവശ്യപ്പെട്ടിരുന്നു. അതിനുള്ള പ്രത്യേകനിയമങ്ങളും അവർക്കുണ്ടായിരുന്നു. എന്നാൽ പുതിയ നിയമത്തിലാണ് കന്യാത്വമെന്ന മോഹനസുമം മൊട്ടിട്ടുവികസിക്കുന്നതു്. ക്രിസ്തുതന്നെ അതിനു മോഹനമായ ഉദാഹരണം. ദൈവമാതാവായ പരിശുദ്ധ കന്യകമറിയവും, വിശുദ്ധ യൗസേപ്പും, വിശുദ്ധ യോഹന്നാനും ആ ആദർശത്തെ പ്രതിഫലിപ്പിക്കുന്ന ദർപ്പണങ്ങളാണ്. അവരെത്തുടർന്നു എണ്ണമററ ഒരു കന്യാവ്യൂഹം തിരുസഭയെ ശോഭനമാക്കുന്നു. ചുരുങ്ങിയതു നാലാം നൂററാണ്ടുമുതലെങ്കിലും പാശ്ചാത്യറീത്തിൽപ്പെട്ട കത്തോലിക്കാ വൈദികർ ബ്രഹ്മചാരികളായി കന്യാത്വം പാലിക്കുന്ന നിയമമുണ്ട്. പൗരസ്ത്യകത്തോലിക്കാ സഭകളിലും വൈദികർ സാമാന്യേന ഈ പുണ്യം പാലിക്കുന്നവരാണ്. ഒരു വൈദികന്റെ അനുദിനകർത്തവ്യങ്ങൾ ഈ വിശിഷ്ടപുണ്യത്തിൽ ക്രിസ്തുവിനെ അനുഗമിക്കുന്നതിനു പ്രേരകങ്ങളാണ്. ഈ പുണ്യത്തിന്റെ മനോഹരത കൂടുതൽ കൂടുതൽ ഗ്രഹിക്കുന്നതോടൊപ്പം പരസഹസ്രം പുരുഷന്മാരും സ്ത്രീകളും ആവേശത്തോടുകൂടി അതിനെ ആശ്ലേഷിക്കുന്നു. അതിന്റെ സംരക്ഷണത്തിനുവേണ്ടി ജീവത്യാഗംവരെയും സസന്തോഷം സഹിക്കുന്നു. അധഃപ്പതിച്ച ലോകത്തിന്റെ വ്യാമോഹങ്ങളെ ധീരധീരം എതിർക്കുകയും പിശാചിന്റേയും മാംസത്തിന്റേയും പ്രലോഭനങ്ങളെ വിജയിക്കുകയും ചെയ്യുന്ന ഒരു വീരോചിതസമരത്തിലാണ് കന്യാത്വപാലകർ ഏർപ്പെടുന്നതു്. നരകസർപ്പത്തിന്റെ തലയെ തകർത്ത കന്യകകളുടെ രാജ്ഞി അവരെ പ്രബലമായി സഹായിക്കുകയും പ്രശസ്തമായ വിജയത്തിലേക്കാനയിക്കുകയും ചെയ്യുന്നു. ക്രിസ്തുതന്നെ പ്രസ്താവിച്ചിരിക്കുന്നതുപോലെ "അതു നൽകപ്പെട്ടിട്ടുള്ളവർക്കല്ലാതെ, എല്ലാവർക്കും ഈ ഉപദേശം സ്വീകരിക്കുവാൻ സാദ്ധ്യമല്ല". പക്ഷെ ദൈവത്തിന്റെ അനന്തമായ പരിപാലനയിൽ വളരെപ്പേർക്കു ഈ വിശിഷ്ടദാനം നൽകപ്പെട്ടിട്ടുണ്ട് എന്നു വിശ്വസിക്കാവുന്നതാണ്. എന്നാൽ വളരെപ്പേർ വിമുഖരായിപോകുന്നുവെന്നതാണ് വാസ്തവം. ഈ വിശിഷ്ടദാനത്തെ ഫലദായകമാക്കുന്നതിനു നിഷ്കൃഷ്ടമായ ജീവിതനിയന്ത്രണം ആവശ്യമാണ്. പ്രത്യേകിച്ചും, പ്രാർത്ഥനയും ഏകാന്തതയും. പരിശുദ്ധ അമ്മ നമ്മുടെ പ്രബല മദ്ധ്യസ്ഥയും സംരക്ഷികയുമായിരിക്കും.

ലോകം അധഃപ്പതിച്ചു്, കന്യാത്വമെന്ന വിശിഷ്ടപുണ്യത്തിന്റെ മനോഹാരിതയെ ദർശിക്കുന്നതിനുപോലും സാധിക്കാതെ അശുദ്ധതയുടെ അന്ധകാരത്തിൽ വഷളത്തത്തിലേക്കു ആണ്ടുപൊയ്ക്കൊണ്ടിരിക്കുന്ന ഇക്കാലത്തു കന്യകകളുടെ രാജ്ഞിയായി വിരാജിക്കുന്ന മറിയത്തിൽ ശരണംവച്ചു നമുക്കു പ്രാർത്ഥിക്കാം:-

**കന്യകകളുടെ രാജ്ഞീ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ!**

## സുമം 45

പുണ്യത്തിന്റെ മാററളക്കുന്നതിനുള്ള മാർഗ്ഗങ്ങൾ അതിന്റെ ആന്തരികമായ മാഹാത്മ്യം; ലോകവസ്തുക്കളോടുള്ള വിരക്തി; സഹസൃഷ്ടങ്ങൾക്കുവേണ്ടിയുള്ള സേവനതൃഷ്ണ; അതെല്ലാവരിലേക്കും പ്രസരിപ്പിക്കുന്നതായ വ്യാപ്തി; പ്രചോദനാത്മകമായ പ്രേരണ എന്നിവയാകുന്നു. ഈ ഗുണവിശേഷങ്ങൾ പരിശുദ്ധ കന്യകമറിയത്തിൽ അവയുടെ പരമകോടിയെ പ്രാപിക്കുന്നതായിട്ടാണ് നാം കാണുന്നതു്. അതുകൊണ്ടു് സകലപുണ്യവാന്മാരുടെ രാജ്ഞിപദം അലങ്കരിക്കുന്നതിനുള്ള അർഹത സംസിദ്ധമായിരിക്കുന്നു.

### വിശിഷ്ടപുണ്യങ്ങൾ

ലെബാനിലെ സെഡാർ വൃക്ഷം വേദപുസ്തകത്തിൽ വളരെ കീർത്തിക്കപ്പെട്ടിട്ടുള്ള ഒന്നാണ്. വൃക്ഷത്തിന്റെ ഔന്നത്യവും പുഷ്ടിയും വനവൃക്ഷങ്ങളുടെയെല്ലാം മേധാവിത്വം അതിനു പ്രദാനംചെയ്തിരിക്കുന്നു. അതിന്റെ മരം ഏററം ഉറപ്പുള്ളതും നശിക്കാത്തതും മിനുമിനുപ്പുള്ളതുമാണ്. ദൈവാലയങ്ങളും രാജകൊട്ടാരങ്ങളും നിർമ്മിക്കുന്നതിലാണ് അതു അധികവും ഉപയോഗപ്പെടുത്തിയിരുന്നതു്. പുതിയ നിയമത്തിൽ അവതീർണ്ണനായ ദൈവകുമാരന്റെ ആലയവും രാജസദനവുമായ മറിയം ഈ സെഡാർ വൃക്ഷത്തോടുപമിക്കപ്പെട്ടിരിക്കുന്നു. "ലെബാനിലെ സെഡാർ വൃക്ഷംപോലെ ഞാൻ ബഹുമാനിക്കപ്പെട്ടു" (എക്ലെ: 24: 17) മറിയത്തിന്റെ പുണ്യപൂർണ്ണത അത്രമാത്രം ഔന്നത്യവും മാഹാത്മ്യവും നിറഞ്ഞതായിരുന്നു. മറിയം സകല സൃഷ്ടവസ്തുക്കളേയും പരിപൂർണ്ണമായ വൈരാഗ്യത്തോടുകൂടിയാണ് കൈകാര്യം ചെയ്തുകൊണ്ടിരുന്നതു്. അവിടത്തെ മനസ്സും ഹൃദയവും സദാ പിതൃസ്വർഗ്ഗത്തിലേക്കുയർന്നു ദൈവത്തിലും അവിടത്തെ ദിവ്യപ്രകാശത്തിലും വിഹരിച്ചുകൊണ്ടിരുന്നു. വീണ്ടും, മാനവവംശത്തിന്റെ അരിഷ്ടതകളിൽ ഇത്രയേറെ അനുകമ്പിതമായ വേറൊരു സൃഷ്ടിയെ കാണുവാൻ സാദ്ധ്യമല്ല. ലോകത്തിന്റെ ശാപത്തെ നിവാരണംചെയ്തു സുസ്ഥിതിയിലേക്കതിനെ പ്രത്യാഗമിപ്പിക്കുന്നതിനു സത്യത്തിന്റെ ദീപവും ജീവന്റെ അപ്പവുമായ ദൈവത്തെ അവിടുന്നു നമുക്കു പ്രദാനം ചെയ്തു. മറിയത്തിന്റെ ജീവിതം മുഴുവനും ആത്മാക്കളുടെ രക്ഷയ്ക്കും മനുഷ്യരുടെ സാന്ത്വനത്തിനുമായി വിനിയോഗിച്ചുകൊണ്ടിരുന്നു. ഈ അമ്മയുടെ മാതൃഹൃദയം ഓരോ വ്യക്തിയേയും നേരിട്ടു സ്പർശിക്കുന്നതായ, അത്ര വ്യാപ്തിമത്തായ ഒരു സ്നേഹംകൊണ്ടു പൂരിതമായിരിക്കുകയാണ്. ക്രിസ്തു സ്വയം ഒരു മുന്തിരിയോടുപമിച്ചു. ഈ മുന്തിരി മറിയത്തിലാണല്ലോ മുളയെടുത്തതു്. ക്രിസ്തു മുന്തിരിയും നാമതിന്റെ ശാഖകളുമാണ്. അതുകൊണ്ടു ക്രിസ്തുവിനെ ഉൽപ്പാദിപ്പിച്ച മറിയത്തിൽ നാം വ്യക്തിഗതമായും യഥാർത്ഥമായും സമ്മേളിക്കുന്നു. ഈ മുന്തിരിവള്ളിയുടെ ഫലമോ, ദൈവത്തിന്റെ തിരുരക്തമായി പകരുന്ന വീഞ്ഞുണ്ടാക്കുന്ന മുന്തിരിപ്പഴങ്ങളാണ്. മറിയത്തിന്റെ മാതൃത്വത്തിന്റെ സർവ്വവ്യാപകത്വവും ഫലദായകത്വവും! അവസാനമായി പരിശുദ്ധ കന്യകമറിയത്തിന്റെ പുണ്യപരിപാകത എത്രമാത്രം പ്രചോദനാത്മകമാണെന്നു വർണ്ണിക്കേണ്ട ആവശ്യമില്ലല്ലോ. "സീനമോൺ പോലെയും സുരഭിലമായ സുഗന്ധതൈലം പോലെയും ആനന്ദദായകമായ സൗരഭ്യം ഞാൻ പരത്തി; ഉത്തമമായ മീറാപോലെ ഹൃദ്യമായ സുഗന്ധം ഞാൻ നിഷ്ക്രമിക്കുകയുംചെയ്തു" (എക്ലെ: 24: 20) എന്ന അക്ഷരാർത്ഥത്തിൽ പരിശുദ്ധ കന്യകമറിയം അവകാശപ്പെടുന്നു.

ഇപ്രകാരം പുണ്യപൂർണ്ണതയുടെ വിശിഷ്ടഗുണങ്ങളെ പ്രസരിപ്പിക്കുന്ന മറിയത്തിനു സകലപുണ്യവാന്മാരുടേയും രാജ്ഞി എന്നുള്ള നാമം ഒത്തിണങ്ങിയ ഒരപദാനമാണ്. ഈ മഹത്തായ ആദർശങ്ങളെ നമ്മുടെ ജീവിതത്തിൽ അനുകരിക്കുന്നതിനു ഈ അമ്മയുടെ സഹായം നമുക്കഭ്യർത്ഥിക്കാം:-

**സകലപുണ്യവാന്മാരുടേയും രാജ്ഞീ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ!**

പള്ളിമണികൾക്ക്
അപേക്ഷിക്കുക:
അസ്സീസിപ്രസ്സ് (ഡയോസിസൻ)
കോട്ടാർ—നാഗർകോവിൽ

## LETTER TO THE EDITOR

പ്രിയ ബ. അച്ചാ,

27-10-1954ലെ സത്യദീപത്തിൽ സമുദായസ്നേഹിയായ ശ്രീ സി. എം. സെബാസ്റ്റ്യൻ, "പുനരൈക്യസ്മാരകം" എന്ന ശീർഷകത്തിൽ എഴുതിയിരിക്കുന്ന ലേഖനം കണ്ടു. പുനരൈക്യപ്രസ്ഥാനവിഷയത്തിൽ താല്പര്യമുള്ള എനിക്കു ആ ലേഖനത്തോടു പ്രത്യേക പ്രതിപത്തി തോന്നി. ആദ്യന്തം വായിച്ചു.

ആ മാന്യലേഖകൻ നിർദ്ദേശിക്കുന്ന ആശയം നടപ്പിലായികാണുവാൻ ആഗ്രഹിക്കുന്ന അനേകായിരങ്ങൾ കേരളക്കരയിലുണ്ട്. ഗോവാസന്ദർശിച്ച പലരും ഈ ആശയം വ്യക്തമാക്കിയിട്ടുമുണ്ട്. പക്ഷെ, ശ്രീ അബ്രഹാം പതിയിൽ എഴുതുന്നതിനുമുൻപു് "ഈ ജൂബിലിക്കു മകുടംചാർത്തൽ" എന്ന തലക്കെട്ടിൽ, നമ്മുടെപിതാക്കന്മാരുടെ ശതാബ്ദജൂബിലിമഹം നടന്നുകൊണ്ടിരുന്നവേള



യിൽ 24-12-1952ലെ സത്യദീപത്തിൽ ഞാൻ ഒരു ലേഖനം എഴുതിയിരുന്നു. അതിലെ ഏകവിഷയം പുനരൈക്യമന്നോടിയായ ഡോക്ടർ ജോസഫ് കരിയാററിൽ മെത്രാപ്പോലീത്താതിരുമനസ്സിലെ പൂജ്യാവശിഷ്ടങ്ങൾ വിജനഗോവായിൽനിന്നു നമ്മുടെ നാട്ടിലേക്കു് മാററിസ്ഥാപിക്കുവാൻ ജൂബിലികമ്മിററി തന്നെ മുൻകൈയെടുത്തു പ്രവർത്തിക്കണമെന്നും, അടുത്തകൊല്ലം പൌരസ്ത്യസംഘത്തിൻെറ അത്യുന്നതകർദ്ദിനാൾ തിസരാംഗ് തിരുമനസ്സുകൊണ്ടു് കേരളം സന്ദർശിക്കുമ്പോൾ അതിനുപററിയ അവസരമാണെന്നും ആയിരുന്നു.

വീണ്ടും 9-9-1953ലെ സത്യദീപത്തിൽ "ഡോക്ടർ കരിയാററിയുടെ ചരമദിനസ്മരണ" എന്നൊരു ലേഖനവും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. അതിലും മുൻപറഞ്ഞ ആശയം ശക്തിയായി ഊന്നിപ്പറഞ്ഞിട്ടുള്ളതാണു്. കത്തോലിക്കാപത്രങ്ങളായ ദീപികയും, മലബാർമെയിലും ആ ലേഖനം പ്രസിദ്ധീകരിക്കുയും ചെയ്തിട്ടുണ്ടു്. ഇതിനെത്തുടർന്നു് ശ്രീ വി. സി. ജോർജ്ജു് ബി. എ. എൽ. ററി. അവർകൾ ആ ലേഖനത്തെ പിൻതാങ്ങിക്കൊണ്ടു് പണ്ഡിതോചിതമായ വിധത്തിൽ സത്യദീപത്തിൽതന്നെ ചർച്ച ചെയ്തിട്ടുണ്ടു്.

ശതാബ്ദജൂബിലി സംബന്ധിച്ചുള്ള മലബാർമെയിൽ വിശേഷാൽപ്രതിയിൽ റവ. ഡോ: ജോസഫ് ഏററുമാനൂക്കാരനും ഡോക്ടർ കരിയാററിയുടെ പൂജ്യാവശിഷ്ടങ്ങൾ മാററി സ്ഥാപിക്കുന്ന കാര്യം സന്ദർഭവശാൽ പ്രസ്താവിച്ചിട്ടുണ്ടെന്നുള്ളതും സ്മരണീയമാണു്.

ശ്രീ സെബാസ്റ്റ്യൻ പ്രസ്താവിച്ചിരിക്കുന്നതുപോലെ ഡോക്ടർ കരിയാററിയുടെ വീരസേവനത്തെ നിലനിർത്തുവാൻ പര്യാപ്തങ്ങളായ സ്മാരകങ്ങൾ ഈ പുനരൈക്യ രജതജൂബിലി വർഷത്തിൽതന്നെ സ്ഥാപിക്കുന്നതു്, ആ മഹാപുരുഷൻെറ നേർക്കു് നമുക്കുള്ള നിസ്സീമമായ കടപ്പാടു് പ്രത്യക്ഷമാക്കുവാൻ സഹായിക്കുന്നതാണു്.

മോൺ: ജോൺ കച്ചിറമററം,
തിരുവല്ല.

---

(8-ാംപേജ് തുടച്ച്)

യും അവിടെവച്ചു റവ. ഡോക്ടർ തോമസ് മൂത്തേടൻ എം. എ., ഡി. ഡി. അവർകൾ പ്രസംഗിക്കുകയും ചെയ്തു. കുട്ടികളുടെ ഗാനാലാപങ്ങളും ഉണ്ടായിരുന്നു.

ഇടപ്പള്ളി: ഇടപ്പള്ളി, പോണേൽ, മാമംഗലം, കാക്കനാടു്, തൃക്കാക്കര എന്നീ ഇടവകകൾ സംഘടിച്ചു ഘോഷയാത്ര നടത്തി. തെക്കേപ്പള്ളിമൈതാനത്തു പൊതുയോഗംചേന്നു. റവ. ഫാദർ ജോർജ് ഇട്ടിക്കുന്നത്തു പ്രസംഗിച്ചു.

എറണാകുളം: പട്ടണത്തിലെ വിവിധ ദേവാലയങ്ങളുടെ ആഭിമുഖ്യത്തിൽ എറണാകുളം മെത്രാപ്പോലീത്തൻ പള്ളിയിൽ നിന്നാരംഭിച്ച ഘോഷയാത്ര പട്ടണംചുററി സെൻറു് ഫ്രാൻസീസ് കത്തീഡ്റലിൽ എത്തി. അങ്കണത്തിൽവച്ചു റവ. ഫാദർ ജോസഫ് ഇല്ലിപ്പറമ്പിൽ ബി. എ. ബി. ടി. പ്രസംഗിച്ചു. വരാപ്പുഴ മെത്രാപ്പോലീത്താ പരിശുദ്ധ കർബാനയുടെ വാഴ്‌വു നടത്തി. എറണാകുളം സഹായമെത്രാൻ തിരുമേനിയും സന്നിഹിതനായിരുന്നു.

മാനന്തവാടി: വരാപ്പുഴ മെത്രാപ്പോലീത്തായെ രാവിലെ സാഘോഷം സ്വീകരിച്ചു തിരുമേനി പൊന്തിഫിക്കൽ കർബാന നടത്തി. വൈകീട്ടു് അയൽഇടവകകളിൽനിന്നും വന്നുചേന്ന ഘോഷയാത്രകൾ ഒന്നിച്ചുചേന്നു ദേവാലയാങ്കണത്തിൽവച്ചു പ്രോട്ടോനോട്ടറി അപ്പസ്തോലിക്കു് റൈററു് റവ. മോൺ. അലക്സാണ്ടർ ചന്തപ്പറമ്പിൽ അവർകളുടെ അദ്ധ്യക്ഷതയിൽ പൊതുയോഗം നടത്തി. ശ്രീ ടി. ജെ. ജോബു് എം. എ. (സെൻറു് ആൽബർട്ട്സ് കോളേജ് പ്രൊഫസർ) പ്രസംഗിച്ചു. തിരുനാളിന്നു പ്രാരംഭമായി നാലുദിവസങ്ങളിൽ തിരുകർമ്മങ്ങളും പ്രസിദ്ധ വാഗ്മികളുടെ പ്രസംഗങ്ങളും നടന്നു.

മണപ്പുറം: രാജതജൂബിലി നാൾ പ്രമാണിച്ചു്, തൈക്കാട്ടുശേരി, മണപ്പുറം ഈ ദേവാലയങ്ങളിൽനിന്നു് ആഘോഷമായ ജാഥാ പുറപ്പെട്ടു് മണപ്പുറം ക്രിസ്തുരാജനഗറിൽ എത്തിച്ചേന്നു. തദനന്തരം കൂടിയ യോഗത്തിൽ ശ്രീ ഇ. പി. ഐസക്കിൻെറ പ്രസംഗവും ഉണ്ടായിരുന്നു.

---


സുവിശേഷപംക്തി

### പന്തക്കുസ്താ: 23-ാം ഞായർ

# വിശ്വാസത്തിൻെറ ശക്തി

സുവിശേഷം. വിശുദ്ധ മത്തായി 9:18-26

"അവിടുന്നു ഇപ്രകാരം അവരോടു അരുളിച്ചെയ്കയിൽ ഒരു ഭരണാധിപൻ വന്നു് അവിടുത്തെ മുമ്പിൽ പ്രണമിച്ചുകൊണ്ടു പറഞ്ഞു: കർത്താവേ, എൻെറ പുത്രി ഈ മാത്രയിൽ മരിച്ചിരിക്കുന്നു. അങ്ങുവന്നു് അവളുടെമേൽ അങ്ങയുടെ കരങ്ങൾ വയ്ക്കുക. എന്നാൽ അവൾ ജീവിക്കും. ആകയാൽ ഈശോ എഴുന്നേററു അവൻെറ പിന്നാലെപോയി. അവിടുത്തെ ശിഷ്യന്മാരും അപ്രകാരംതന്നെ ചെയ്തു. അപ്പോൾ 12 വർഷക്കാലമായി രക്തസ്രാവത്താൽ പീഡിതയായിരുന്ന ഒരു സ്ത്രീ അവൻെറ പിന്നിൽചെന്നു് അവൻെറ വസ്ത്രവിളുമ്പിൽ തൊട്ടു. അവൻെറ വസ്ത്രവിളുമ്പിൽ തൊടുവാനെങ്കിലും കഴിഞ്ഞാൽ ഞാൻ സുഖംപ്രാപിക്കുമെന്നു അവൾ മനസ്സിൽ ഓർത്തു. ഈശോ തിരിഞ്ഞു അവളെക്കണ്ടു്, മകളേ, ഭയപ്പെടേണ്ടാ. നിൻെറ വിശ്വാസം നിനക്കു സുഖം പ്രദാനംചെയ്തിരിക്കുന്നു എന്നുപറഞ്ഞു ആ സ്ത്രീ അതേനാഴികയിൽ സുഖംപ്രാപിച്ചു. ഈശോ ആ ഭരണാധിപൻെറ വീട്ടിൽ ചെന്നു. അവിടെ ദുഃഖാലാപംചെയ്യുന്ന കുഴലൂത്തുകാരേയും, ഒച്ചപ്പാടോടെ തിങ്ങിക്കൂടി നിന്നിരുന്ന ജനക്കൂട്ടത്തേയും കണ്ടു് അവിടുന്നരുളിച്ചെയ്തു: മാറിനില്ക്കുവിൻ, ബാലിക മരിച്ചിട്ടില്ല; അവൾ ഉറങ്ങുക



വിലപിക്കുന്നവരെ സമാശ്വസിപ്പിക്കുന്നു

യാണു്. (ഇതുകേട്ടു്) അവർ അവനെ ഉച്ചത്തിൽ പരിഹസിച്ചു. ജനക്കൂട്ടത്തെ മാററിയശേഷം അവിടുന്നു് അകത്തുപ്രവേശിച്ചു്, ബാലികയുടെ കൈക്കുപിടിച്ചു; അവൾ എഴുന്നേററു. ഈ സംഭവങ്ങളുടെ വാർത്ത പരിസരപ്രദേശങ്ങളിലെല്ലാം വ്യാപിച്ചു."

പിതാവു്:- ഇന്നത്തെ സുവിശേഷഭാഗത്തിൽ രണ്ടു വലിയ അത്ഭുതസംഭവങ്ങളാണു് നാം കാണുന്നതു്. ഒന്നു രക്തസ്രാവത്താൽ 12 കൊല്ലം പീഡിപ്പിക്കപ്പെട്ടിരുന്ന ഒരു സ്ത്രീ മിശിഹായുടെ വസ്ത്രത്തിൻെറ വിളുമ്പിൽതൊട്ടു സുഖം പ്രാപിക്കുന്നു; മറെറാന്നു് ഭരണാധിപനായ ജെയിറൂസിൻെറ മരിച്ച പുത്രി പുനർജ്ജീവിക്കുന്നു. ഈ രണ്ടത്ഭുതങ്ങളും എന്തുകൊണ്ടു



ബാലികയെ ഉയിർപ്പിക്കുന്നു

സംഭവിച്ചുവെന്നാണു് നിങ്ങൾക്കു തോന്നുന്നതു്?

ജോണി:- ഈശോയ്ക്കു ദൈവികശക്തിയുള്ളതുകൊണ്ടു് അവിടുന്നു അവ പ്രവർത്തിച്ചു.

പിതാവു്:- അതുശരി, എന്നാൽ ഈശോ അങ്ങനെ പ്രവർത്തിക്കുവാൻ കാരണമെന്തായിരുന്നു?

മേരി:- അവരുടെ വിശ്വാസം കൊണ്ടാണു്. ഈശോ അവർക്കുവേണ്ടി അതു ചെയ്യാൻ ശക്തിയും കരുണയും ഉള്ളവനാണെന്നു അവർ വിശ്വസിച്ചു.

ജോണി:- മരിച്ച ആ ബാലിക എങ്ങനെയാണു് വിശ്വസിക്കുന്നതു്. സ്ത്രീ വിശ്വസിച്ചു. അതു ശരിയാണു്. ഈശോതന്നെ അതു പറഞ്ഞു. മററതോ?

മേരി:- ബാലികയല്ല വിശ്വസിച്ചതു്. അവളുടെ പിതാവിൻെറ വിശ്വാസത്തെ പ്രതിയാണു് ഈശോ പോയി അത്ഭുതം പ്രവർത്തിച്ചതു്.

പിതാവു്:- അതാണു ശരി. ജോണിക്കു മനസ്സിലായോ?

ജോണി:- ഉവ്വു് ഇപ്പോൾ മനസ്സിലായി.

പിതാവു്:- സുവിശേഷങ്ങളെ നാം ശരിയായി മനസ്സിലാക്കി പഠിക്കുകയാണെങ്കിൽ നമുക്കു വിശദമായി കാണാൻ സാധിക്കുന്ന ഒരു പ്രത്യേകസംഗതിയാണു്, ഈശോ വിശ്വാസത്തെ എങ്ങനെ വിലമതിക്കുന്നുവെന്നും, അങ്ങിൽ സ്ഥിരവിശ്വാസം അർപ്പിക്കുന്നവർക്കുവേണ്ടി എത്ര അത്ഭുതകരമായ വിധത്തിലും അനുഗ്രഹങ്ങൾ പ്രദാനംചെയ്യാൻ സന്നദ്ധത കാണിക്കുന്നുവെന്നും ഉള്ളതു്. അവിടുന്നു ഓരോ അത്ഭുതം പ്രവർത്തിച്ചപ്പോഴും അതാർക്കുവേണ്ടി ചെയ്തുവോ അവരിൽ കണ്ടതായ വിശ്വാസത്തെ അംഗീകരിക്കുകയും, വേണ്ടത്ര സ്ഥിരമായ വിശ്വാസമില്ലാത്തവരിൽ അതുണ്ടാക്കുന്നതിനു ശ്രദ്ധിക്കുകയും ചെയ്തതായിട്ടാണു് നാം കാണുന്നതു്.

ലൂസി:- എന്താണു് വിശ്വാസം എന്നു പറയുന്നതെന്നു ഒന്നു തെളിവായി പറഞ്ഞുതരാമോ? അപ്പച്ചാ.

പിതാവു്:- അതു നിങ്ങൾ പഠിച്ചിട്ടില്ലേ?

ലൂസി:- ഉവ്വു്, എങ്കിലും അതിൻെറ പ്രായോഗികമായ വശമാണു് ഞാനറിയാൻ ആഗ്രഹിക്കുന്നതു്.

പിതാവു്:- വിശ്വാസം ഒരു ദൈവികപുണ്യമാണു്. കാരണം, അതു ദൈവത്തെ സംബന്ധിക്കുന്നതും ദൈവംതന്നെ നമുക്കു പ്രാരംഭത്തിൽ നൽകുന്നതുമാണു്. ദൈവേഷ്ടപ്രസാദത്തോടുകൂടി ഈ പുണ്യം നമുക്കു നൽകപ്പെടുന്നു. നമ്മുടെ ബുദ്ധി വികസിക്കുന്നതോടൊപ്പം അതിനെ നാം ശക്തിപ്പെടുത്തണം. ദൈവം നമ്മുടെ സ്രഷ്ടാവും പിതാവുമല്ലേ? നാമവിടുത്തെ പുത്രരുമാണു്. ദൈവത്തെപ്പററി നാമറിയേണ്ട കാര്യങ്ങൾ ദൈവം വെളിപ്പെടുത്തിത്തന്നിട്ടുണ്ടു് പലവിധത്തിൽ. അതെല്ലാം സംക്ഷിപ്തമായി നമ്മെ പഠിപ്പിക്കുന്നതിനു ദൈവം തിരുസഭയേയും ഭരമേല്പിച്ചിട്ടുണ്ടു്. അതുകൊണ്ടു് ദൈവത്തെപ്പററി തിരുസഭ പഠിപ്പിക്കുന്ന എല്ലാം കാര്യങ്ങളും നാം ഉറച്ചുവിശ്വസിക്കുകയും, അതനുസരിച്ചു് ജീവിതത്തിൽ നാം വർത്തിക്കുകയും ചെയ്യണം. ഈ നമ്മുടെ പ്രവൃത്തികളാണു് നമ്മുടെ വിശ്വാസത്തിൻെറ മാററു നിർണ്ണയിക്കുന്നതു്. പരിപൂർണ്ണമായി നാം ദൈവത്തിൽ വിശ്വസിക്കുകയും അചഞ്ചലമായി അങ്ങിൽ നാമാശ്രയിക്കുകയും ചെയ്യണമെന്നാണു് അവിടുത്തെ അഭിലാഷം. നിങ്ങളുടെ പിതാവായ ഞാൻ ആഗ്രഹിക്കുന്നില്ലേ, നിങ്ങൾ എന്നിൽ വിശ്വസിക്കണമെന്നും ഞാൻ പറയുന്നതുപോലെ നിങ്ങൾ പ്രവർത്തിക്കണമെന്നും. നിങ്ങൾ അങ്ങനെ ചെയ്യുന്നുവെന്നു കാണുമ്പോൾ എനിക്കെന്തൊരാനന്ദമാണു്. നിങ്ങൾക്കുവേണ്ടി ഞാൻ എന്തു ചെയ്കയില്ല? അതുപോലെ ദൈവപിതാവിൽ നാം വിശ്വസിച്ചു് അവിടുത്തെ ഇഷ്ടത്തിനനുസരിച്ചു് എല്ലാ പ്രവൃത്തികളും ചെയ്യുവാൻ സന്നദ്ധരാകുമ്പോൾ, ഏതനുഗ്രഹവും നമുക്കു നൽകുന്നതിനും, വേണ്ടിവന്നാൽ സർവ്വശക്തനായ അവിടുന്നു അത്ഭുതങ്ങൾ തന്നെ നമുക്കുവേണ്ടി പ്രവർത്തിക്കുന്നതിനും സന്നദ്ധനായിരിക്കും.

ജോണി:- ഇതു നല്ല കാര്യമാണു്. ചേച്ചീ, നമുക്കങ്ങനെ പ്രവർത്തിക്കണം.

## വിവാഹം

മണപ്പുറം: ശ്രീ കെ. എ. ചെറിയാൻ കേയിപ്പറമ്പിൽ അവർകളുടെ പുത്രൻ വർഗ്ഗീസും പരേതനായ ശ്രീ ചാക്കോച്ചൻ മംനുള്ളിൽ അവർകളുടെ പുത്രി കുമാരി ത്രേസ്യാമ്മയും തമ്മിലുള്ള വിവാഹം കോന്തുരുത്തി പള്ളിയിൽവച്ചു് ഒക്ടോബർ 27-ാംനു നടന്നിരിക്കുന്നു.


# എൻെറ വിലാസത്തിൽ

'പാവുണ്ണി' എന്നു എഴുതുന്നതിനു പകരം മേലാൽ "പി" എന്നുമാത്രം ചേർത്തു് താഴെ കാണുംപ്രകാരം എഴുതിയാൽ മതിയെന്നുള്ള വിവരം അറിയിച്ചുകൊള്ളുന്നു.

എന്നു്,

## കെ. പി. ഔസേപ്പ് വൈദ്യൻ, നെല്ലായി.

### വഞ്ചിതരാകാതിരിപ്പാൻ

താഴെ പറയുന്ന വിവരങ്ങൾ ശ്രദ്ധിക്കുക.

'കാളൻ' സ്ഥാപനത്തിൻെറ ഉടമസ്ഥനും,
'കാളൻ'സ് ബുള്ളററി'ൻെറ എഡിററരും,
'അറിയേണ്ടും കാര്യങ്ങൾ' എന്ന വൈദ്യപുസ്തകത്തിൻെറ ഗ്രന്ഥകർത്താവും,
സുപ്രസിദ്ധങ്ങളായ നിംബാസവം, ദ്രാക്ഷാഘൃതം, ശാരിബാതൈലം എന്നീ ഔഷധങ്ങളെ കണ്ടുപിടിച്ചിട്ടുള്ള ഒരു വ്യക്തിയുമായ

## കെ. പി. ഔസേപ്പ് വൈദ്യൻ

ആലപ്പുഴ, ചങ്ങനാശ്ശേരി മുതലായ യാതൊരു സ്ഥലത്തും രോഗികളെ പരിശോധിക്കുന്നതിനുവേണ്ടി ഇപ്പോൾ ക്യാമ്പുചെയ്തുവരുന്നില്ലെന്നും, അനുകരണങ്ങളാൽ വഞ്ചിതരാകാതിരിക്കുന്നതിനുവേണ്ടി രോഗവിവരക്കുറിപ്പുകൾ, മണിയോർഡറുകൾ മുതലായവകൾക്കെല്ലാം താഴെ കാണുന്ന രണ്ടു വാക്കുമാത്രമേ വിലാസം എഴുതാവു എന്നും, താഴെ കാണുന്ന വിലാസത്തിൽ എഴുതുന്നവർക്കു വിശദവിവരങ്ങളടങ്ങിയ പുസ്തകം സൌജന്യമായി അയച്ചുകൊടുക്കുന്നതാണെന്നും ഞങ്ങളുടെ എല്ലാ മാന്യസുഹൃത്തുക്കളേയും അറിയിച്ചുകൊള്ളുന്നു.

# കാളൻ, നെല്ലായി.

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 28 ‖ ERNAKULAM, NOVEMBER, 10 ‖ No. 13

## നമ്മുടെ വിദ്യാഭ്യാസരംഗം

സ്വതന്ത്രമായ ഭാരതത്തിലെ നിലവിലുള്ള വിദ്യാഭ്യാസരീതി വിദേശീയതാല്പര്യങ്ങളെ നിലനിർത്തുന്നതിനു രൂപംകൊടുത്തുണ്ടാക്കിയതാണെന്നും, ദേശീയതാല്പര്യങ്ങളുടെ പുരോഗതിക്കു അതൊട്ടും മതിയാകാത്തതാകയാൽ അതിന്റെ അലകും പിടിയും മാററി ഒരു പുതിയപദ്ധതി നടപ്പാക്കണമെന്നുമുള്ള അഭിപ്രായം സ്വതന്ത്രഭാരതത്തിന്റെ ഉദയത്തോടുകൂടി ആവിർഭവിച്ചിട്ടുള്ളതാണ്. ഈ അഭിലാഷസിദ്ധിക്കുവേണ്ടി നിരവധി പരിശ്രമങ്ങൾ ഇതിനകം നടന്നുകഴിഞ്ഞിട്ടുമുണ്ട്. അവയുടെ ഫലദായകത്വത്തെപ്പററി വിധി പറയാറായിട്ടില്ലെങ്കിലും, ഈ അഴിച്ചുകൂട്ടലിൽ, അതൊരവസരമായി പരിഗണിച്ചുകൊണ്ട്, വിവിധ കക്ഷികൾ അവരവരുടെ ആദർശങ്ങൾ ബാലമനസ്സുകളിലേക്കു കുത്തിച്ചെലുത്തുന്നതിനും അതതിനു യോജിച്ച ഒരു ഭാവിതലമുറയെ രൂപപ്പെടുത്തുന്നതിനും കിണഞ്ഞുപരിശ്രമിക്കുന്നുണ്ട്. ഉത്തരവാദിത്വബോധമുള്ള വിദ്യാഭ്യാസപ്രവർത്തകർക്കും രാജ്യത്തിന്റെ സുഭഗമായ ഭാവിയെ വിഭാവനംചെയ്യുന്ന ഭരണമേധാവികൾക്കും ഈ പരിണാമത്തെ സശ്രദ്ധം സൂക്ഷിച്ച് അവസരോചിതമായ പ്രതിവിധികൾ സ്വീകരിക്കാതെ ഗത്യന്തരമില്ല. അതുകൊണ്ടാണ് വിദ്യാഭ്യാസപ്രശ്നത്തിന്റെ വിവിധവശങ്ങളെ ചർച്ചചെയ്യുന്നതിനും രാജ്യനന്മയ്ക്കു അനുഗുണമായ പദ്ധതികൾ കണ്ടുപിടിച്ചു പ്രായോഗികമാക്കുന്നതിനും വിദ്യാഭ്യാസപ്രവർത്തകരുടെ വിവിധ കോൺഫറൻസുകളും സെമിനാറുകളും നടത്തപ്പെടുന്നതും, ഗവമ്മെൻറുകളും വിദ്യാഭ്യാസഡിപ്പാർട്ടുമെൻറുകളും അവയെ പ്രോത്സാഹിപ്പിച്ചു സഹായിക്കുന്നതും. ഒക്ടോബർ 19-ാം തിയതി മുതൽ പീരുമേട്ടിൽവച്ച് തിരുക്കൊച്ചി, മൈസൂർ, കൂർഗ് എന്നീ സംസ്ഥാനങ്ങളിലെ ഹെഡ്മാസ്റ്ററന്മാരുടെ ഒരു റീജിയനൽ സെമിനാർ നടന്നുകൊണ്ടിരിക്കുന്നുണ്ടല്ലോ. അതിന്റെ പരിചിന്തനങ്ങളുടേയും ചർച്ചകളുടേയും ഫലമായി ഏതാനും പൊതുതീരുമാനങ്ങൾ ഇതിനകം പുറത്തുവന്നിട്ടുണ്ട്. ചർച്ചകൾ ഇനിയും തുടർന്നുകൊണ്ടിരിക്കുന്നതേയുള്ളു. വിദ്യാഭ്യാസരംഗത്തിൽ പ്രാവീണ്യവും പരിചയവും സിദ്ധിച്ചിട്ടുള്ള അതിലെ അംഗങ്ങൾ ഭാരതത്തിന്റെ പുരോഗമനപരമായ ഭാവിയെ സുരക്ഷിതമാക്കുന്ന പ്രായോഗികപദ്ധതികളെ ആസൂത്രണം ചെയ്യുന്നതിൽ വിജയിക്കുമെന്നു പ്രതീക്ഷിക്കാം. വിവിധോദ്ദേശ്യവിദ്യാലയ കാര്യങ്ങളെ പ്രത്യേകം ആധാരമാക്കി ഡൽഹിയിൽ നടന്നുകൊണ്ടിരിക്കുന്ന, സ്റ്റേറുകളിലെ വിദ്യാഭ്യാസഡയറക്ടർമാരുടെ സമ്മേളനവും ആശാവഹമായ ഫലം പുറപ്പെടുത്തുന്നതിനു പര്യാപ്തമായി ഭവിക്കട്ടെ.

### വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനതത്വങ്ങൾ

വിദ്യാഭ്യാസപരമായ കാര്യങ്ങളിൽ ഒന്നാമതായി നമ്മുടെ ശ്രദ്ധയെ ആകർഷിക്കേണ്ടതു അതിന്റെ പരമമായ ലക്ഷ്യമായിരിക്കണമല്ലോ. ഒരു മനുഷ്യവ്യക്തിയുടെ സർവ്വതോമുഖമായ സുന്ദരവികസനമാണ് വിദ്യാഭ്യാസംവഴി സാധിക്കേണ്ടത്. വ്യക്തിഗതമായ അവന്റെ കർത്തവ്യങ്ങളെല്ലാം ഭംഗിയായി നിറവേററുന്നതിനു അതവനു വഴിതെളിക്കണം. അവന്റെ സാമൂഹികലക്ഷ്യവും ആദ്ധ്യാത്മികമോക്ഷവും അതുവഴി സാധിക്കണം. മനുഷ്യന്റെ വ്യക്തിത്വത്തെപ്പററി കടകവിരുദ്ധങ്ങളായ ആശയങ്ങളും സങ്കല്പങ്ങളും നിലവിലുള്ള ഇക്കാലത്തു അടിസ്ഥാനതത്വങ്ങളെക്കുറിച്ചു തന്നെ ഒന്നാമതായി ഒരുറച്ച അസ്ഥിവാരം ഉണ്ടാകേണ്ടിയിരിക്കുന്നു.

വിദ്യാഭ്യാസസംവിധാനത്തിൽ അടുത്തകാലത്തുണ്ടായിട്ടുള്ള പരിവർത്തനത്തെ പണ്ഡിതനായ ഒരു ലേഖകൻ ചിത്രീകരിച്ചിട്ടുള്ളതു് ഇപ്രകാരമാണ്: "വിവിധ മതാനുയായികളും ആദർശാവലംബികളുമായ ആളുകൾക്കു പൊതുവിൽ സ്വീകാര്യമായ വിദ്യാഭ്യാസസ്ഥാപനങ്ങളെ സൃഷ്ടിക്കുന്നതിനുള്ള വ്യഗ്രതയിൽ അവരുടെ ഒത്തുതീർപ്പുമനസ്ഥിതിയുടെ ഫലമായി രൂപംപ്രാപിച്ചതാണ് ഇന്നത്തെ സെക്കുലർ വിദ്യാലയങ്ങൾ. മുൻകാലങ്ങളിൽ മതവിശ്വാസങ്ങളെ കേന്ദ്രീകരിച്ചു നടത്തപ്പെട്ടിരുന്ന വിദ്യാഭ്യാസസ്ഥാപനങ്ങൾ സാവധാനത്തിൽ മതേതരമായി പരിണമിച്ചു. ഈ മനോഭാവത്തേയും പരിണാമങ്ങളേയും അവസരമാക്കി സ്റ്റേററുഗവമ്മെൻറുകൾ അതിലിടപെടുകയും മതത്തെ പുറംതള്ളിയിട്ട് വിദ്യാലയങ്ങളെ പൊതുസ്ഥാപനങ്ങളാക്കുകയുംചെയ്തു." ഓരോ രാജ്യങ്ങളിലേയും സെക്കുലർ വിദ്യാഭ്യാസത്തിന്റെ ചരിത്രം ഈ വിവരണത്തിൽ നമുക്കു കാണാവുന്നതാണ്. ഈ വ്യതിയാനം ഉപരിപ്ലവദൃഷ്ട്യാ സ്വാഗതാർഹമായി തോന്നിയാലും വലിയൊരു പാകപ്പിഴ അതിൽ അന്തർഭവിച്ചിട്ടുണ്ട് — മനുഷ്യജീവിതത്തിൽ നിന്നു മതത്തെ പുറംതള്ളിയെന്നുള്ളതു്. ഒരടിസ്ഥാനതത്വത്തെ അതു ബലികഴിച്ചു. തൽഫലമായി മതവിരുദ്ധമായ മററീരിയലിസ്റ്റ് ആദർശങ്ങൾ അതിൽ ഇന്നു നുഴഞ്ഞുകയറിക്കൊണ്ടിരിക്കുന്നു. "സത്യം നാം ഗ്രഹിക്കണം; അതാണ് നമ്മെ സ്വതന്ത്രരാക്കുന്നതു്," ആസ്തിക്യവാദികളുടെ ഈ ആപ്തവാക്യം ഏതൊരു പ്രവർത്തനത്തിലും മനുഷ്യനു മാർഗ്ഗദർശകമായിരിക്കണം.

തത്വശാസ്ത്രത്തിലും ദൈവശാസ്ത്രത്തിലും അദ്വിതീയപണ്ഡിതനായ തോമസ് അക്വിനാസ് നൽകുന്ന ഒരു വിശദീകരണം ഇത്തരുണത്തിൽ സംഗതമാണ്:- "സ്ത്രീയിൽനിന്നു ജനിക്കുന്ന മനുഷ്യൻ പദാർത്ഥവും ആത്മാവും ഒത്തുചേർന്നുള്ള ഒരു ജീവിയാണ്. സസ്യങ്ങളോടൊത്തു അവൻ ജീവിക്കുന്നു; മൃഗങ്ങളെപ്പോലെ അവനു ഇന്ദ്രിയജ്ഞാനമുണ്ട്; മാലാഖാമാരെപ്പോലെ അവൻ ചിന്താശക്തിയും, പ്രവർത്തനസ്വാതന്ത്ര്യവും, പരിപൂർണ്ണതാസമ്പാദനത്തിനുള്ള കഴിവുകളും, പുണ്യകൃത്യങ്ങൾകൊണ്ടു രൂപവൽകൃതമായ ഒരു വ്യക്തിത്വവും ഉള്ളവനാണ്. അവന്റെ ഈ വ്യക്തിത്വം പരിപാവനവും സുസ്ഥിരവുമാണ്. ദൈവതൃക്കരങ്ങളിൽനിന്നുള്ള ദാനമാണവന്റെ ആത്മാവ്, അവിടുത്തെദിവ്യവക്ഷസ്സിലാണ് അവന്റെ ജീവിതലക്ഷ്യവും." മററീരിയലിസ്റ്റ് വേദാന്തികളായ ഹേഗൽ, മാർക്സ്, ഡ്യൂവി മുതലായവർ മനുഷ്യവ്യക്തിയെപ്പററി പഠിപ്പിക്കുന്ന തത്വങ്ങളും അക്വിനാസിന്റെ തത്വങ്ങളും എത്ര വിഭിന്നങ്ങളാണെന്നു സ്പഷ്ടമാണല്ലോ.

### മററീരിയലിസ്സത്തിന്റെ നുഴഞ്ഞുകയററം

ആസ്തിക്യബോധവും മററീരിയലിസവും തമ്മിലുള്ള ആദർശസംഘട്ടനമാണ് ഇന്നത്തെ ജീവൽപ്രശ്നമെന്നു എല്ലാവർക്കും ബോദ്ധ്യമാണ്. മാനവജീവിതത്തിന്റെ എല്ലാ തുറകളിലും മററീരിയലിസം കടന്നാക്രമിക്കുകയാണ്. മനുഷ്യന്റെ ഓരോ പ്രവൃത്തിയിലും ഏതെങ്കിലുമൊന്നിനു പ്രസക്തിയുണ്ടാകാതിരിക്കുക സാദ്ധ്യവുമല്ല. അതിബൃഹത്തായ ഈ സംഘട്ടനത്തിലെ വിധിനിർണ്ണായകമായ ഒരു രംഗമാണ് വിദ്യാഭ്യാസം. ഒരു വിദ്യാർത്ഥിയുടെ ഇളംമനസ്സിൽ മുദ്രിതമാകുന്ന ആശയാദർശങ്ങളാണല്ലോ അവന്റെ ഭാവിജീവിതത്തെ നിയന്ത്രിക്കുക. അതുകൊണ്ടാണ് സുരക്ഷിതവും സുഭഗവുമായ ഒരു ഭാവിയെ അവനു പ്രദാനം ചെയ്യുന്നതിനു വെമ്പൽകൊള്ളുന്ന അവന്റെ സുഹൃത്തുക്കളെല്ലാം ആരോഗ്യപരമായ വിദ്യാഭ്യാസത്തിനുവേണ്ടി ഭഗീരഥശ്രമം നടത്തുന്നതു്. അതുപോലെതന്നെ തങ്ങളുടെ ആദർശങ്ങൾക്കു അവനൊരു പിണിയാളായി വർത്തിക്കണമെന്നഭിലഷിക്കുന്ന കൂട്ടരും അവന്റെ വിദ്യാഭ്യാസത്തിൽ നുഴഞ്ഞുകയറുന്നതിനും അവരുടെ നിഷിദ്ധമായ ആശയപരിശീലനങ്ങളിൽ അവനെ കരുപ്പിടിക്കുന്നതിനും കിണഞ്ഞുപരിശ്രമിക്കുന്നു.

"ഒരു സർവ്വകലാശാലയുടെ ആശയം" (Idea of a University) എന്ന പ്രശസ്ത ഗ്രന്ഥത്തിൽ മഹാപണ്ഡിതനായ ന്യൂമാൻ പറഞ്ഞിട്ടുള്ളതിപ്രകാരമാണ്:- "സർവ്വംകഷമായ വിജ്ഞാനം പ്രദാനം ചെയ്യുന്ന വിദ്യാലയമാണ് ഒരു സർവ്വകലാശാല. ഇതിൽനിന്നു കാണുന്നതു്, അതിന്റെ ലക്ഷ്യം ബുദ്ധിസംബന്ധിച്ചതാണ്, ധാർമ്മികമല്ല എന്നത്രെ......ഒരു സർവ്വകലാശാലയെ അതിന്റെ വാച്യാർത്ഥത്തിലും, സഭയുമായുള്ള അതിന്റെ ബന്ധത്തെ പരിഗണിക്കാതെയും വീക്ഷിച്ചാൽ ഇതുമാത്രമാണ് കാണുക. എന്നാൽ പ്രായോഗികമായി നോക്കിയാൽ, സഭയുടെ സഹായം കൂടാതെ അതിനു അതിന്റെ ലക്ഷ്യം സാധിക്കുന്നതിനു കഴിയുകയില്ല. അതിന്റെ പൂർണ്ണതയ്ക്കു സഭ അനിവാര്യമാണ്......ദൈവശാസ്ത്രമാണ് മഹോന്നതമായ ശാസ്ത്രം. എന്തുകൊണ്ടെന്നാൽ അതിന്റെ ലക്ഷ്യം ദൈവമാണ്; മറെറല്ലാ ശാസ്ത്രങ്ങളേയും അതു തെററുതിരുത്തുകയും പൂരിപ്പിക്കുകയും ചെയ്യുന്നു."

### നമ്മുടെ വിദ്യാലയങ്ങൾ

നിരീശ്വരപരമായ മററീരിയലിസ്സത്തിന്റെ പ്രേഷിതന്മാരായി ഭാരതത്തെ കമ്മ്യൂണിസ്റ്റ് റഷ്യക്കു തീറെഴുതിക്കൊടുക്കുവാനും ആ സോവ്യററു പറുദീസായിലെ സൗഭാഗ്യം ഇവിടെയും പങ്കുവച്ചുതരുന്നതിനും അഹോരാത്രം പണിയെടുക്കുന്ന ഇവിടത്തെ കമ്മ്യൂണിസ്റ്റുകൾ നമ്മുടെ വിദ്യാലയങ്ങളിൽ ചെയ്തുകൊണ്ടിരിക്കുന്ന വിനാശകരമായ വിക്രിയകളെപ്പററി കുറച്ചെങ്കിലും നാമറിഞ്ഞിരിക്കേണ്ടതാണല്ലോ. ഇന്ത്യൻ കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ പോളിററ് ബ്യൂറോ (കേന്ദ്രസമിതി) 1954 ജൂൺ 25-ാംനു 19/54-ാം നമ്പരായി പ്രചരിപ്പിച്ചിട്ടുള്ള ഒരു രഹസ്യസർക്കുലർ ഈ ഒക്ടോബർ 13-ാംതിയതിയിലെ "ട്രിബ്യൂൺ" എന്ന പത്രത്തിൽ ശ്രീ രാമസിംഗ് പ്രസിദ്ധപ്പെടുത്തിയ ഒരു കത്തിൽ ഉദ്ധരിച്ചിട്ടുണ്ട്. അതിൽ പറയുന്നതിപ്രകാരമാണ്:- "ജനകീയപ്രക്ഷോഭണത്തിന്റെ (ഇന്ത്യയെ ഒരു സോവ്യററുപഗ്രഹമാക്കുന്നതിനുള്ള കമ്മ്യൂണിസ്റ്റ് ഗൂഢാലോചനയുടെ. പ.) വളർച്ചയിൽ വിദ്യാർത്ഥികൾ അതിപ്രധാനമായ ഒരു പങ്കുവഹിക്കുവാനുണ്ട്. അവർ ബുദ്ധിജീവികളുടെ ഒരു വിഭാഗമാണ്; പോരാ, ബുദ്ധിജീവികളിൽ ചെറുപ്പക്കാരും, വികസിച്ചു പക്വമായി വരുന്ന നവീനാശയങ്ങളെ ഉൾക്കൊള്ളുവാൻ കഴിവുള്ളവരു (കമ്മ്യൂണിസ്റ്റ് സിദ്ധാന്തങ്ങൾ പഠിപ്പിക്കുവാൻ എളുപ്പമുള്ളവർ. പ.)മായ വിഭാഗം അവരാണ്. അതുകൊണ്ടു പൊതുവായ ജനകീയപ്രക്ഷോഭണത്തിന്റെ ചൈതന്യത്തോടും പ്രവർത്തനങ്ങളോടും, കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ പുരോഗമനത്തോടും അവർ ലയിച്ചുചേരേണ്ടതു് വളരെ പ്രധാനപ്പെട്ട കാര്യമാണ്. അവരെ ജനകീയപ്രക്ഷോഭണത്തിലും പാർട്ടിപതാകയുടെ കീഴിലും അണിനിരത്തുന്നതിനനുസരിച്ചുമാത്രമേ, ജനകീയപ്രക്ഷോഭണത്തിനും പാർട്ടിക്കും പുരോഗമനോന്മുഖരായ ബുദ്ധിജീവികളുടെ പ്രവർത്തനങ്ങളെ തൊഴിലാളികളുടേയും കൃഷിവലന്മാരുടേയും സമരപരമായ പൊതുജനപ്രക്ഷോഭണത്തോടു സംഘടിപ്പിക്കുവാൻ സാദ്ധ്യമാവുകയുള്ളൂ."

ഈ വിധത്തിൽ വിദ്യാർത്ഥികളെ കമ്മ്യൂണിസ്റ്റ്വിപ്ലവത്തിന്റെ ഒരു ഘടകമാക്കിത്തീർക്കുവാൻ പ്രയോഗിക്കപ്പെടേണ്ട മാർഗ്ഗങ്ങളേയും പ്രസ്തുത സർക്കുലർ വിവരിക്കുന്നുണ്ട്:- "1. അവരെ ജനകീയപ്രക്ഷോഭണത്തിലേക്കും, സമാധാനപ്രസ്ഥാനത്തിലേക്കും, ദേശീയസ്വാതന്ത്ര്യത്തിലേക്കും, ജനകീയഭരണത്തിലേക്കും ആകർഷിക്കണം. 2. അവരുടെ അണികളിൽ സാമ്രാജ്യവാദം, ഗാന്ധിയൻ സിദ്ധാന്തം മുതലായ പിന്തിരിപ്പൻ ആശയങ്ങളെ എതിർക്കുന്നതിനും ശാസ്ത്രീയമായ മാർക്സിസ്റ്റ്-ലനിനിസ്റ്റ് ആദർശങ്ങളെ പ്രബോധിപ്പിക്കുന്നതിനും ശ്രദ്ധിക്കണം. 3. അവരിൽ ഉത്തമന്മാരായുള്ളവരെ പാർട്ടിയിൽ ചേർക്കുകയും, ഒന്നാന്തരം ബോൾഷെവിക്കുയോദ്ധാക്കളായി പരിശീലിപ്പിക്കുകയും, തൊഴിലാളികളുടേയും കൃഷിവലന്മാരുടേയും ആക്രമണപ്രസ്ഥാനങ്ങളോടുള്ള സജീവമായ സമ്പർക്കംകൊണ്ടു ഒരു പുതിയ വീക്ഷണഗതി അവരിൽ സംജാതമാക്കുകയും ചെയ്യണം." തുടർന്നു പ്രവർത്തനങ്ങളുടെ ഉദാഹരണങ്ങളാണ് നൽകപ്പെടുന്നതു് വിദ്യാർത്ഥികളുടെ പ്രത്യേകതരമായ അവകാശങ്ങൾക്കു വേണ്ടിയുള്ള സമരം നടത്തുക, രാഷ്ട്രീയതടവുകാരെ മോചിപ്പിക്കുന്നതിനുവേണ്ടിയുള്ള സമരം വിജയിപ്പിക്കുക, 'മററിതുപോലെ രാഷ്ട്രീയപ്രശ്നങ്ങളെ സംബന്ധിച്ചോ മറേറാ, ഉദ്ദേശ്യസാദ്ധ്യത്തിനു പററുന്ന എല്ലാ മാർഗ്ഗങ്ങളും വിനിയോഗിക്കണമെന്നാണാവശ്യപ്പെട്ടിട്ടുള്ളതു്.

നമ്മുടെ വിദ്യാലയങ്ങളിൽ ഈ പ്രസ്ഥാനത്തിന്റെ നിഗൂഢമായ പ്രവർത്തനങ്ങൾ വിപൽക്കരമായ വിധത്തിൽ നടന്നുകൊണ്ടിരിക്കുന്നുണ്ട് എന്നു നാം മനസ്സിലാക്കണം. ഈ അടിയൊഴുക്കുകളെ വേണ്ട വിധത്തിൽ പ്രതിബന്ധിക്കുന്നില്ല എങ്കിൽ വിദ്യാഭ്യാസപരമായി നാം ചെയ്യുന്ന പ്രയത്നങ്ങളത്രയും വിദേശസോവ്യററിന്റെ അഞ്ചാംപത്തികളായി ഭാരതസ്വാതന്ത്ര്യത്തെ ഒററിക്കൊടുക്കുന്ന രാജ്യദ്രോഹികളെ വളർത്തുന്നതിനുള്ള വളംവയ്പായിരിക്കും! ആർഷഭാരതത്തിന്റെ ആദ്ധ്യാത്മികമൂല്യങ്ങളെ നശിപ്പിച്ചു മതവിരുദ്ധനിരീശ്വരശക്തികളെ പാലൂട്ടി വളർത്തുന്നതായിരിക്കും!! അതുകൊണ്ടു സ്ററുഡൻറ്സ് ഫെഡറേഷൻ മുതലായ ഇടതുപക്ഷചായ്‌വുള്ള സംഘടനകളേയും വിദ്യാലയങ്ങളിലും വിദ്യാർത്ഥികളുടെ ഇടയിലും ഉള്ള കമ്മ്യൂണിസ്റ്റുകളുടെ സ്വതന്ത്രമായ വിഹാരരംഗങ്ങളേയും വേണ്ടത്ര കരുതലോടെ സൂക്ഷിക്കുകയും ആവശ്യമായ പ്രതിവിധികൾ തക്കസമയത്തു പ്രയോഗിക്കുകയും ചെയ്യേണ്ടതു് ഇന്നത്തെ അടിയന്തിരകർത്തവ്യമാണ്.

## പ്രസാധകക്കുറിപ്പുകൾ

### കമ്മ്യൂണിസ്റ്റ്ബന്ധം വെടിഞ്ഞ വിദ്യാർത്ഥിയുടെ അനുഭവങ്ങൾ

ഞാൻ കമ്മ്യൂണിസ്റ്റ്പാർട്ടിയിലെ ഒരു കാർഡ്ഹോൾഡറു് മെമ്പറായി മൂന്നുകൊല്ലത്തോളമായി സജീവമായി പ്രവർത്തിച്ചുവരികയായിരുന്നു. ഇന്നത്തെ സാമൂഹ്യവ്യവസ്ഥിതിയിൽ നിലനില്ക്കുന്ന അനീതികൾക്കും അനാചാരങ്ങൾക്കുമെതിരെ പടപൊരുതി അദ്ധ്വാനിക്കുന്നവന്റെ ഒരു ലോകം പടുത്തുയർത്തുവാൻ ആത്മാർത്ഥമായി നിലകൊള്ളുന്ന ഒരു പാർട്ടിയാണ് കമ്മ്യൂണിസ്റ്റ്പാർട്ടിയെന്നുള്ള ഉറച്ച വിശ്വാസമാണ് എന്നെ ഒരു കമ്മ്യൂണിസ്റ്റ്കാരനാക്കിയതു്.

എന്നാൽ പാർട്ടിയുമായി ബന്ധപ്പെട്ട സ്റ്റഡിക്ലാസ്സുകളിലും മററും സംബന്ധിച്ചു തുടങ്ങിയപ്പോഴാണ് കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ "വിശ്വരൂപം" എനിക്കു മനസ്സിലായിത്തുടങ്ങിയതു്. മററുള്ള ഇടതുപക്ഷപാർട്ടികളിലുള്ള നേതാക്കന്മാരെയും, പ്രവർത്തകന്മാരെയും കുറിച്ചു ആഭാസകരമായ ചില കെട്ടുകഥകൾ പ്രചരിപ്പിക്കാനും, കത്തോലിക്കാമതസ്ഥാപനങ്ങളേയും അവരുടെ വിദ്യാലയങ്ങളേയും കാളേജുകളേയും "സന്ധിയില്ലാത്ത കലാപങ്ങളിലൂടെ" തല്ലിത്തകർക്കുന്നതിനും ഞങ്ങളെ പഠിപ്പിച്ചതല്ലാതെ താത്വികമായി യാതൊന്നുംതന്നെ പറഞ്ഞുമനസ്സിലാക്കാറില്ല.

തൃശ്ശൂർ സെൻറ് തോമസ്‌കോളേജ് അധികാരികളും പ്രൊഫസർ മുണ്ടശ്ശേരിയും തമ്മിൽ കേസ് നടന്നിരുന്ന കാലത്തു് ഞാൻ സെൻറ് തോമസ് കോളേജിലെ ഒരു വിദ്യാർത്ഥിയായിരുന്നു. ആ കേസ് വിധിപറയുന്ന ദിവസം —കേസിൽ മുണ്ടശ്ശേരി ജയിക്കുന്നപക്ഷം—കോളേജിൽ വമ്പിച്ച രീതിയിലുള്ള ഒരു കലാപം സൃഷ്ടിക്കുന്നതിനും കോളേജ് അധികാരികളെ കയ്യേററം ചെയ്യുന്നതിനും കമ്മ്യൂണിസ്റ്റ്പാർട്ടി ഗൂഢാലോചന നടത്തുകയുണ്ടായി. എന്നാൽ കേസ്സിൽ മുണ്ടശ്ശേരി പരാജയപ്പെട്ടതോടെ ഈ പരിപാടി പാർട്ടി തല്ക്കാലം നിർത്തിവയ്ക്കുകയാണുണ്ടായതു്.

ചാലക്കുടിയിലെ തൊഴിലാളിനേതൃത്വം നഷ്ടപ്പെട്ട കമ്മ്യൂണിസ്റ്റ്പാർട്ടി ഇവിടെ മററു പാർട്ടികൾ നടത്തുന്ന തൊഴിലാളി

സമരങ്ങൾ പൊളിയത്തക്കവിധത്തിൽ പ്രചരണം നടത്തുവാൻ ഞങ്ങളെ പഠിപ്പിച്ചതുതന്നെ. അതാണ് തൊഴിലാളിവർഗ്ഗാധിപത്യത്തിലേക്കുള്ള ഏകമാർഗ്ഗമെന്നു കരുതി ഞങ്ങളും പൊളിപ്പൻപണിക്കു മുതിർന്നു. പാർട്ടിയിൽതന്നെ ജാതീയമായും, സാമുദായികമായും വടംവലികൾ മുറുകിവരികയാണ്. നേതൃത്വത്തിലുള്ളവരെല്ലാം ജന്മിസന്താനങ്ങളാണ്. അദ്ധ്വാനിക്കുന്ന വർഗ്ഗത്തിന്റെ പേരിലാണ് അവർ എന്നും സംസാരിക്കുക, എന്നിരുന്നാലും ആ വർഗ്ഗത്തിനു് അതിൽ യാതൊരുവിധ പ്രാതിനിധ്യവും അനുവദിക്കുന്നില്ല എന്നുള്ളതാണ് പരമാർത്ഥം.

കമ്മ്യൂണിസ്റ്റുകാരെ ഒററിക്കൊടുത്തവർ, പഴയ പോലീസ് ഏജൻറുകൾ, മാപ്പുമൂളിയവർ, അവസരവാദികൾ ഇവരാണ് ഇന്നു പാർട്ടിയെ നയിക്കുന്നതു്. പാവപ്പെട്ടവനു് കമ്മ്യൂണിസ്റ്റുപാർട്ടിയിൽ രക്ഷയില്ലെന്നെനിക്കു് പരിപൂർണ്ണബോധ്യം വന്നിരിക്കുന്നു. ഈ നിലയിൽ ഞാൻ കമ്മ്യൂണിസ്റ്റുപാർട്ടിയുമായുള്ള എല്ലാ ബന്ധങ്ങളും വേണ്ടെന്നുവച്ചിരിക്കുന്നു.

ഈ വിവരങ്ങളും, ഇൻഡ്യൻ കമ്മ്യൂണിസ്റ്റുപാർട്ടിയുടെ നേരെ താൻ കൊണ്ടുവന്നിട്ടുള്ള ഗുരുതരമായ എല്ലാ ആരോപണങ്ങളും താൻ തെളിയിക്കാൻ തയ്യാറാണെന്നു സെൻറു് തോമസ് കോളേജ് വിദ്യാർത്ഥിയായ മി. കെ. ആർ. ആൻറണി ഒരു പത്രപ്രസ്താവനമുഖേന നാട്ടുകാരെ അറിയിച്ചിരിക്കുന്നു. എത്രയോ വിദ്യാർത്ഥികൾ കമ്മ്യൂണിസ്റ്റുപാർട്ടിയുടെ വലയിൽ അന്ധരായി കുടുങ്ങിപ്പോകയും അതിൽനിന്നു രക്ഷപെടാൻ മനസ്സുണ്ടെങ്കിൽതന്നെ ഗത്യന്തരമില്ലാതെ വിഷമിക്കുകയും ചെയ്യുന്നു!

* * *

## കമ്മ്യൂണിസ്ററുകാരുടെ നുഴഞ്ഞുകയററം — ഉള്ളുകള്ളികൾ അറിയുന്നയാളുടെ വിവരണം

ഈ രാജ്യത്തുള്ള എല്ലാ സംഘടനകളിലും പ്രസ്ഥാനങ്ങളിലും അവർ (കമ്മ്യൂണിസ്റ്റുകാർ) നുഴഞ്ഞുകയറുവാൻ ശ്രമിക്കുന്നുണ്ടു്. വായനശാലകളിലും സാഹിത്യസംഘടനകളിലും, സംഗീതസമിതികളിലും, നാടകക്കമ്പനികളിലും എല്ലാം അവരുടെ നുഴഞ്ഞുകയററവും ചുഴിഞ്ഞിറക്കവുമുണ്ടു്. ഈയിടെ ഒരു കവിതാപാരായണസദസ്സിൽ ഇതെഴുതുന്ന ആൾ സന്നിഹിതനായിരുന്നു. കേരളത്തിലെ പല കവികളുടേയും നല്ലനല്ല കവിതകൾ അവിടെ പാടുകയുണ്ടായി. ഇടയ്ക്കു് ഒരു കമ്മ്യൂണിസ്റ്റുകവിയുടെ കവിത പാടാൻ തുടങ്ങിയപ്പോൾ സദസ്സിലുണ്ടായിരുന്ന രണ്ടു മൂന്നുപേർ പെട്ടെന്നു് ഒരു കൈയടി പ്രസ്ഥാനം സംഘടിപ്പിക്കുന്നതു കണ്ടു. കവിതപാടി കഴിയാറായപ്പോൾ കൈയടിയുംകേട്ടു ഇതാണു് കലാപ്രസ്ഥാനങ്ങളിലെ നുഴഞ്ഞുകയററത്തിനൊരു മാതൃക. ഇതുപോലെ, എല്ലാ രംഗങ്ങളിലും ഈ നുഴഞ്ഞുകയററം നടന്നുവരികയാണ്. ചിലതിൽ ചില്ലറവിജയവും, ചിലതിൽ പരാജയവും ഉണ്ടാകുന്നുവെന്നു മാത്രം.

പലക്കും അത്ഭുതമായി തോന്നാവുന്ന മറെറാരു നേരുപറയാം. യുവതീയുവാക്കന്മാരുടെ പ്രണയകാര്യങ്ങളിലും, വിവാഹാലോചനയിലും, കമ്മ്യൂണിസ്റ്റുകാർ നുഴഞ്ഞുകയറാറുണ്ടു്. ഇൗവകകാര്യങ്ങളിൽ സാധാരണയായി പ്രതിബന്ധങ്ങളും ഭിന്നതകളും ഉണ്ടാകുമല്ലോ. ആ വീടവുകളിൽക്കൂടി നുഴഞ്ഞുകയറി ഏതെങ്കിലും ഒരു പക്ഷം പിടിച്ചു് വാശികേററുകയാണു് ചെയ്യുന്നതു്. തെററിപ്പിരിയുകയാണെങ്കിൽ, ഏതെങ്കിലും ഒരു കക്ഷി അവരുടെ വലയിൽ കുടുങ്ങും. യോജിപ്പിലെത്തുകയാണെങ്കിൽ, അവരുടെ ശ്രമംകൊണ്ടാണു് യോജിപ്പുണ്ടായതെന്നു വരുത്തിവച്ചു്, ഇരുകൂട്ടരുടേയും അനുഭാവങ്ങളും മററു് ആനുകൂല്യങ്ങളും സമ്പാദിക്കും.

ക്ഷേത്രക്കമ്മിററികളിലും കമ്മ്യൂണിസ്റ്റുകാർ നുഴഞ്ഞുകയറും. ക്ഷേത്രങ്ങളും ഉത്സവങ്ങളും "പിടിച്ചുപററുക"യാണു് ഈ നുഴഞ്ഞുകയററത്തിൻെറയും ഉദ്ദേശ്യം. പ്രണയത്തെ പാർട്ടിപ്രചരണത്തിനുവേണ്ടി ഉപയോഗിക്കുന്നതുപോലെതന്നെ, ഇതും ഉപയോഗിക്കുവാൻ അവർക്കു കഴിയും. ക്ഷേത്രങ്ങളുടേയും ഉത്സവങ്ങളുടേയും മററും നടത്തിപ്പിൽ വളരെയധികം പണം ചിലവാക്കുമെന്നുള്ളതുകൊണ്ടു് അതിലെല്ലാം നുഴഞ്ഞുകയറുന്നതിൽ "സാമ്പത്തികം" കൂടി ഉണ്ടു്.

ശ്രീ പി. കേശവദേവു് നൽകുന്ന ഈ വിവരണം കമ്മ്യൂണിസ്റ്റു് നുഴഞ്ഞുകയററത്തിൻെറ അടവുകൾ അറിയുവാനും നേരിടുവാനും തീർച്ചയായും സഹായകമായിരിക്കും.

* * *

## ഭൂപരിഷ്കരണത്തിനുള്ള വിവേകപൂർവ്വകമായ പ്രായോഗിക തത്വങ്ങൾ

തമിഴ്നാട്ട് (മദ്രാസ്) കോൺഗ്രസ്സ് കമ്മിററി ഭൂപരിഷ്കരണോദ്ദേശ്യം നിയമിച്ച ഒരു സബ്കമ്മിററി ഈയിടെ പ്രസിദ്ധീകരിച്ച റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ വളരെ ബുദ്ധിപൂർവ്വകവും പ്രായോഗികവും ആയിരിക്കുന്നു. ഒന്നാമത്തെ നിർദ്ദേശം ഉല്പാദനത്തിൻെറ പരമാവധി വർദ്ധനവിനെ ലക്ഷ്യമാക്കുന്നു. രണ്ടാമത്തേതു ഉല്പാദനങ്ങൾ കൃഷിക്കാരനും ഭൂവുടമസ്ഥനും യഥാർഹം വീതിക്കപ്പെടണമെന്നാണു്. മൂന്നാമത്തേതിൽ കൃഷിക്കാരനോടു് അത്രേയററത്തെ നീതിയോടുകൂടിയും അതേസമയം ഭൂവുടമകളോടു് മിക്കവാറും അനീതി കൂടാതേയും പെരുമാറണമെന്നാവശ്യപ്പെടുന്നു നാലാമത്തേതു് സ്വകാര്യസ്വത്തുടമാവകാശങ്ങളുടെ സർവ്വതോമുഖമായ ക്രമീകരണത്തെ ലക്ഷ്യംവയ്ക്കുന്നു. ബോധപൂർവ്വകവും പുരോഗമനോന്മുഖവുമായ സ്വകാര്യജന്മിത്തം കൈവരുത്തുവാൻവേണ്ടി വസ്തുതാഭേദവാധവും നിയന്ത്രണവിധേയത്വവുമുള്ള ഭൂവുടമകളുടെ സഹകരണം സ്വാധീനപ്പെടുത്തണമെന്നു് ഉദ്ദേശിക്കുകയും ചെയ്യുന്നു. അഞ്ചാമത്തേതു് ഭൂമിസംബന്ധിച്ചുള്ള കാര്യങ്ങളിൽ തികച്ചും സമാധാനപരമായ അന്തരീക്ഷം സൃഷ്ടിക്കുവാനും പുലർത്തുവാനും ലക്ഷ്യം വയ്ക്കുന്നു. അതിനുവേണ്ടി സമാധാനഭഞ്ജകമായ സകല നടപടികളും, മദ്ധ്യനിലയിലും ചെറുനിലയിലുമുള്ള ഭൂവുടമകൾക്കു് ഉപദ്രവകരമാകാവുന്ന സകല സംരംഭങ്ങളും ഒഴിച്ചുവയ്ക്കണമെന്നുപദേശിക്കുന്നു. അവസാനത്തേതു് ഭൂവുടമകൾ തങ്ങളെത്തന്നെ സ്വത്തിൻെറ ട്രസ്റ്റികളെന്നു് പരിഗണിക്കത്തക്കവണ്ണം അവർക്കനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കുവാനുദ്ദേശിക്കുന്നതാണു്.

ഈ തത്വങ്ങൾ ഉൾക്കൊള്ളുന്ന ഭൂപരിഷ്കരണബിൽ വളരെ ഗുണപ്രദമായിരിക്കുമെന്നുള്ളതിനു സംശയമില്ല. എന്തുകൊണ്ടെന്നാൽ ഈ തത്വങ്ങളിൽ സർവ്വപ്രധാനമായി നില്ക്കുന്നതു് കാർഷികോല്പാദനത്തിൻെറ വർദ്ധനവാണു്. ഭൂവുടമയുടെ കൈവശത്തിനു പരിധിനിർണ്ണയിക്കുക, ജന്മിയും കുടിയാനും തമ്മിലുള്ള ബന്ധങ്ങൾ ശരിപ്പെടുത്തുക, ജന്മിയോടുള്ള പെരുമാററം ക്രമീകരിക്കുക, ഈ പ്രശ്നങ്ങളെല്ലാം കൈകാര്യം ചെയ്യുന്നതിനു് ഉരകല്ലായി നിൽക്കേണ്ടതു് കാർഷികോല്പാദനത്തിൻെറ വർദ്ധനവാകുന്നു.

* * *

## പി. എസ്സ്. പി. യും കോൺഗ്രസ്സും തമ്മിൽ കലഹിച്ചാൽ കമ്മ്യൂണിസ്റ്റുകാർ മുന്നേറും

ഈയിടെ ചങ്ങനാശേരിയിൽ ശ്രീ മന്നത്തിൻെറ അദ്ധ്യക്ഷതയിൽ നടന്നതും തിരുക്കൊച്ചി സംസ്ഥാനത്തിൻെറ വിവിധഭാഗങ്ങളിൽനിന്നും പ്രത്യേകം ക്ഷണിക്കപ്പെട്ടവരായി 100 ൽപ്പരം പ്രശസ്തവ്യക്തികൾ പങ്കെടുത്തതുമായ രാഷ്ട്രീയചർച്ചാസമ്മേളനത്തിൻെറ ഒരുഘട്ടത്തിൽ ക്ഷണിതാക്കളിലൊരാളായ ശ്രീ പനമ്പിള്ളി ചെയ്ത പ്രസംഗത്തിലെ ഒരുഭാഗം:- ഭൂപരിഷ്കാരം വരുന്നതിനെപ്പററി നാമാരും പരിഭ്രമിക്കരുതു്. കാലത്തിൻെറ ചുവരെഴുത്തുകാണുവാൻ നാമെല്ലാം തയ്യാറാകണം. പി. എസ്സ്. പി. അധികാരമേററെടുത്തപ്പോൾ പഴവങ്ങാടിയിൽവച്ചു ഞാൻ നടത്തിയ ഒരു പ്രസംഗത്തിലെ ഒരു വരി ഇപ്പോഴും ഞാൻ ആവർത്തിക്കുന്നു. പി. എസ്സ്. പി. കമ്മ്യൂണിസ്റ്റുപാർട്ടിക്കു വഴിവെട്ടിത്തെളിക്കുകയാണെന്നു ഞാനന്നു പറഞ്ഞു. മലബാർ ഡിസ്ട്രിക്ട് ബോർഡ് തെരഞ്ഞെടുപ്പുഫലം നാം കണ്ടു മനസ്സിലാക്കണം. സമുന്നതനായ ശ്രീ കേളപ്പനും പി. എസ്സ്. പി യുടെ അപദാനങ്ങളെപ്പററി നിരന്തരം അവിടെ നടത്തിയ പ്രചരണപ്രവർത്തനങ്ങൾക്കും പി എസ്സ്. പി യെ അവിടെനിന്നും കരകയറുവാൻ കഴിഞ്ഞില്ല. 48 സീററിൽ ഒന്നുമാത്രമാണു അവിടെ പി. എസ്സ്. പി. ക്കു കിട്ടിയതു്. കമ്മ്യൂണിസ്റ്റുകാർക്കു 18-ം അവരുടെ അനുഭാവികൾക്കു് 6 ം. പി. എസ്സ്. പി. ക്കാരും കോൺഗ്രസ്സുകാരുംകൂടി കലഹിച്ചാൽ അതു തന്നെയായിരിക്കും ഇവിടെയും ഫലം 1498-ൽ വാസ്കോഡിഗാമ വന്നിറങ്ങിയതോടെ എപ്രകാരം ഒരു വിദേശശക്തിക്കു കേരളത്തിലൂടെ ഇന്ത്യയിൽ അധികാരം പ്രാപിക്കുവാൻ കഴിഞ്ഞുവോ, അതുപോലെ മറെറാരു വിദേശശക്തി ഇവിടെ വന്നിറങ്ങി ശക്തിപ്രാപിക്കുവാൻ തക്കം പാർത്തിരിക്കുകയാണു്. കോൺഗ്രസ് മാത്രമാണു് കമ്മ്യൂണിസ്റ്റുപാർട്ടിയെ തടുത്തുനിർത്തുന്ന ഏക രക്ഷാദുർഗ്ഗം. പരിഹാസശരങ്ങൾകൊണ്ടു് അതിൻെറ ഓരോ ഇഷ്ടികയിളക്കിവീഴ്ത്തുന്നതും ആക്രമണകാരിയായ കമ്മ്യൂണിസ്റ്റിനു് സൗകര്യം കൊടുക്കുകയാണു്. കോൺഗ്രസിനു് അപ്രമാദിത്വം ഉണ്ടെന്നു ഞാൻ അഭിപ്രായപ്പെടുന്നില്ല. മനുഷ്യസഹജമായ ദുർബലതകൾ ഉണ്ടു്. പാണ്ഡവന്മാരും പാഞ്ചാലിയും വനവാസത്തിനൊരുമ്പെട്ടപ്പോൾ എപ്രകാരം ശ്രീകൃഷ്ണൻ അവർക്കു് ബന്ധുവായിരുന്നുവോ അതുപോലെ അധികാരമൊഴിഞ്ഞു വനവാസം നടത്തുന്ന ഞങ്ങൾക്കു് ആലംബമായി കെട്ടുറച്ച ഒരു സംഘടനയുണ്ടു്. അതിനെ നിങ്ങൾ പുഛരിക്കരുതു്. പുഛരിക്കുന്നതു നമുക്കുതന്നെ വിനവരുത്തിവയ്ക്കും. ഞങ്ങളോടു് ആലോചിക്കണമെന്നു ഞങ്ങൾ ആവശ്യപ്പെടുന്നില്ല. രാജ്യനന്മയ്ക്കു് ഉത്തമമെന്നു തോന്നുന്ന കാര്യങ്ങളിൽ ചോദിച്ചില്ലെങ്കിലും സഹകരണം നൽകും.

—ഠ—

ലീജിയൻ ഓഫ് മേരി

## "ചെന്നായ്ക്കളുടെ ഇടയിലെ കുഞ്ഞാടു്"

### ചൈനയിലെ ഹൃദയസ്പർശകമായ സംഭവങ്ങൾ

### (ഫാദർ വർഗ്ഗീസ് പഴയമഠം)

ആഗോളവ്യാപകമായി പ്രവർത്തനം നടത്തുന്ന ഒരു പ്രേഷിതസംഘടനയാണല്ലോ മരിയസൈന്യം അഥവാ ലീജിയൻ ഓഫ് മേരി. "ദൈവത്തിൻെറ കൈയൊപ്പോടുകൂടിയ, ആധുനികലോകത്തിലെ അത്ഭുതം" തന്നെയാണതു്. നമ്മുടെ നാട്ടിലും അതിനു പ്രചുരപ്രചാരം സിദ്ധിച്ചുവരുന്നു എന്നതു് ചാരിതാർത്ഥ്യജനകമത്രെ. "നാം ജീവിക്കുന്ന ഈ കാലത്തിൽ ഐർലണ്ടു് നൽകിയ ഏററവും വലിയ സംഭാവന" യാണു് ഈ സംഘടന എന്ന കർദ്ദിനാൾ സാൽററിൻെറ പ്രസ്താവനയോടു് ആരും വിയോജിക്കുകയില്ല

ഇന്നു് കമ്മ്യൂണിസ്റ്റ് പിടിയിൽ അമർന്നിരിക്കുന്ന ചൈനയിൽ അതു് ചെയ്യുന്ന സേവനവും, നൽകുന്ന നേതൃത്വവും വിസ്മയാവഹമാണു്. അവിടെയാണതിനു ഏററവും കൂടുതൽ പീഡനം സഹിക്കാനുള്ളതും. ചെന്നായ്ക്കളുടെ ഇടയിലെ കുഞ്ഞാടാണു് ഇന്നു് കമ്മ്യൂണിസ്റ്റ് ചൈനയിൽ മരിയസൈന്യം. അവിടെ "ടായുവാൻ" (Taijuan) എന്ന രൂപതയിൽ പ്രസ്തുതസഖ്യത്തിനു് നേരിടേണ്ടിവന്ന ചില സംഭവങ്ങൾ ആരേയും വികാരഭരിതരാക്കുവാൻ പര്യാപ്തമാണു്. ഒരു ഇംഗ്ലീഷ്മാസികയിൽ ചൈനയിലെ ഒരു പ്രേഷിതവര്യൻ ഏതൽസംബന്ധമായി എഴുതിയിരുന്ന ലേഖനസംഗ്രഹം ആംഗ്ലേയ ഭാഷാനഭിജ്ഞരായ അനുവാചകർക്കു് ഉപകാരപ്പെടുവാനായി പ്രസ്തുത ലേഖകൻെറ വാക്കുകളിൽതന്നെ താഴെ ചേർക്കാം:-

മരിയസൈന്യത്തെപ്പററി അന്നിവിടെ അധികമാരും കാര്യമായി ഗണിച്ചിരുന്നില്ല. നല്ല കാര്യങ്ങൾ സാധാരണ സാവധാനമാണല്ലോ സംഭവിക്കുന്നതു്. ഇവിടത്തെ ഇൻറർനൺഷിയോ, അന്തോണിയോ റിബേരി മെത്രാപ്പോലീത്താതിരുമേനി (Antonio Riberi) 1947-ൽ ഇവിടെ വന്നിരുന്നപ്പോൾ ഞങ്ങളെ ഉൽബോധിപ്പിച്ചതാണു് ഈ സഖ്യം ആരംഭിക്കുവാൻ. പക്ഷേ ഞങ്ങൾ അദ്ദേഹത്തെ ഉണർത്തിച്ചു, കത്തോലിക്കാ പ്രവർത്തനസഖ്യം തുടങ്ങിയ പല അൽമായ പ്രേഷിതസഖ്യങ്ങളും വിജയകരമായി പ്രവർത്തിക്കുന്ന ഈ സ്ഥലത്തു് ലീജിയൻ ഓഫ് മേരിക്കു് പ്രത്യേകമായി ഒന്നും ചെയ്യുവാനില്ലെന്നു്. പിറെറ വർഷം തിരുമേനി ഞങ്ങളുടെ ഇടയിൽ വന്നപ്പോഴും, അദ്ദേഹത്തിൻെറ ഉൽബോധനം ആവർത്തിച്ചു. എന്നാൽ അതും വനരോദനമായി പരിണമിച്ചതേയുള്ളു.

1949 ഏപ്രിൽ മാസത്തിൽ ഒരു കമ്മ്യൂണിസ്റ്റ് ഭീകരാക്രമണം നടന്നു ആക്രമണഫലമായി ഞങ്ങൾ വസിച്ചിരുന്നപട്ടണം അവർ കൈയടക്കി. കത്തോലിക്കാസഭയ്ക്കെതിരായ പരസ്യമായ ഒരാക്രമണമായിരുന്നു അതു്. പുതിയ ശത്രുവിനെ നേരിടുവാനായി ഞങ്ങൾ ആലോചിച്ചു പുതിയ പ്രതിരോധനപദ്ധതികൾ. ലീജിയൻ ഓഫ് മേരി ഞങ്ങളുടെ ഹൃദയത്തിൽ കുളിർമ ചാർത്തി.

ഞങ്ങളുടെ മെത്രാപ്പോലീത്താതിരുമേനി ഞങ്ങൾക്കു സുധീരമായ നേതൃത്വം നൽകി. ലീജിയൻ നിയമാവലി പഠിക്കുവാനായി ഒരു വൈദികൻ നിയമിതനായി. വിനാവിളംബം ഏതാനും പേരെ ലീജിയൻ ആദർശത്തിൽ അദ്ദേഹം പരിശീലിപ്പിച്ചു. ഒരു സൈന്യശാഖ (Praesidium) അവിടെ രൂപവത്കൃതമായി. നിയമത്തിൽനിന്നും അണുപോലും വ്യതിചലിക്കാതെ അവരുടെ പ്രതിവാരയോഗങ്ങളും

## അടുത്തയാഴ്ചയിൽ

നവംബർ

11 വ്യാ: ടൂഴ്സിലെ മർത്തീനോസ്
12 വെ: മർത്തീനോസ് പാപ്പാ
13 ശ: സ്തനിസ്ലാവോസ് കോസ്ക
14 ഞാ: പന്ത: 23-ാം ഞായർ
15 തി: ജെർത്രൂദ്
16 ചൊ: റപ്പായേൽ മാലാഖ
17 ബു: ഗ്രീഗോരിയോസ്


ശരിയായ സ്ഥാപനത്തിൻെറപേരു്

കാളൻ

സ്ഥലപ്പേരു്

നെല്ലായി

രോഗവിവരക്കുറിപ്പുകളും മററും അയക്കേണ്ടും വിലാസം

കാളൻ, നെല്ലായി

N. B. അനുകരണങ്ങളെ സൂക്ഷിക്കണം. കൂടുതൽ വിവരങ്ങൾക്കു എഴുതുക.



പ്രേഷിത പ്രവർത്തനങ്ങളും നടന്നു. പത്തുമാസത്തിനുള്ളിൽ ആ നഗരിയിൽ ഇരുപത്തിയൊന്നു സൈന്യശാഖകൾ ജന്മമെടുത്തു. അക്കാലത്തു് ടായ്വാർ രൂപതയെ അധിവസിച്ചിരുന്ന 750,000 ജനങ്ങളിൽ വെറും 7,000 പേർ മാത്രമായിരുന്നു കത്തോലിക്കർ. സഖ്യത്തിലെ സജീവാംഗങ്ങളിൽ പലരും ആയിടയ്ക്കു് സഭാപ്രവേശം ചെയ്തവരുമായിരുന്നു. ഇടദിവസങ്ങളിൽ 50 പേരോളവും ഞായറാഴ്ചദിവസങ്ങളിൽ 200 പേരോളവുമായിരുന്നു വി. കുർബാന സ്വീകരിക്കുവാനണഞ്ഞിരുന്നതു് ആ നഗരിയിൽ. എന്നാൽ മരിയസൈന്യത്തിന്റെ ആവിർഭാവത്തോടുകൂടി ഒരു നവചൈതന്യം എവിടെയും കളിയാടി. ഒരു വർഷത്തിനകം ദിവസേന വി. കുർബാന സ്വീകരിക്കുന്നവരുടെ സംഖ്യ 500-ഓളമായും ഞായറാഴ്ച വി. കു: കൈക്കൊള്ളൽ ഉദ്ദേശം 2,000 മായും വർദ്ധിച്ചു.

(തുടരും)

## കോൺഗ്രസ്സ് വാർഷികം

ഒല്ലൂർ, കത്തോലിക്കാകോൺഗ്രസ്സിന്റെ 14-ാ വാർഷികസമ്മേളനം തിരുവനന്തപുരം അതിരൂപതാ അഡ്മിനിസ്റ്റ്രേറ്റർ അപ്പസ്തോലിക്ക് റൈററ് റവ. ബനഡിക്ട് മാർ ഗ്രിഗോരിയോസ് ഒ. ഐ. സി. എം. എ. ഡി ഡി. തിരുമനസ്സിലെ മഹനീയാദ്ധ്യക്ഷതയിൽ സാഘോഷം കൊണ്ടാടിയിരിക്കുന്നു. ഈ സുവർണ്ണഘട്ടത്തിൽ പുനരൈക്യപ്രസ്ഥാനം ശക്തിപ്പെടുത്തുന്നതിനു് എല്ലാം കത്തോലിക്കരും കഴിവുള്ള പരിശ്രമങ്ങൾ ചെയ്യണമെന്നു് അദ്ധ്യക്ഷപ്രസംഗത്തിൽ തിരുമേനി ഉൽബോധിപ്പിച്ചു.

ക്രിസ്തുവിന്റെ രാജത്വതിരുനാളും മരിയൻജൂബിലിയും പ്രമാണിച്ചു് ഭക്തിനിർഭരമായ ഒരു ജപമാല പ്രദക്ഷിണം ഒല്ലൂർ ക. കോൺഗ്രസ്സ് ഓഫീസിനു മുൻവശത്തുനിന്നു് പുറപ്പെട്ടു്, മരിയാപുരം, കണിമംഗലം, തലോർ, ചിയ്യാരം, ഒല്ലൂർ, പെരിഞ്ചേരി, മരത്താക്കര എന്നിവിടങ്ങളിൽനിന്നുള്ള ജാഥാകളോടൊന്നിച്ചു് കമനീയമായി അലങ്കരിച്ചിരുന്ന രഥത്തിൽ ക്രിസ്തുരാജന്റെയും പരി. കന്യകമറിയത്തിന്റെയും പ്രതിമകൾ വഹിച്ചുകൊണ്ടു മാർ ഗ്രിഗോറിയോസു തിരുമേനിയുടെ അകമ്പടിയോടുകൂടി നടത്തപ്പെട്ടു.

ക്രിസ്തുനഗറിൽവച്ചു പൊതുസമ്മേളനം നടന്നു. റൈ. റവ. മോൺ. കുംകശ്ശേരി സ്വാഗതപ്രസംഗം നടത്തി. ശ്രീ എം. എ. ജോസഫ് ബി. എ. ബി. എൽ. റവ. ഫാ. ജേക്കബ് ചെമ്മണ്ണൂർ ബി. എ. എന്നിവർ പ്രസംഗിച്ചു. യോഗത്തിൽവച്ചു് ഒല്ലൂർ കത്തോലിക്കാ കോൺഗ്രസ്സ് പ്രസിഡണ്ടു് എ. ഡി. അഗസ്റ്റിൻ കെ. എസ്സ്. ജി. അവർകളെ മാടമ്പിസ്ഥാനലബ്ധിയിൽ അനുമോദിച്ചു. സെക്രട്ടറി ജോസഫ് പൂവ്വത്തിങ്കൽ റിപ്പോർട്ടു് വായിച്ചു. ശ്രീ എ. വി. ആന്റണി കൃതജ്ഞത പ്രകാശിപ്പിച്ചു. സമ്മേളനാനന്തരം ജെ. പി. ഒല്ലൂരിനാൽ വിരചിതമായ ബോസ്കോ ആർട്ട്സ് ക്ലബ്ബിന്റെ "ആർ കുററവാളി?" എന്ന സംഗീതനാടകം അഭിനയിക്കുകയുണ്ടായി. ശ്രീ പി. വി ഔസേപ്പിനു നടനവൈദഗ്ദ്ധ്യത്തിനു് മരിയാപുരം ബോസ്കോ ക്ലബ്ബിന്റെ വകയായി ഒരു മെഡൽ സമ്മാനിക്കുകയുണ്ടായി. സമ്മേളനത്തോടനുബന്ധിച്ചു് ബാലികാബാലന്മാരുടെ കലാപ്രകടനങ്ങളും "ചാന്ദ്നി" ആർട്ട്സ് ക്ലബ്ബിന്റെ ഓർക്കസ്ട്രയും ഉണ്ടായിരുന്നു. ഏതാനും പ്രമേയങ്ങൾ സമ്മേളനത്തിൽ പാസാക്കപ്പെട്ടു.

# സത്യദീപം
## "മരിയൻ ജൂബിലിസ്പെഷൽ"
## ഡിസമ്പർ 8-ാംനു
പ്രതീക്ഷിപ്പിൻ !

## മരിയൻജൂബിലി
### മഞ്ഞുമ്മേൽ

വരാപ്പുഴ അതിരൂപതയുടെ പൊതുവായ മരിയൻജൂബിലി ആഘോഷങ്ങൾ ഇവിടെ വച്ചു കർമ്മലീത്താ സന്യാസസമൂഹത്തിന്റെ ആഭിമുഖ്യത്തിൽ 18-മുതൽ 21 വരെ തീയതികളിൽ വിവിധപരിപാടികളോടുകൂടി ആഘോഷിക്കപ്പെടുന്നു. മോസ്റ്റ് റവ ഡോക്ടർ ജോസഫ് അററിപ്പേററി, റൈററ് റവ. ഡോക്ടർ അമ്പ്രോസ്, റൈററ് റവ. ഡോ. അലക്സാണ്ഡർ എടേഴത്തു്, റൈററ് റവ. ഡോ മൈക്കൾ ആറാട്ടുകുളം റൈററ് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ, എന്നീ വൈദികാദ്ധ്യക്ഷന്മാരും പ്രമുഖരായ വൈദിക അൽമായ പണ്ഡിതന്മാരും വിവിധപരിപാടികളിൽ നേതൃത്വം വഹിക്കുന്നതാണ്. ആധുനിക പ്രശ്നങ്ങളേയും മരിയൻശാസ്ത്രസിദ്ധാന്തങ്ങളെയും സംബന്ധിച്ച സ്റ്റഡി ക്ലാസ്സുകൾ പ്രത്യേകം ശ്രദ്ധാർഹങ്ങളാണ്. വിശദമായ പരിപാടി അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുതദിവസങ്ങളിൽ അവിടെ താമസത്തിനു ഭക്ഷണച്ചിലവ് 5ക. യാണ് (കഴിഞ്ഞലക്കത്തിൽ 3ക. എന്നു ചേർത്തിരുന്നതു് ശരിയല്ല. പ) നിർവ്വാഹകർ മററുള്ളവർക്കും ഭക്ഷണസൗകര്യങ്ങൾ ഏർപ്പെടുത്തുന്നുണ്ട്.

## ചരമവാർത്തകൾ

**എറണാകുളം:** "വെള്ളിത്തിര" വാരികയുടെ പബ്ളിഷറായ ശ്രീ പി. സി. ജോൺ അവർകളുടെ പിതാവും എൻ. പി. പ്രസ്സ് പ്രൊപ്രൈറ്ററുമായ ശ്രീ ചിക്കു പുല്ലുടൻ അവർകൾ തന്റെ 71-ാമത്തെ വയസ്സിൽ നവ. 1-ാംനു നിര്യാതനായിരിക്കുന്നു. ശവസംസ്കാരം വൈകുന്നേരം ബ. വൈദികരുടേയും നിരവധി ബന്ധുമിത്രാദികളുടെയും സാന്നിദ്ധ്യത്തിൽ നിർവ്വഹിക്കപ്പെട്ടു

**കുളത്തൂർ:** ചെറുപുഷ്പ മിഷൻലീഗിലെ അംഗമായിരുന്ന ബ്ര: ടി. വി. പീലിപ്പോസ് തോണാത്തു് ടൈഫോയിഡുമൂലം കഴിഞ്ഞ 31-ാംനു കർത്താവിൽ നിദ്രപ്രാപിച്ചു. പിറേറദിവസം റവ. ഫാദർ ജോസഫ് ഒളശയിൽ അവർകളുടെ കാർമ്മികത്വത്തിലും മിഷൻലീഗംഗങ്ങളുടെ സഹകരണത്തിലും മൃതദേഹം കുളത്തൂർപള്ളി സെമിത്തേരിയിൽ യഥാവിധി സംസ്കരിക്കപ്പെട്ടു.

**പായിപ്പാട്:** സ്ഥലത്തെ വല്യപറമ്പിൽ കോര ഔസേപ്പ്, തന്റെ 67-ാമത്തെ വയസ്സിൽ വാതസംബന്ധമായ രോഗംമൂലം കഴിഞ്ഞ 22-ാം തീയതി വെള്ളിയാഴ്ച കർത്താവിൽ നിദ്രപ്രാപിച്ചിരിക്കുന്നു. പിറേറദിവസം റവ. ഫാദർ ഫ്രാൻസിസ് കാളാശ്ശേരി എം. എ. റസേ മുതലായ തിരുകർമ്മങ്ങൾ നടത്തി. ഉച്ചകഴിഞ്ഞു് ശവസംസ്കാരകർമ്മങ്ങൾ ആരംഭിച്ചു. റവ. ഫാദർ മാത്യൂ ആലുങ്കൽ ചരമപ്രസംഗം നടത്തി. റവ. ഫാ. മാത്യു വല്യപറമ്പിൽ അവർകളുടെ പ്രധാന കാർമ്മികത്വത്തിലും മററനേകം വൈദികരുടെ സഹകരണത്തിലും ഒരു വമ്പിച്ച ജനാവലിയുടെ സാന്നിദ്ധ്യത്തിലും മൃതശരീരം സംസ്കരിക്കപ്പെട്ടു. ശവസംസ്കാരാനന്തരം പരേതന്റെ ഭവനത്തിൽവച്ചു് സാധുക്കൾക്കു അന്നദാനവും പണവും നൽകുകയുണ്ടായി.

R. I. P.

## ക്രിസ്തുരാജതിരുനാൾ
### ഇടവകറിപ്പോർട്ടുകൾ

**മണിപ്പുഴ:** സ്ഥലം ക്രിസ്തുരാജദേവാലയത്തിൽ രാജത്വത്തിരുനാൾ വിവിധ പരിപാടികളോടുകൂടി ആഘോഷിച്ചു. വിശുദ്ധ മറിയത്തൊരേത്തി ചാപ്പലിലേക്കു പ്രദക്ഷിണവും അവിടെവച്ചു ശ്രീ ജോസഫ് വെട്ടിക്കാടൻ അവർകളുടെ പ്രസംഗവും നടന്നു.

**അമയന്നൂർ:** രാജത്വത്തിരുനാളും, മരിയൻ ജൂബിലിയും, പുനരൈക്യജൂബിലിയും സംബന്ധിച്ച ആഘോഷങ്ങൾ നരിവേലി, ചേപ്പുംപാറ, നീറിക്കാട്, വടക്കൻമണ്ണൂർ, മുളന്താനത്തുകുന്നു്, തിരുവഞ്ചൂർ എന്നി ഇടവകകളുടെ സഹകരണത്തിൽ നടത്തിയിരിക്കുന്നു. സ്ഥലം പള്ളിമൈതാനത്തുവച്ചു റവ. ഫാദർ ജോസഫ് കാച്ചപ്പിള്ളിയുടെ അദ്ധ്യക്ഷതയിൽ പൊതുയോഗംചേർന്നു. റവ. ഫാദർ ജോർജ് ചുണ്ടേവാലേൽ സ്വാഗതം ആശംസിച്ചു. ശ്രീ സി. ഇസ്സഡ്. സക്കറിയാസ് എം. എ. (എസ്. ബി. കോളെജ് ലക്ചറർ) പ്രസംഗിച്ചു. എം. സി. ഗീവറുഗീസ് ബി. കോം. കൃതജ്ഞത പറഞ്ഞു. മിററിംഗിൽ ബാലികാബാലന്മാരുടെ ഗാനാലാപം ഉണ്ടായിരുന്നു.

**ചെമ്പേരി:** വമ്പിച്ച ഘോഷയാത്രയും, ഘോഷയാത്ര പുതുതായി സ്ഥാപിച്ചിട്ടുള്ള കുരിശിങ്കൽ എത്തിച്ചേർന്നപ്പോൾ റവ. ഫാദർ ജെ. വാരികാട്ടു് അവർകളുടെ രാജത്വത്തെ ആസ്പദമാക്കിയുള്ള പ്രസംഗവും ഉണ്ടായിരുന്നു. ഇതരഭക്തചടങ്ങുകളോടുകൂടി തിരുനാൾ സമാപിച്ചു

**മാള:** പുത്തൻചിറപള്ളിയിൽനിന്നു വന്നുചേർന്ന പരിഹാരപ്രദക്ഷിണത്തോടൊന്നിച്ചു റാലിയും പള്ളിയിൽവച്ചു റവ. ഫാദർ ജരാർഡ് ഒ. സി. ഡി. (കപ്പൂച്ചിൻ) അവർകളുടെ പ്രസംഗവും നടത്തപ്പെട്ടു.

**മാനന്തവാടി:** പൊതുയോഗം വികാരി റവ. ഫാദർ ഫേർമിസ് സി. ഡി. യുടെ അദ്ധ്യക്ഷതയിൽ നടന്നു. മി. റോക്കി ബി. എ. എൽ. ടി. പ്രസംഗിച്ചു. മി. ജോസഫ് കൈമാപ്പറമ്പന്റെ മഗ്ദലനമറിയം കഥാപ്രസംഗം സന്ദർഭോചിതമായി നടത്തപ്പെട്ടു.

**കലയന്താനി:** വിവിധ ഭാഗങ്ങളിൽനിന്നും ജാഥകൾ പള്ളിയങ്കണത്തിൽ വന്നുചേരുക

(ശേഷം 5-ാംപേജിൽ)


# "അനുകരണങ്ങളാൽ ചതി പററിയവരുടെ
# അനുഭവങ്ങൾ"

**വിലാസം തെററി എഴുതുകമൂലം** "അനുകരണ ഘൃത"ങ്ങളും, "അനുകരണ തൈല"ങ്ങളും അയച്ചുകിട്ടുകയും, അവകൊണ്ടു് രോഗശമനം സിദ്ധിക്കാഞ്ഞതിനാൽ ദുഃഖിക്കുകയും ചെയ്യുന്നവരുണ്ട്. ഇപ്രകാരം അനുകരണങ്ങളാൽ ചതി പററിട്ടുള്ളവരുടെ പല എഴുത്തുകളും ഞങ്ങൾക്കു കിട്ടിയിട്ടുണ്ട്. അവയിൽ രണ്ടു കത്തുകളിലെ ചില ഭാഗങ്ങൾമാത്രം തല്ക്കാലം ഇവിടെ ചേർക്കുന്നു.

1 ". . . . . അവർ അയച്ചുതന്ന ബില്ലും എഴുത്തും ഇതോടുകൂടി അയക്കുന്നു. നിങ്ങളുടെ മരുന്നിനെ ഉദ്ദേശിച്ചാണ് ഞാൻ ലെററർ എഴുതി മരുന്നിനു് ആവശ്യപ്പെട്ടതു്. അതിനു അവരുടെ മറുപടി കിട്ടി. അതിൽ 5 രൂപാ അയച്ചാൽ മരുന്നു അയച്ചുതരാം എന്നു പറഞ്ഞതനുസരിച്ചു് ഞാൻ അഞ്ചു രൂപാ അയച്ചു കൊടുത്തു. . . . . . പേപ്പറിലുള്ള നിങ്ങളുടെ പരസ്യം കണ്ടാണ് എനിക്കു സംഭവിച്ച അബദ്ധത്തെ ഞാൻ മനസ്സിലാക്കിയതു്. അതിനാലാണ് നിങ്ങൾക്കെഴുതിയതു്. ആ മരുന്നുകൊണ്ടു് എനിക്കു യാതൊരു ഗുണവും ഉണ്ടായില്ല. . . . . . ഇപ്പോൾ പ്രധാനമായി ഉള്ളതു് തലവേദന . . . . . നടുകഴപ്പു് എന്നിവ ആണ്. മറുപടി പ്രതീക്ഷിക്കുന്നു."

2 ". . . . . അത്താഴപൂരമെ സേവിപ്പാനും പറഞ്ഞു. 17-4-0ക. യുള്ള ഈമരുന്നുകളും വാങ്ങി ഞാൻ അവിടെനിന്നു വന്നു. ഇവിടെ വന്നു് ഞാൻ മരുന്നു സേവിച്ചുതുടങ്ങി. മൂന്നുദിവസം സേവിച്ചപ്പോഴേക്കും നീരിളക്കംകൊണ്ടു കണ്ണിൽനിന്നും മൂക്കിൽനിന്നും എപ്പോഴും വെള്ളംവരികയും തുമ്മലും ശക്തിയായതിനാൽ മരുന്നു നിർത്തേണ്ടിവന്നു. മൂന്നുദിവസം കഴിഞ്ഞു. പിന്നേയും രണ്ടാമതും സേവിച്ചുതുടങ്ങി. മുമ്പിലത്തെ മാതിരിതന്നെ ഉപദ്രവം ഉണ്ടായതിനാൽ പിന്നെയും സേവിപ്പാൻ പാടില്ലാതായി. കുറച്ചുദിവസം കഴിഞ്ഞപ്പോൾ ആ മരുന്നുകളെല്ലാമെടുത്തു് കുഴിച്ചുമൂടി. അതോടുകൂടി എനിക്കു . . . . . വലിയ ശല്യമായിരിക്കുന്നു. . . . . . . എനിക്കു് ഇപ്പോഴാണ് മനസ്സിലായതു്. . . . . . നിങ്ങളുടെ മരുന്നുകൾക്കാണ് പ്രചാരമെന്നും, എനിക്കു മുഖദാവിൽ കാണുന്നതിനു വിരോധമില്ല. . . . . ."

മേലിൽ ഇപ്രകാരമുള്ള അനിഷ്ടസംഭവങ്ങൾക്കിടവരാതിരിപ്പാൻവേണ്ടി "കാളൻ" സ്ഥാപനത്തിലേക്കു അയക്കുന്ന എഴുത്തുകൾ, മണിഓർഡറുകൾ മുതലായവകളിൽ പ്രൊപ്രൈററരുടേയോ, വൈദ്യന്റെയോ മറേറാ പേരുകളൊന്നും എഴുതരുതെന്നും താഴെ കാണുന്ന രണ്ടുവാക്കു മാത്രമേ വിലാസം എഴുതാവൂ എന്നും പൊതുജനങ്ങളെ വീണ്ടും അറിയിച്ചുകൊള്ളുന്നു.

കൂടുതൽ വിവരങ്ങൾക്ക് എഴുതുക.

**കാളൻ,** നെല്ലായി.

തിരുസഭാചരിത്രം 50

# കത്തോലിക്കാപക്ഷത്തുണ്ടായ പ്രത്യാഘാതം

(പ്രൊഫസർ പി. ററി. തോമസ് എം. എ.)

ആരിയൻപാഷണ്ഡതയ്ക്കു കൈവന്ന വിജയം അല്പകാലത്തേക്കു മാത്രമേ നിലനിന്നുള്ളു. രാജസ്ഥാനത്തിന്റെ പിൻബലത്തോടുകൂടിയും ന്യായവിരുദ്ധമായ മാർഗ്ഗങ്ങളിൽക്കൂടിയും പ്രാബല്യത്തിന്റെ ഉച്ചകൊടിയിൽ എത്തിച്ചേർന്ന പാഷണ്ഡതയ്ക്കു് അവിടെ നിലയുറപ്പിക്കുവാൻ സാധിച്ചില്ല. ഉയർച്ചയെക്കാൾ ശീഘ്രതരമായിരുന്നു അതിന്റെ അധഃപതനം. നിക്യാസൂനഹദോസ് പ്രഖ്യാപിച്ച പുരാതനവിശ്വാസത്തിന്റെ സംരക്ഷകന്മാരായി അനവധി വീരയോദ്ധാക്കൾ കിഴക്കും പടിഞ്ഞാറും അണിനിരന്നു. പാഷണ്ഡതയുടെ താല്ക്കാലികമായ വിജയം കത്തോലിക്കാ പക്ഷത്തു സംജാതമാക്കിയ ഈ പ്രത്യാഘാതം ഏററം ആശാവഹമായിരുന്നു.

കോൺസ്റ്റാൻഷ്യസ് ചക്രവർത്തി മെത്രാന്മാരുടെമേൽ അടിച്ചേല്പിച്ച പുതിയ വിശ്വാസപ്രമാണത്തെ ലിബേരിയസ് മാർപ്പാപ്പാ പാടേ തിരസ്കരിക്കയും റിമ്മിനി (Rimmini) യിലെ സൂനഹദോസിന്റെ തീരുമാനത്തെ ഒരു പരസ്യലേഖനം മുഖേന കുററംവിധിക്കയും ചെയ്തു. അനവധി മെത്രാന്മാർ അവരുടെ ആസ്ഥാനങ്ങളിൽ മടങ്ങി എത്തിയ ശേഷം പുതിയ വിശ്വാസപ്രമാണത്തിനു് അവർ നൽകിയ അംഗീകാരം പിൻവലിക്കുകയുണ്ടായി. പൗരസ്ത്യദിക്കിൽ വി. അത്തനേഷ്യസും പാശ്ചാത്യദിക്കിൽ ലിബേരിയസ് മാർപ്പാപ്പാ, പോയിറേറ്യഴ്സിലെ വി. ഹിലാരി (St. Hilary of Poitiers), കാഗ്ലിയാരിയിലെ ലൂസിഫർ (Lucifer of Cagliari) എന്നിവരുമാണു് കത്തോലിക്കാ പക്ഷത്തിനു് നേതൃത്വം നൽകിയതു്.

എ. ഡി. 357ൽ നാടുകടത്തപ്പെട്ട വി. അത്തനേഷ്യസ് പാഷണ്ഡതയ്ക്കെതിരായുള്ള സമരം തുടർന്നുകൊണ്ടേയിരുന്നു. മണലാരണ്യത്തിൽ കഴിച്ചുകൂട്ടിയ നാലു സംവത്സരം വിശ്വാസസംരക്ഷണമാകുന്ന അപ്പസ്തോലവൃത്തിയിൽ അദ്ദേഹം ഏററം തീക്ഷ്ണമായി വ്യാപരിച്ച ഒരു കാലഘട്ടമായിരുന്നു. പാഷണ്ഡതയുടെ വിജയത്തിനുവേണ്ടി കോൺസ്റ്റാൻഷ്യസ് ചക്രവർത്തി സ്വീകരിച്ച നടപടികളെ നിശിതമായി വിമർശിച്ചുകൊണ്ടും ആരിയൻപക്ഷക്കാർ പ്രയോഗിച്ച ഗർഹണീയങ്ങളായ പരിപാടികളെ അപലപിച്ചുകൊണ്ടും പാഷണ്ഡികളുടെ ന്യായവാദങ്ങൾക്കെതിരായി നിക്യാവിശ്വാസപ്രമാണത്തിന്റെ അന്യൂനമായ നിലയെ സ്ഥാപിച്ചുകൊണ്ടും അനവധി വിശിഷ്ടഗ്രന്ഥങ്ങൾ ഈ പ്രവാസകാലത്തു് അദ്ദേഹം രചിക്കുകയുണ്ടായി. കോൺസ്റ്റാൻഷ്യസിനുള്ള ലേഖനം (Apology to Constantius), ആരിയന്മാരുടെ ചരിത്രം (History of the Arians) ആരിയൻസിനെതിരായുള്ള പ്രഭാഷണങ്ങൾ (Orations against the Arians), സൂനഹദോസുകളെ സംബന്ധിച്ച് (De Synodis) എന്നീ ഗ്രന്ഥങ്ങളാണു് ഇവയിൽ പ്രധാനപ്പെട്ടവ. ചരിത്രപരവും വിശ്വാസസംബന്ധവുമായ പ്രശ്നങ്ങളെ ഏററം യുക്തിയുക്തമായും സമർത്ഥമായും പ്രതിപാദിച്ചിട്ടുള്ള ഒരു പ്രബന്ധമാണു് ആരിയന്മാരുടെ ചരിത്രം. പ്രസ്തുതഗ്രന്ഥത്തിൽ ആരിയൻ പാഷണ്ഡതമൂലം സഭയിലുണ്ടായ എല്ലാ കുഴപ്പങ്ങളുടെയും പൂർണ്ണമായ ഉത്തരവാദിത്വം കോൺസ്റ്റാൻഷ്യസ് ചക്രവർത്തിയിൽ ആരോപിക്കുന്നതിനും പുറമേ അദ്ദേഹത്തെ അന്തിക്രിസ്തു എന്നു് വിളിക്കുകപോലും ചെയ്യുന്നു.

“സൂനഹദോസുകളെ സംബന്ധിച്ച്” എന്ന ഗ്രന്ഥം ആരിയൻപാഷണ്ഡപക്ഷത്തുനിന്നും അവതരിപ്പിക്കപ്പെട്ട വിവിധങ്ങളായ വിശ്വാസപ്രമാണങ്ങളെ ഏകവും അഭേദ്യവുമായ നിക്യാവിശ്വാസപ്രമാണത്തിന്റെ വെളിച്ചത്തിൽ പരിശോധിച്ച് അവയുടെ അപഹാസ്യതയെ വെളിപ്പെടുത്തിയിരിക്കുന്നു. ആരിയൻ സിദ്ധാന്തങ്ങളെ സംശയരഹിതമാംവണ്ണം ഖണ്ഡിച്ച് പുത്രൻ പിതാവിനോടു് ഏകസത്തയായുള്ളവനാണെന്നു് സ്ഥാപിക്കുന്നതിനുവേണ്ടി അത്തനേഷ്യസ് വിശുദ്ധ ലിഖിതത്തിൽനിന്നുതന്നെ അനവധി ഭാഗങ്ങൾ തന്റെ ഗ്രന്ഥങ്ങളിൽ ഉദ്ധരിച്ചിട്ടുണ്ടു്. വിശ്വാസസത്യങ്ങളെ സമഗ്രമായും അതിശ്രദ്ധയോടുകൂടിയും വിശകലനം ചെയ്യുന്നതിലും വിശുദ്ധ ഗ്രന്ഥത്തിൽനിന്നു് ആവശ്യമായ തെളിവുകൾ ശേഖരിക്കുന്നതിലും അത്തനേഷ്യസ് അന്യാദൃശമായ സാമർത്ഥ്യവും തീക്ഷ്ണതയും പ്രകടിപ്പിച്ചു.

കത്തോലിക്ക വിശ്വാസ സംരക്ഷകന്മാരായ പാശ്ചാത്യരിൽ ഏററം പ്രമുഖൻ വി.ഹിലാരിയായിരുന്നു. എ. ഡി 315നോടടുത്തു പോയിറേറ്യഴ്സിൽ ജനിച്ച ഇദ്ദേഹം വേദപുസ്തകപഠനം മുഖേനയാണു് ക്രിസ്തുമതം സ്വീകരിക്കുവാൻ ഇടയായതു്. വിശ്വാസസംബന്ധമായ പ്രശ്നങ്ങളിൽ ഇദ്ദേഹം അത്തനേഷ്യസിനെപ്പോലും അതിശയിക്കുന്ന അവഗാഹം സമ്പാദിച്ചിരുന്നു. കോൺസ്റ്റാൻഷ്യസ് അദ്ദേഹത്തെ ഫ്രീജിയാ (Phrygia)യിലേക്കു് നാടുകടത്തിയപ്പോൾ തനിക്കു ലഭിച്ച വിശ്രമസമയം രണ്ടു മഹത്ഗ്രന്ഥങ്ങളുടെ രചനയ്ക്കായി അദ്ദേഹം വിനിയോഗിച്ചു. ഇതിൽ “വിശുദ്ധ ത്രിത്വം” എന്ന ഗ്രന്ഥം രണ്ടാം ആളായ പുത്രന്റെ ദൈവത്വത്തെ സംബന്ധിച്ചുള്ള ശാസ്ത്രീയമായ ഒരു പ്രതിപാദനമാണു്. പന്ത്രണ്ടു ഭാഗങ്ങളടങ്ങിയ പ്രസ്തുത പ്രബന്ധം നിക്യാവിശ്വാസത്തെ ആധാരമാക്കി എഴുതപ്പെട്ടിട്ടുള്ള ഏററം ഗഹനമായ ദൈവശാസ്ത്രഗ്രന്ഥമാണു്. പാഷണ്ഡതയുടെ പ്രാബല്യം വർദ്ധിച്ചുവന്ന അവസരത്തിൽ ഹിലാരി ചക്രവർത്തിയുടെപേർക്കു് പ്രതിഷേധസൂചകമായി അനവധി ലേഖനങ്ങൾ അയക്കുകയുണ്ടായി. (എ. ഡി. 360). ഒടുവിൽ ചക്രവർത്തി ഹിലാരിക്കു് ഗാളിലേക്കു (Gaul) മടങ്ങിപ്പോകുവാനുള്ള അനുവാദം നൽകി. അവിടെ ആരിയനിസത്തിനെതിരായുള്ള ഒരു സുശക്തമായ പ്രതിരോധനിരയെ ഹിലാരി സംഘടിപ്പിച്ചു ഗാളിൽ പല പ്രാദേശികസൂനഹദോസുകൾകൂടി പാഷണ്ഡതയെ ശപിച്ചു. എ. ഡി. 361-ൽ അദ്ദേഹം പാരിസിൽ വിളിച്ചുകൂട്ടിയ സൂനഹദോസ് നിക്യാവിശ്വാസപ്രമാണത്തെ ഉച്ചൈസ്തരം പ്രഖ്യാപിച്ചു. ഇററലിയിൽനിന്നു പാഷണ്ഡതയെ ഉച്ചാടനം ചെയ്യുന്നതിനും അദ്ദേഹം അക്ഷീണയത്നം ചെയ്തു.

അങ്ങനെ കിഴക്കും പടിഞ്ഞാറും കത്തോലിക്കാപക്ഷത്തിന്റെ പ്രാബല്യം വർദ്ധമാനമായതോടുകൂടി പാഷണ്ഡതയുടെ ശക്തി ക്ഷയോന്മുഖമായിത്തീർന്നു. എ. ഡി. 361 നവമ്പർ 3-ാംതീയതി കോൺസ്റ്റാൻഷ്യസ് ചക്രവർത്തി മരണമടഞ്ഞു. അതോടുകൂടി ആരിയനിസത്തിനു് അതിന്റെ ഏകാവലംബവും നഷ്ടപ്പെട്ടു. പിന്നീടു് ഭരണസാരഥ്യം വഹിച്ച വിശ്വാസത്യാഗിയായ ജൂലിയൻ നാടുകടത്തപ്പെട്ട മെത്രാന്മാരെ എല്ലാവരേയും അവരവരുടെ ആസ്ഥാനങ്ങളിലേക്കു മടങ്ങിപ്പോകുവാൻ അനുവദിച്ചു. സമാധാനം പുനഃസ്ഥാപിക്കണമെന്നുള്ള ആഗ്രഹമല്ല ചക്രവർത്തിയെ ഇതിനു പ്രേരിപ്പിച്ചതു്. നേരെമറിച്ച് ഇരുകക്ഷികളും തമ്മിലുള്ള കലഹം വർദ്ധിപ്പിച്ച് സഭയെ നശിപ്പിക്കണമെന്നുള്ളതായിരുന്നു അദ്ദേഹത്തിന്റെ ഉദ്ദേശം. തീവ്രവാദികളായ പാഷണ്ഡികളുടെ കടുംകൈകൾ കണ്ടു മനംമടുത്തും വിശ്വാസത്യാഗിയായ ഒരു ചക്രവർത്തിയുടെ രംഗപ്രവേശത്തിൽ ഭയംപൂണ്ടും ആരിയൻ പാർശ്വവർത്തികളായിരുന്ന ഒട്ടധികംപേർ തിരുസ്സഭയുടെ ഐക്യത്തിലേക്കു തിരിച്ചുപോന്നു. അലക്സാൻഡ്രിയായിൽ മടങ്ങിയെത്തിയ അത്തനേഷ്യസ് പുനരൈക്യത്തിനും സമാധാനത്തിനുംവേണ്ടി തീവ്രശ്രമംചെയ്തു. ഇതുകണ്ടു രോഷാകുലനായിത്തീർന്ന ജൂലിയൻ അദ്ദേഹത്തെ വീണ്ടും നാടുകടത്തി. മാത്രമല്ല അദ്ദേഹത്തെ വധിക്കുമെന്നുപോലും ചക്രവർത്തി ഭീഷണിമുഴക്കി. രാജകല്പനയനുസരിച്ച് അലക്സാൻഡ്രിയായിൽനിന്നും യാത്രപുറപ്പെടുന്നതിനുമുൻപു് അത്തനേഷ്യസ് ഇപ്രകാരം പ്രസ്താവിച്ചു: “ഈ ചെറിയ മേഘം പെട്ടെന്നു കടന്നുപൊയ്ക്കൊള്ളും.” ജൂലിയനെ ഉദ്ദേശിച്ച് അദ്ദേഹം ചെയ്ത ഈ പ്രവചനം അചിരേണ നിറവേറി. അധികം കഴിയുംമുൻപു് ജൂലിയൻ യുദ്ധത്തിൽവച്ചു കൊല്ലപ്പെട്ടു.

അദ്ദേഹത്തിന്റെ പിൻഗാമിയായ ജോവിയൻ കത്തോലിക്കാസഭയോടു് അനുഭാവമുള്ളവനായിരുന്നു. അത്തനേഷ്യസിൽനിന്നും കത്തോലിക്കാവിശ്വാസത്തെ സംബന്ധിച്ചുള്ള അദ്ധ്യയനം ലഭിക്കുന്നതിനുവേണ്ടി ജോവിയൻ അദ്ദേഹത്തെ അന്ത്യോക്യായിലേക്കു വിളിച്ചുവരുത്തുകയുണ്ടായി എന്നാൽ ജോവിയൻ അപ്രതീക്ഷിതമായി മരണമടഞ്ഞു. അതിനുശേഷം സാമ്രാജ്യത്തിന്റെ പാശ്ചാത്യവിഭാഗം കത്തോലിക്കാ വിശ്വാസിയായിരുന്ന വാലൻറീനിയനും (Valentinian) പൗരസ്ത്യവിഭാഗം ഒരു തികഞ്ഞ ആരിയൻ പക്ഷക്കാരനായിരുന്ന വാലൻസിനും (Valens) ലഭിച്ചു. വാലൻസിന്റെ പതിന്നാലുവർഷത്തെ ഭരണകാലത്തു് ആരിയനിസത്തിന്റെ ക്ഷയോന്മുഖമായിരുന്ന ശക്തി വീണ്ടെടുക്കുവാൻവേണ്ടി കഴിവുള്ള എല്ലാ ശ്രമങ്ങളും അദ്ദേഹം ചെയ്തു. കത്തോലിക്കരെയും അർദ്ധആരിയൻമാരെയും അദ്ദേഹം പീഡനത്തിനു വിധേയരാക്കി എന്നാൽ അതിന്റെ ഫലമായി ആരിയനിസത്തോടു് കുറെയൊക്കെ അനുഭാവമുണ്ടായിരുന്ന അനേകംപേർ തിരുസ്സഭയുമായി ഐക്യപ്പെടുകയാണുണ്ടായതു്. അത്തനേഷ്യസിനെ നാടുകടത്തുന്നതായ ഒരു കല്പന വാലൻസു പുറപ്പെടുവിച്ചു ആ വീരയോദ്ധാവു് വീണ്ടും ബഹിഷ്കൃതനായി. എന്നാൽ ബലംപ്രയോഗിച്ചായാലും തങ്ങളുടെ ഇടയനെ തിരിച്ചുകൊണ്ടുവരുമെന്നു് അലക്സാൻഡ്രിയായിലെ ജനങ്ങൾ ഭീഷണി പുറപ്പെടുവിക്കുകയും നാലുമാസത്തിനുശേഷം വാലൻസ് തന്റെ കല്പന പിൻവലിക്കുകയുംചെയ്തു ഇതു് എ. ഡി. 367-ൽ ആയിരുന്നു. തന്റെ ജീവിതത്തിലെ അവസാനത്തെ ആറുവർഷം അത്തനേഷ്യസ് സ്വജനങ്ങളോടുകൂടിത്തന്നെ കഴിച്ചു അവസാനനിമിഷംവരെയും കത്തോലിക്കാ പാരമ്പര്യത്തിന്റെ നട്ടെല്ലും, പൗരസ്ത്യദിക്കിലെ കത്തോലിക്കാ ചൈതന്യത്തിന്റെ കേന്ദ്രവുമായിരുന്നു അദ്ദേഹം. 373 മേയ് 3-ാം തീയതി തിരുസ്സഭയുടെ അതുല്യപ്രഭാവനായ ആ വീരസന്താനം ദിവംഗതനായി.


തൈക്കാട്ടു് മൂസ്സ് വക

ഇ. ടി. എം. വൈദ്യശാല

ബ്രാഞ്ച്:– ആലുവാ റെയിൽവേസ്റ്റേഷനു സമീപം

എല്ലാ വ്യാഴാഴ്ചയും ഒരു മണി മുതൽ അഞ്ചുമണിവരെ

ഡി. എ. മൂസ്സ് അവർകൾ

വൈദ്യശാലയിലുണ്ടായിരിക്കുന്നതും രോഗികളെ പരിശോധിച്ചു ചികിത്സ നിശ്ചയിക്കുന്നതുമാണു്


ആദ്ധ്യാത്മികവിധി 35

# ദണ്ഡവിമോചനങ്ങൾ

(“എന്റെ മിത്രം” തുടർച്ച)

ചോ: കുമ്പസാരംവഴി കാലത്തിനടുത്ത ശിക്ഷ മുഴുവനായി പരിഹരിക്കപ്പെടുവാൻ പാടില്ലയോ?

ഉ: പാടുണ്ടു്. എന്നാൽ പലപ്പോഴും ഭാഗികമായിട്ടല്ലാതെ പൂർണ്ണമായി പരിഹരിക്കപ്പെടുന്നില്ല. അതുകൊണ്ടത്രെ തിരുസഭ തന്റെ മക്കളോടു്, ഉപവാസം, പ്രായശ്ചിത്തം മുതലായ പ്രവൃത്തികൾ ചെയ്യുവാൻ ആവശ്യപ്പെടുന്നതു്. ഒരുവൻ തന്റെ മരണത്തിനു മുമ്പു താൻ ചെയ്തിട്ടുള്ള പാപങ്ങളുടെ കാലത്തിനടുത്ത ശിക്ഷ മുഴുവനായി പരിഹാരം ചെയ്യാത്തപക്ഷം, അതു മരണാനന്തരം ശുദ്ധീകരണസ്ഥലത്തിൽവച്ചു നിർവ്വഹിക്കേണ്ടിവരും.

ചോ: കാലത്തിനടുത്ത ശിക്ഷയിൽനിന്നു എങ്ങനെ മോചനം പ്രാപിക്കും?

ഉ: 1. ദിവ്യപൂജയും ദിവ്യകാരുണ്യവും വഴി.

2. ജപം, ദാനധർമ്മം, ഉപവാസം മുതലായ മററു പുണ്യപ്രവൃത്തികൾവഴി

3. ദണ്ഡവിമോചനങ്ങൾവഴി.

ചോ: ദണ്ഡവിമോചനങ്ങൾ എത്രതരമുണ്ടു്?

ഉ: രണ്ടുതരം. പൂർണ്ണദണ്ഡവിമോചനം, അപൂർണ്ണദണ്ഡവിമോചനം.

ചോ: പൂർണ്ണദണ്ഡവിമോചനം എന്നാൽ എന്തു്?

ഉ: ഒരാളുടെ പാപങ്ങൾക്കുള്ള കാലത്തിനടുത്ത ശിക്ഷയ്ക്കു പൂർണ്ണപരിഹാരം നൽകുന്നതു പൂർണ്ണദണ്ഡവിമോചനം.

ചോ: അപൂർണ്ണദണ്ഡവിമോചനം എന്നാലെന്തു്?

ഉ: കാലത്തിനടുത്ത ശിക്ഷയ്ക്കുള്ള ഭാഗികമായ മോചനം.

ചോ: 300 ദിവസത്തെ, 7 വർഷത്തെ ദണ്ഡവിമോചനം എന്നും മററും പറയുന്നതിന്റെ സാരം എന്തു്?

ഉ: പ്രാചീനകാലത്തു തിരുസഭയിൽ നടപ്പുണ്ടായിരുന്ന പരസ്യപ്രായശ്ചിത്തം മുന്നൂറു ദിവസത്തേക്കോ, ഏഴു വർഷത്തേക്കോ നിർവ്വഹിച്ചാൽ എത്രത്തോളം കാലത്തിനടുത്ത ശിക്ഷയ്ക്കു മോചനം ലഭിക്കുമോ അത്രയും മോചനമാണു് 300 ദിവസത്തെ, 7 വർഷത്തെ ദണ്ഡവിമോചനം എന്നും മററും പറയുന്നതു്. അല്ലാതെ ശുദ്ധീകരസ്ഥലത്തിലെ പീഡകളിൽനിന്നു 300 ദിവസത്തെ മോചനമല്ല മുന്നൂറുദിവസത്തെ ദണ്ഡവിമോചനം.

ചോ: “ഈശോ” എന്ന തിരുനാമം ഭക്തിയോടെ ഉച്ചരിക്കുക മുതലായ നിസ്സാരകൃത്യങ്ങൾക്കു 300 ദിവസത്തെ ദണ്ഡവിമോചനം ലഭിക്കുന്നതു് ദൈവനീതിക്കു യോജ്യമാണോ?

ഉ: തീർച്ചയായും. തിരുസ്സഭയുടെ ഭണ്ഡാഗാരത്തിലെ സമ്പത്തു് തിരുസ്സഭയുടെ എല്ലാ മക്കൾക്കുമായി തിരുസ്സഭാമാതാവിന്റെ അധികാരത്തിലിരിക്കുന്നതാണു്. അമ്മ നിർദ്ദേശിച്ചിരിക്കുന്നവിധം മക്കൾ ചോദിക്കുമ്പോൾ ഈ ദണ്ഡവിമോചനങ്ങൾ അനുവദിക്കപ്പെടുന്നു. പുണ്യവാന്മാരുടെ ഒരുമ്പാടു അഥവാ ഐക്യം എന്ന വിശ്വാസസത്യത്തെ ആദരിച്ചാണു് ഒരാളുടെ പുണ്യയോഗ്യ




ത മററാരാളുടെ കാലത്തിനടുത്ത ശിക്ഷയും പരിഹാരമായി സ്വീകരിക്കുന്നതു്.

ചോ: ദണ്ഡവിമോചനങ്ങളെ ശുദ്ധീകരസ്ഥലത്തിലെ ആത്മാക്കൾക്ക കാഴ്ചവയ്ക്കാമോ?

ഉ: പ്രത്യേകം വ്യവസ്ഥചെയ്തിട്ടില്ലെങ്കിൽ എല്ലാ ദണ്ഡവിമോചനങ്ങളും ശുദ്ധീകരസ്ഥലത്തിലെ ആത്മാക്കൾക്ക കാഴ്ചവയ്ക്കാവുന്നതാണു്.

ചോ: ദണ്ഡവിമോചനങ്ങൾ ജീവിക്കുന്നവരായ മററുള്ളവക്ക വേണ്ടി കാഴ്ചവയ്ക്കാമോ?

ഉ: പാടില്ല.

പ്രാത്ഥനയുടെ ഐക്യത്തിൽ സ്വന്തം ആത്മപിതാവു്.

(11-ാംപേജ് തുടർച്ച)

അംഗങ്ങൾക്ക നിഷേധിക്കപ്പെട്ടിരിക്കുന്ന പല സ്വാതന്ത്ര്യവും സാമാന്യക്കാരായ നിയമസഭാമെമ്പറന്മാർക്കുണ്ടെന്നുള്ള ന്യായത്താൽതന്നെ, മതവിശ്വാസചർച്ചാവിഷയത്തിൽ ഒരു കത്തോലിക്കാ വൈദികനു നിഷേധിക്കപ്പെട്ടിരിക്കുന്ന പല സ്വാതന്ത്ര്യവും ഒരു കത്തോലിക്കാ അൽമേനിക്കുണ്ടു്.

## തിരുസഭയിലെ സെൻസ്സർഷിപ്പു് യുക്തിയുക്തം

ദൈവം നൽകിയിട്ടുള്ള വെളിപാടു് ദുഷിച്ചുപോകാതെ കാത്തുസൂക്ഷിക്കുക ആവശ്യമാണെന്നുള്ള ബോധം തിരുസ്സഭയ്ക്കു പൂരമെ ക്രമേണ അപ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുകയാണു്. ദൈവം ചില തത്വങ്ങൾ വെളിപ്പെടുത്തിത്തന്നിട്ടുണ്ടെന്നും അവയെ നിരാകരിക്കുന്നതു് മനുഷ്യനു് ആപൽക്കരമാണെന്നും വിശ്വസിക്കാത്ത ആർക്കും പ്രസ്തുത തത്വങ്ങൾ കാത്തുസൂക്ഷിക്കുവാൻ തിരുസ്സഭ ചെയ്തിട്ടുള്ള ഏർപ്പാടുകൾ അവശ്യം സ്വാതന്ത്ര്യനിഷേധകമായി തോന്നുമെന്നു് തീർച്ചയാണല്ലോ. യുദ്ധകാലത്തു് സെൻസർഷിപ്പു് (വാത്താവിതരണപരിശോധന) അനിവാര്യമാണെന്നു് നാമെല്ലാവരും സമ്മതിക്കുന്നു. കാരണം, ഇംഗ്ലണ്ടു ശത്രുക്കൾ പിടിച്ചടക്കിയാൽ നമ്മക്കതു നാശകരമായിരിക്കുമെന്നു് നാം സംശയിക്കുന്നില്ല; അതു പോലെ മതപ്രമായ തത്വങ്ങൾ മതപരമായ അബദ്ധം പിടിച്ചടക്കുന്നതു് മതവിശ്വാസികൾക്ക നാശകരമായിരിക്കുമെന്നു് നമ്മക്ക ബോദ്ധ്യമുണ്ടെങ്കിൽ മതപരമായ സെൻസർഷിപ്പിൽ യാതൊരു "സ്വാതന്ത്ര്യനിഷേധവും നാം കാണുകയില്ല. കത്തോലിക്കാസഭയുടെ അസഹിഷ്ണുതയെക്കുറിച്ചു് എന്റെ കത്തുകളിൽ ഞാൻ ചെയ്തിരുന്ന ആക്ഷേപങ്ങൾക്ക ഒരു മൂർച്ചക്കുറവുള്ളപോലെ എനിക്കിപ്പോൾ തോന്നുന്നുണ്ടു്; അതിനുകാരണമില്ലാതില്ല. അബദ്ധമെന്നു നാം വിശ്വസിക്കുന്നതിനോടുള്ള അസഹിഷ്ണുതയും, അബദ്ധം സ്വീകരിച്ചിരിക്കുന്നവരെന്നു നാം വിശ്വസിക്കുന്ന ആളുകളോടുള്ള അസഹിഷ്ണുതയും തമ്മിലുള്ള സർവ്വപ്രധാനമായ വ്യത്യാസം ഞാൻ മനസ്സിലാക്കിയിരുന്നു. ആദ്യത്തേതു് സാധാരണമായി ശരിയും, രണ്ടാമത്തേതു് സധാരണമായി തെററുമാണു്. ഉരുക്കുവ്യവസായം ദേശീകരിക്കുന്ന കായ്യത്തിൽ മിസ്റ്റർ ആററ്ലിയോടു് വിയോജിക്കുന്ന ഒരു പാർലമെൻറു് സാമാജികനെ ലേബർ പാർട്ടി ബഹിഷ്കരിക്കുന്നതു് സോഷ്യലിസ്റ്റുകാരുടെ അസഹിഷ്ണുതയെന്നു് ഒരിക്കലും ആരോപണം നടത്തുവാൻ തയ്യാറില്ലാത്ത പ്രൊട്ടസ്റ്റൻറുകാരൻ, നരകത്തിന്റെയോ വിവാഹമോചിതരായവരുടെ പുനർവിവാഹ

# വേദപ്രചാരണായർ

## ഇടവകറിപ്പോർട്ടുകൾ

**കണ്ണാംതുറ:** തിരുവനന്തപുരം മെത്രാൻ റൈററു് റവ. ഡോക്ടർ വിൻസെൻറു് ഡിറേരാ തിരുമേനി പൊന്തിഫിക്കൽ കർബാന അപ്പിച്ചു. വൈകിട്ടു് തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ പൊതുയോഗംചേന്നു. ദേവാലയാലങ്കാരം മി. അൽഫോൻസു ഗോമസും, വഴിയലങ്കാരം കാത്തലിക്കു് ആക്ഷൻ അംഗങ്ങളും ഭംഗിയായി നിവ്വഹിച്ചു.

**കിടങ്ങൂർ:** വൈകിട്ടു് മിഷൻറാലി, പൊതുയോഗം ഇവ നടന്നു. റവ. ഫാ. ജോസഫു് വേഴമ്പത്തോട്ടം അദ്ധ്യക്ഷത വഹിച്ചു. ബ്രദർ പി. സി. അബ്രാഹം, സിസ്റ്റർ റോസമ്മ ചാക്കോ ബി. എ എന്നിവർ പ്രസംഗിച്ചു. "കാശിക്കു" എന്ന പ്രഹസനവും അഭിനയിക്കപ്പെട്ടു.

**മരുതോങ്കര:** സെഡാലിറിയുടെ ആഭിമുഖ്യത്തിൽ ഘോഷയാത്രയും പൊതുയോഗവും നടന്നു. റവ. ഫാദർ എപ്പിഫാനിയൂസ് സി. ഡി. അദ്ധ്യക്ഷത വഹിച്ചു. ശ്രീ വർഗ്ഗീസ് ജോസഫ്, പി. ജെ. സെബാസ്റ്റ്യൻ, കുമാരി സി. ഐ ഇട്ട്യാന്നം എന്നിവർ പ്രസംഗിച്ചു. സൺഡേക്ലാസ്സും അൾത്താരസംഘവും തദവസരത്തിൽ ഉൽഘാടനം ചെയ്യപ്പെട്ടു.

**കരിമണ്ണൂർ:** മിഷൻലീഗിന്റെ റാലിയും തുടർന്നു പൊതുയോഗവും നടന്നു. റവ. ഫാദർ എമ്മാനുവേൽ പള്ളിക്കുന്നേൽ അദ്ധ്യക്ഷത വഹിച്ചു. ശ്രീ എൻ. എ. ജോസഫു് ബി. എ. പ്രസംഗിച്ചു. പിറേറദിവസം ശേഖരിക്കപ്പെട്ട ഉൽപ്പന്നങ്ങളുടെ പ്രദർശനം, ലേലം, മിഷൻ ട്രീ, മിഷൻ ബുക്കുസ്റ്റാൾ, 'പാരഡൈസ് ബാങ്കു്' മുതലായവ നടന്നു.

**തൈക്കാട്ടുശേരി:** ... 

**തൈക്കുടം:** പൊതുയോഗത്തിൽ റവ. ഫാദർ ലൂക്കാസ് ഒ. സി. ഡി. അദ്ധ്യക്ഷതവഹിച്ചു. ശ്രീ എൽ. എം ജോൺ ബി. കോം., കെ. ഒ. ആൻറണി എന്നിവർ പ്രസംഗിച്ചു. വിനോദപ്രകടനങ്ങളും ലേലവും ഉണ്ടായിരുന്നു.

**കുത്തുപ്പിള്ളി:** മിഷൻ ലീഗിന്റെ ആഭിമുഖ്യത്തിൽ പൊതുയോഗം മുതലായവ നടന്നു. റവ. ഫാദർ തോമസ് നിലംപിലാലിൽ എൽ. ഡി. അദ്ധ്യക്ഷത വഹിച്ചു. ബ്രദർ കെ. വി. വർഗ്ഗീസ് കൈതാരത്തിൽ, പി. എസ്. ജോസഫ് പതാലിൽ, പി. ജെ. സെബാസ്റ്റ്യൻ കൊരട്ടിയിൽ എന്നിവർ പ്രസംഗിച്ചു. മിഷൻ ലേലവും വിനോദപ്രകടനങ്ങളും ഉണ്ടായിരുന്നു.

**ഇരിഞ്ഞാലക്കട:** സ്ഥലത്തെ ഇരുദേവാലയങ്ങളും ഒരുമിച്ചു മിഷൻഞായറാഴ്ച ആഘോഷിച്ചു. ലേലത്തിൽ 500 ക. യോളം പിരിഞ്ഞുകിട്ടി.

**മുളക്കുളം:** മിഷൻ ലീഗിന്റെ ആഭിമുഖ്യത്തിൽ പൊതുയോഗംനടന്നു. റവ. ഫാദർ പീററർ തെക്കുംപറമ്പിൽ അദ്ധ്യക്ഷതവഹിച്ചു. ശ്രീമതി കെ. സി. അന്നമ്മ ബി. എ., ബി. ടി., ശ്രീ കെ. എം. ജോർജ് എം. എൽ. എ എന്നിവർ പ്രസംഗിച്ചു. മിഷൻലേലവും വിനോദപ്രകടനങ്ങളും ഉണ്ടായിരുന്നു. മിഷൻ ലീഗിന്റെ ആഭിമുഖ്യത്തിൽ ഒരു വായനശാല ഉൽഘാടനം ചെയ്യപ്പെട്ടു.

**നെയ്യശ്ശേരി:** മിഷൻലീഗിന്റെ പ്രഥമ വാർഷികവും മിഷൻ ദിനാചരണവും പ്രമാണിച്ചു പൊതുയോഗം നടത്തപ്പെട്ടു. റവ. ഫാദർ വാൾട്ടർ സി. ഡി, ബി. എസ്സ്‌സി. ബി. ടി. അദ്ധ്യക്ഷത വഹിച്ചു. ബ്രദർ ജോസ് ജെ. നെയ്യശ്ശേരി, പി. എൽ. ജോസഫ് ബി. എ. എന്നിവർ പ്രസംഗിച്ചു. മിഷൻലേലവും, കഥാപ്രകടനങ്ങളും ഉണ്ടായിരുന്നു. ലീഗ് ലൈബ്രറിയുടെ ധനശേഖരാർത്ഥം സി. എസ്. ലീഗുകാർ "വേലക്കാരൻ" എന്ന നാടകവും തദവസരത്തിൽ നടത്തി.

**നെടിയകാടു്:** മിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ ഉൽപ്പന്നപ്പിരിവും ലേലവും നടന്നു. റവ. ഫാദർ ജോസഫ് പ്ലാത്തോട്ടവും റവ. ഫാദർ ജോസഫ് മണിമലയും പ്രസംഗിച്ചു.

**മൂഴൂർ:** മിഷൻ മദ്ധ്യസ്ഥയായ ചെറുപുഷ്പത്തിന്റെ തിരുനാൾ കണിപ്പാറമ്പു പുതിയ കപ്പേളയിൽ ആഘോഷിച്ചു. ലീഗംഗങ്ങളുടെ ആഭിമുഖ്യത്തിൽ പൊതുയോഗം സ്കൂൾഹാളിൽ റവ. ഫാദർ മാത്യു വെള്ളാപ്പാട്ടു അവർകളുടെ അദ്ധ്യക്ഷതയിൽ നടന്നു. മി. ജോസഫ് മററം ബി. എ. പ്രസംഗിച്ചു. മിഷൻലേലവും കലാപരിപാടികളുമുണ്ടായിരുന്നു.

അതിന്റെയോ കാര്യത്തിൽ ക്രിസ്തുവിനോടു് വിയോജിക്കുന്ന ഒരു കത്തോലിക്കനെ മഹറോൻ ചൊല്ലാൻ (സഭാഭ്രഷ്ടനാക്കാൻ) മടിക്കാത്ത തിരുസ്സഭയുടെ അസഹിഷ്ണുതയാൽ ക്ഷുഭിതനാകുന്നതു് വിചിത്രമല്ലയോ?

അങ്ങയുടെ പല കത്തുകളും ഉടനടി എന്നിൽ ഫലമുള്ളവാക്കിയില്ല ഞാൻ കത്തോലിക്കനായി കുറേനാൾ കഴിഞ്ഞശേഷമേ അവയുടെ പൂർണ്ണമായ ശക്തി എനിക്കു് അനുഭവപ്പെടാൻ സാദ്ധ്യമായുള്ളു. അങ്ങു് ഉന്നയിച്ച ഏററവും ശക്തിയേറിയ യുക്തികളിലധികവും അകത്തോലിക്കരുമായുള്ള എന്റെ ന്യായവാദങ്ങളിൽ വളരെ പ്രയോജനകരങ്ങളായിട്ടാണു് ഞാൻ കണ്ടതു്.

## വിനോദവീഥി



വഴിക്കെല്ലാം നനഞ്ഞു സാർ!!

* * *

സാധനങ്ങളുടെ വിലക്കയററത്തെപ്പററി രണ്ടുകൂട്ടുകാരികൾ അങ്ങാടിയിൽക്കൂടി സംസാരിച്ചുകൊണ്ടുപോവുകയാണു്.

ഒരുത്തി:- തുണിത്തരങ്ങളുടെവില എത്ര വർദ്ധിച്ചിരിക്കുന്നു. കഴിഞ്ഞകൊല്ലത്തേക്കാൾ ഇരട്ടിയായിരിക്കുന്നു വില!

കൂട്ടുകാരി:- അതു പറയാനില്ല, എനിക്ക ഇക്കൊല്ലം വാങ്ങിയ സാരിക്കു് കിട്ടിയംവില്ല ഭയങ്കരമായിരുന്നു.

ഒന്നാമത്തവൾ:- കഷ്ടം! നിങ്ങളുടെ ഭത്താവു് അതങ്ങിനെ കൊടുക്കു?

കൂട്ടുകാരി:- അതു നോക്കിയിട്ടു കാര്യമില്ല. കഴിഞ്ഞകൊല്ലവും അതുകൊടുക്കുവാൻ അയാൾക്ക കഴിഞ്ഞിട്ടില്ല!

x x x x

അദ്ധ്യാപകൻ:- ജോണേ, നീയെന്തിനാ എപ്പോഴും തല ചൊറിയുന്നതു്?

ജോൺ:- എന്റെസാറേ, എന്റെ തലകടിക്കുന്നതെവിടെയാണെന്നോ എപ്പോഴാണെന്നോ വേറെ ആക്കെങ്കിലും അറിയാമോ?

* * *

ഒരു സൈക്കിളിന്റെചക്രം ഒരു യാത്രക്കാരന്റെ കാലിന്മേൽ കയറി.

സൈക്കിൾക്കാരൻ:- (ഓടി വന്നു) സ്നേഹിതാ, വണ്ടി നിങ്ങളുടെമേൽ മുട്ടിയോ?

യാത്രക്കാരൻ:- ഹേയ്, ഞാൻ വണ്ടിച്ചക്രത്തിനു കാററുണ്ടോ എന്നു പരിക്ഷിച്ചതല്ലേ എന്റെ കാലു് വണ്ടിക്കടിയിൽ വച്ചു്. എടുക്കൂ രൂപാ അഞ്ചു്!

—o—

സത്യദീപം വരിസംഖ്യ

| | പ്രതിവഷം |
|---|---|
| ഇൻഡ്യയിൽ | ക. 6—8—0 |
| ഇൻഡ്യക്കു് പുറമെ | 8—12—0 |

## തൊഴിലാളി വൈദികരുടെ പുതിയ സംഘടന

മതജീവിതത്തിൽ നിന്നകന്നു ഖനികളിലും വലിയ വ്യാവസായികനഗരങ്ങളിലും കഴിഞ്ഞുകൂടുന്ന തൊഴിലാളികളുടെ ഇടയിൽ അപ്പസ്തോലികജോലി ചെയ്യുന്നതിനായി അവരോടൊപ്പം തൊഴിലുകളിൽ ഏർപ്പെട്ടു അവരുമായി അടുത്ത സമ്പക്കം പുലത്തുന്നതിനുള്ള ഒരു സംരംഭം കുറേക്കാലമായി പരിക്ഷിച്ചുകൊണ്ടിരിക്കുകയായിരുന്നല്ലോ. അങ്ങിനെ തൊഴിലാളികൾക്കവേണ്ടി ത്യാഗപൂർവ്വം ഇറങ്ങിപ്പുറപ്പെട്ട വൈദികർക്ക ദുസ്സഹങ്ങളായ പല പ്രതിബന്ധങ്ങളേയും നേരിടേണ്ടിവന്നതുകൊണ്ടു അവരുടെ പ്രവത്തനങ്ങൾ തുടരാൻ സാധിക്കാതെവന്നു. പ്രാരംഭദശയിൽ ഓരോരുത്തരും വ്യക്തിഗതമായ നിലയിൽ ഈ സേവനത്തിനു പുറപ്പെട്ടതായിരുന്നു വളരെയധികം കുഴപ്പങ്ങൾക്ക നിദാനമായതു്. നാളതുവരെയുള്ള പരിചയമത്രെ ആധാരമാക്കിയും കുറവുകളെ പരിഹരിച്ചും ഒരു പുതിയ പദ്ധതിയാണു് ഇപ്പോൾ സമാരംഭിച്ചിരിക്കുന്നതു്. ഫ്രാൻസിൽ ലയൺസിലെ ഒരു തൊഴിലാളി ഡിസ്ട്രിക്ടിൽ തൊഴിലാളിവൈദികരുടെ ഒരു സംഘം സ്ഥാപിച്ചിരിക്കുന്നു. ലയൺസിലെ മെത്രാപ്പോലീത്തായായ കർദ്ദിനാൾ ഗർളിയെ തിരുമനസ്സിലെ സഹായമെത്രാനായ ആൻസൽ തിരുമേനിതന്നെയാണു് അതിന്റെ വിധാതാവും പ്രഥമ അംഗവും. അദ്ദേഹത്തിനു പുറമെ ഇപ്പോൾ സംഘത്തിൽ രണ്ടു വൈദികരും സന്യാസസഭാംഗങ്ങളായ രണ്ടു സഹോദരന്മാരും ചേന്നിട്ടുണ്ടു്. ഈ പുതിയ സംഘം ഒരു തൊഴിലാളികുടുംബംപോലെ ജീവിക്കുകയും, സന്യാസപരമായ ആദ്ധ്യാത്മികചൈതന്യത്തോടുകൂടി ഒരു നേതൃത്വത്തിന്റെ കീഴിൽ അവരുടെ അപ്പസ്തോലികജോലി നിവ്വഹിച്ചുകൊണ്ടിരിക്കുകയും ചെയ്യും. ഈ പുതിയ സംരംഭം വിജയിക്കുമെന്നും തൊഴിലാളികളുടെ ആദ്ധ്യാത്മികപുരോഗതിക്ക സഹായിക്കുമെന്നും പ്രതിക്ഷിക്കാവുന്നതാണു്.

## ഓമനയ്ക്കു് 17 വയസ്സാകുമ്പോൾ !

നിങ്ങളുടെ അരുമസന്താനം ഓമന ഇന്നൊരു കൈക്കുഞ്ഞാണു്. കുമാ കളിക്കോപ്പുകളും നിങ്ങളുടെ സ്നേഹലാളനകളും ഇന്നവളെ സന്തോഷിപ്പിക്കും. അവളുടെ സന്തോഷത്തിൽ നിങ്ങളും ആനന്ദംകൊള്ളും.

പക്ഷേ വർഷങ്ങൾ കഴിഞ്ഞുപോകും. ഓമന വളന്നുവരും. കാലത്തിന്റെ തികവിൽ അവളെ വിവാഹവേദിയിലേക്കാനയിക്കേണ്ടതായിവരും. സ്നേഹലാളനകളിൽമാത്രം അന്നു് അവൾ തൃപ്തി കണ്ടെത്തുകയില്ല. ഒരു നല്ല സ്ത്രീധനമാണു് അന്നവളെ ഏററവും സന്തോഷിപ്പിക്കുക.

ഓമന വളന്നുവരുന്നതോടുകൂടി വളന്നുവരുന്ന ഒരു സ്ത്രീധനത്തുക മുൻകരുതുന്നതിനു്

### ഫെഡറൽ മിച്ചനിക്ഷേപപദ്ധതി

നിങ്ങളെ സഹായിക്കും.

ഒരു നിശ്ചിത തുക (100ക.) അർദ്ധവാർഷികമായി 34 പ്രാവശ്യം ബാങ്കിൽ അടക്കുമ്പോൾ (3400ക.) അതു് 50 ഇരട്ടിയായി വർദ്ധിക്കുന്നു.

x × 34 = 50 x.

5ക. യിൽ കുറയാത്ത ഏതു തുകകൊണ്ടും പദ്ധതി ആരംഭിക്കാം.

50ക. യിൽ കുറയാത്ത തുകകൾക്കു് ചെക്കുകൾ കമ്മിഷൻകൂടാതെ സ്വീകരിക്കുന്നതാണു്.

വിശദവിവരങ്ങൾക്കു് :

### ദി ഫെഡറൽ ബാങ്ക് ക്ലിപ്തം

H. O. ആലുവാ

ബ്രാഞ്ചുകൾ: അങ്കമാലി, ചാലക്കുടി, എറണാകുളം, പെരുമ്പാവൂർ.

വിമർശനവീഥി

# മാനസാന്തരത്തിനുശേഷം സ്വാനുഭവവിവരണം

**ക്രിസ്തുമതത്തിന്റെ യുക്തിയുക്തമായ രൂപം കത്തോലിക്കാ മതമാണെന്നാണ് നിരീശ്വരന്മാരുടേയും മററും സാമാന്യമായ അഭിപ്രായം—ഞാൻ കത്തോലിക്കനായതു കത്തോലിക്കാ താക്കോൽകൊണ്ടു സകല പൂട്ടും തുറക്കാൻ കഴിയുമെന്നുള്ളതുകൊണ്ടല്ല, നൂറു പൂട്ടുകളിൽ തൊണ്ണൂററൊൻപതും തുറക്കാൻ അതിനു കഴിയുന്നതുകൊണ്ടാണ്; നൂറാമത്തേതു തുറക്കാൻ കഴിയാത്തതു് തീർച്ചയായും താക്കോലിന്റെ കുററമല്ല, അതു തിരിക്കുന്ന എന്റെ മണിബന്ധത്തിന്റെ കുററമായിരിക്കും—കത്തോലിക്കർ അവരുടെ വിശ്വാസസത്യങ്ങളെ വാദപ്രതിവാദത്തിലേർപ്പെട്ടു സംരക്ഷിക്കുവാൻ അസന്നദ്ധരും അപ്രാപ്തരുമാണെന്ന മായാബോധത്തിനു ഞാൻ വിധേയനായിരുന്നു—ഏററവും ശക്തങ്ങളെന്നു് ഞാൻ വിചാരിച്ചിരുന്ന പല എതിർന്യായങ്ങളും കത്തോലിക്കാ തത്വോപദേശങ്ങളെ ഞാൻ തെററിദ്ധരിച്ചതിന്റെ ഫലമായിട്ടാണ് ഉളവായതു്.**

കത്തോലിക്കാ മതമാണോ യഥാർത്ഥ ക്രിസ്തുമതം എന്ന പ്രശ്നത്തിന്റെ പരിഹാരത്തിനായി ഇംഗ്ലണ്ടിലെ ഒരു പ്രസിദ്ധ പണ്ഡിതനായ മി. അർണോൾഡ് ലൺ മോൺസിഞ്ഞോർ റൊണാൾഡ് നോക്സിനെ കത്തുകൾ വഴിയായുള്ള ഒരു വാദപ്രതിവാദത്തിനായി വെല്ലുവിളിച്ചു. വെല്ലുവിളി സ്വീകരിക്കപ്പെട്ടതിന്റെ ഫലമായി 1930 ജൂലൈ 22-ാം തീയതി ആ കത്തിടപാടുകൾ ആരംഭിക്കുകയും 1931 ഒക്ടോബർ 5-ാംതീയതി അവസാനിക്കുകയുമുണ്ടായി. തദനന്തരം പ്രസ്തുത കത്തുകൾ "Difficulties" എന്ന ശീർഷകത്തിൽ ഗ്രന്ഥരൂപേണ 1932-ൽ പ്രസിദ്ധപ്പെടുത്തി. 1933 ജൂലൈ 13-ാംതീയതി മി. ലൺ മോൺസിഞ്ഞോർ നോക്സിനാൽതന്നെ കത്തോലിക്കാസഭയിലേക്കു സ്വീകരിക്കപ്പെട്ടു. അനേകം കൊല്ലം കഴിഞ്ഞശേഷം, പ്രസ്തുത ഗ്രന്ഥത്തിന്റെ രണ്ടാംപതിപ്പു തയാറായിക്കൊണ്ടിരുന്നതിനിടയിൽ മി ലൺ വീണ്ടും ഒരു കത്തു്, 1949 ഡിസമ്പർ 22-ാംതീയതി, മോൺസിഞ്ഞോർ നോക്സിനു് എഴുതുകയും അതിനു് മറുപടിക്കത്തു് അദ്ദേഹം അയക്കുകയുംചെയ്തു. ആ രണ്ടു കത്തുകളും രണ്ടാംപതിപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ടു്. മി. ലണ്ണിന്റെ ഈ കത്തിൽ തന്റെ മാനസാന്തരത്തിനു മോൺസിഞ്ഞോറുമായുള്ള വാദപ്രതിവാദം നൽകിയ സഹായത്തേയും കത്തോലിക്കനായശേഷം തനിക്കുള്ള ചില അനുഭവങ്ങളേയും മററും ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. അതിൽ ചിലതാണ് ഈ ലേഖനത്തിൽ ഉദ്ധരിക്കുന്നതു്:-

### എന്തുകൊണ്ടു് കത്തോലിക്കനായി

ഞാൻ ഹാറോയിൽ (ഇംഗ്ലണ്ടിലെ ഒരു യൂണിവേഴ്സിററി കോളജ്) പഠിച്ചുകൊണ്ടിരിക്കുമ്പോൾതന്നെ എന്റെ മതവിശ്വാസം നഷ്ടപ്പെട്ടു; ഒരു വലിയ പർവ്വതാരോഹകനായ ലെസ്ലി (Leslie) സ്റ്റീഫന്റെ An Agnostic's Apology എന്ന ഗ്രന്ഥത്തിന്റെ വില കുറഞ്ഞ ഒരു പുതിയ പതിപ്പു് വായിച്ചതിന്റെ ഫലമായിട്ടായിരുന്നു അധികവും. അതിന്റെശേഷം എന്നെ തിരുസ്സഭയിലേക്കു സ്വീകരിക്കുവാൻ ഞാൻ അങ്ങയോടു് ആവശ്യപ്പെട്ടതുവരെ മതാനുഷ്ഠാനം ഞാൻ വീണ്ടും സ്വീകരിക്കുകയുണ്ടായില്ല. മാനുഷികമായി പറഞ്ഞാൽ എന്റെ മാനസാന്തരത്തിനു് ഞാൻ ആദ്യമായി കടപ്പെട്ടിരിക്കുന്നതു് ആംഗ്ലിക്കൻ സഭക്കാരോടാണ്; എന്തുകൊണ്ടെന്നാൽ ലൈററ്ഫുട്ടും സാൽമനും രാംസേയും (Lightfoot, Salmon, Ramsay) ആണ് സുവിശേഷഗ്രന്ഥങ്ങൾ ചരിത്രരേഖകളാണെന്നും, ആ ഗ്രന്ഥങ്ങളിൽനിന്നു് അത്ഭുതങ്ങളെ നിരാകരിക്കുവാൻ സാദ്ധ്യമല്ലെന്നും, ക്രിസ്തുവിന്റെ പുനരുത്ഥാനത്തിനുള്ള തെളിവു് അപ്രതിഹതമാണെന്നും എന്നെ ബോദ്ധ്യപ്പെടുത്തിയതു്. അവരുടെ ന്യായവാദങ്ങൾക്കു ശക്തികൂട്ടുവാൻ ക്രിസ്തുവിനു പ്രതിഷ്ഠിക്കപ്പെട്ട ചിലരുടെ ജീവിതത്തിന്റെ പ്രേരണാശക്തിയും പ്രയോജനപ്പെട്ടു, പ്രത്യേകിച്ചും എനിക്കു വളരെ പ്രിയപ്പെട്ടവനായിരുന്ന ഒരു ആംഗ്ലിക്കന്റെ ജീവിതം. അങ്ങനെയെങ്കിൽ എനിക്കു ജ്ഞാനസ്നാനംതന്ന ആംഗ്ലിക്കൻ സഭയിലേക്കു ഞാൻ എന്തുകൊണ്ടു പിന്തിരിഞ്ഞില്ലെന്നു നമ്മുടെ ആംഗ്ലിക്കൻ വായനക്കാർ ന്യായപൂർവ്വം ചോദിച്ചേക്കാം. ആംഗ്ലിക്കൻസഭയിൽ തുടരുന്നതാണ് ആംഗ്ലിക്കൻ സഭയിലേക്കു പിന്തിരിയുന്നതിനേക്കാൾ എളുപ്പം. എന്തുകൊണ്ടെന്നാൽ ക്രിസ്തുമതവിശ്വാസം നഷ്ടപ്പെട്ട ആൾ സ്വാഭാവികമായി സ്വീകരിക്കുന്ന അഭിപ്രായം നിരീശ്വരന്മാരുടേയും അജ്ഞേയവാദികളുടേയും സാമാന്യമായ അഭിപ്രായമാണ്; അതായതു് കത്തോലിക്കാമതമാണ് ക്രിസ്തുമതത്തിന്റെ യുക്തിയുക്തമായ ഏകരൂപമെന്നു്. "നമ്മിലുള്ള ശരണത്തിന്റെ ന്യായമെന്തെന്നു പറയുവാൻ" വിശുദ്ധ പത്രോസിന്റെ ഉൽബോധനമനുസരിച്ചുള്ള ആസക്തി ഉടനേയോ പിന്നീടോ എനിക്കുണ്ടാകുമെന്നു് ബോദ്ധ്യമായതിനാൽ, അവിശ്വാസികളുമായുള്ള തർക്കവാദത്തിൽ സംരക്ഷിക്കുവാൻ ഏററവും എളുപ്പമുള്ള ക്രിസ്തുമതരൂപത്തിലേക്കു് ഞാൻ സ്വാഭാവികമായി ആകർഷിക്കപ്പെടുകയാണുണ്ടായതു്.

### വാദപ്രതിവാദം മാനസാന്തരത്തെ ത്വരിതപ്പെടുത്തി

"തിരുസ്സഭയുടെ അദ്ധ്യാപനാധികാരത്തോടാണ് നിങ്ങൾക്കുള്ള സകല എതിർപ്പുകളും" എന്നു് അങ്ങെഴുതിയിരുന്നല്ലോ. അപ്പറഞ്ഞതു ശരിതന്നെ. മനസ്സറിയാതെയാണെങ്കിലും ഞാൻ അന്നു് അന്വേഷിച്ചുകൊണ്ടിരുന്ന ക്രിസ്തു, ആക്ഷേപകരമല്ലെന്നു് ഉത്തമമനസ്സാക്ഷിയോടുകൂടി അർനോൾഡ് ലണ്ണിനു സാക്ഷ്യപ്പെടുത്തുവാൻ സാദ്ധ്യമാകുന്ന തത്വോപദേശങ്ങൾ പഠിപ്പിച്ച ക്രിസ്തുതന്നെയാണ്. എന്റെ സകല വിഷമതകൾക്കും പരിഹാരം കാണുന്നതുവരെ ഞാൻ കാത്തിരുന്നെങ്കിൽ ഞാനിപ്പോഴും കാത്തിരിക്കുമായിരുന്നു. ഉദാഹരണമായി മനുഷ്യന്റെ സ്വാതന്ത്ര്യവും ദൈവത്തിന്റെ മുന്നറിവും തമ്മിലുള്ള പൊരുത്തം അല്പംപോലും തൃപ്തി നൽകുന്നവിധം വിശദീകരിക്കുന്ന ശ്രമമൊന്നും ഞാൻ കണ്ടിട്ടില്ല. ഇപ്പോഴും പരിഹരിക്കാതെ കിടക്കുന്ന മററു ദുർഗ്രാഹ്യതകളും എനിക്കുണ്ടു്. ഞാൻ കത്തോലിക്കനായതു് കത്തോലിക്കാ താക്കോൽകൊണ്ടു് സകല പൂട്ടും തുറക്കാൻ കഴിയുമെന്നുള്ളതുകൊണ്ടല്ല, പ്രത്യുത നൂറുപൂട്ടുകളിൽ തൊണ്ണൂററൊൻപതും തുറക്കുവാൻ അതിനു കഴിയുന്നതുകൊണ്ടാണ്. നൂറാമത്തേതു തുറക്കാൻ കഴിയാത്തതു് തീർച്ചയായും താക്കോലിന്റെ കുററമല്ല, അതു തിരിക്കുന്ന എന്റെ മണിബന്ധത്തിന്റെ കുററം തന്നെയായിരിക്കും. അങ്ങു ഊന്നിപ്പറഞ്ഞിരുന്നതു ശരിയാണ്: "സകല മനസ്സുകൾക്കുംവേണ്ടി ഉദ്ദേശിച്ചിട്ടുള്ള ഒരു തത്വസംഹിതയിൽ ചില മനസ്സുകളുടെ മുൻവിധികൾക്കു് വിരുദ്ധമായതു് വല്ലതും ഉണ്ടായേ കഴിയൂ." നമ്മുടെ കത്തുകളുടെ വീണ്ടുമുള്ള എന്റെ വായന അങ്ങയോടെനിക്കുള്ള കടപ്പാടു് എന്നെ അനുസ്മരിപ്പിച്ചു. ഒരു കത്തോലിക്കൻ എന്റെ മാനസാന്തരത്തെപ്പററി എഴുതിയപ്പോൾ തന്റെ വായനക്കാരോടു പറഞ്ഞു, ഞാൻ ഈ കത്തുകൾ ആരംഭിച്ചപ്പോൾ തിരുസ്സഭക്കെതിരായ ന്യായവാദങ്ങളിൽ ബോദ്ധ്യമുള്ളവനായിരുന്നെന്നും, എന്നാൽ എന്റെ എതിർവാദങ്ങൾ അങ്ങു് ഖണ്ഡിച്ചപ്പോൾ ഞാൻ പരിപൂർണ്ണമായും അമ്പരന്നുപോയെന്നും, അങ്ങയുടെ അവസാനകത്തുകളിലെ മഷി ഉണങ്ങുന്നതിനു മുൻപു് ഞാൻ സന്തോഷപൂരസ്സരം തോൽവി സമ്മതിച്ചെന്നും. ഈ പ്രസ്താവം വസ്തുതകളുടെ അല്പസ്വല്പമായ അതിവർണ്ണനമാണെന്നു തീർച്ചയാണ്. നമ്മുടെ കത്തിടപാടുകൾ ഒക്ടോബർ 5-ാംനു- അവസാനിച്ചു. ഏകദേശം രണ്ടു വർഷംകഴിഞ്ഞാണ് അങ്ങു് എന്നെ തിരുസ്സഭയിലേക്കു സ്വീകരിച്ചതു്—കൃത്യമായിപ്പറഞ്ഞാൽ 1933 ജൂലൈ 13-ാംതീയതി. നാം തമ്മിൽ ഒരിക്കലും കണ്ടുമുട്ടിയില്ലെങ്കിലും ഞാനൊരു കത്തോലിക്കനാകുമായിരുന്നുവെന്നാണ് എനിക്കു തോന്നുന്നതു്; എന്നാൽ അങ്ങു് എന്റെ മാനസാന്തരത്തെ ത്വരിതപ്പെടുത്തിയെന്നു തീർച്ചതന്നെ, ഒരുപക്ഷെ അനേകം വർഷത്തേക്കു്.

വി: പത്താം പീയൂസ്സുപാപ്പായുടെ പ്രത്യേക സഹായത്താൽ രോഗം പൂർണ്ണസുഖം പ്രാപിച്ചതിനു് ഉപകാരസ്മരണ.

പി. വി. ജോബ്, വാടയ്ക്കൽ<br>
ആലപ്പുഴ

### എതിർന്യായങ്ങൾ തെററിദ്ധാരണാഫലം

ഈ വാദപ്രതിവാദം ഞാൻ അങ്ങയോടാവശ്യപ്പെട്ടപ്പോൾ അങ്ങു് അതു വിസമ്മതിക്കുമെന്നു് എനിക്കുറപ്പുണ്ടായിരുന്നു. എന്തുകൊണ്ടെന്നാൽ അന്നും ആ മായാബോധത്തിനു ഞാൻ വിധേയനായിരുന്നു, കത്തോലിക്കർ അവരുടെ വിശ്വാസതത്വങ്ങളെ വാദപ്രതിവാദത്തിലേർപ്പെട്ടു് സംരക്ഷിക്കുവാൻ അസന്നദ്ധരും അപ്രാപ്തരുമാണെന്നു്. "നിന്റെ മാനസാന്തരം നടക്കുന്നതോടുകൂടിയല്ലാതെ ആ ഗ്രന്ഥം ഒരിക്കലും പ്രസിദ്ധീകരിക്കപ്പെടുകയില്ല" എന്നാണ് എന്റെ പിതാവു് ഊന്നിപ്പറഞ്ഞതു്. എന്റെ പിതാവിന്റെ ഈ പ്രവചനം തികച്ചും തെററിപ്പോയതു് എന്റെ ശ്രദ്ധയെ ഹഠാദാകർഷിച്ചിരിക്കുന്നുവെന്നു് പറയേണ്ടതില്ലല്ലോ. ഈ കത്തുകളിൽ അടങ്ങിയിരിക്കുന്ന ദുർഗ്രാഹങ്ങളായ ചില പ്രശ്നങ്ങൾക്കു പരിപൂർണ്ണമായും തൃപ്തികരമായ സമാധാനം അവയിലില്ലെന്നു സമ്മതിക്കണം. എന്നാൽ ഏററവും ശക്തങ്ങളെന്നു ഞാൻ വിചാരിച്ചിരുന്ന പല എതിർന്യായങ്ങളും കത്തോലിക്കാ തത്വോപദേശങ്ങൾ തെററിദ്ധരിച്ചതിന്റെ ഫലമായിട്ടാണ് ഉളവായതു്. ഞാനൊരു കത്തോലിക്കനാകുന്നതിനു മുൻപു് സാദ്ധ്യമെന്നു് ഊഹിച്ചതിനേക്കാൾ അധികം ചർച്ചാസ്വാതന്ത്ര്യം തിരുസ്സഭയിലുണ്ടു്.

## കൃതജ്ഞത

ഫ്റെഡറിക്കു് ഒസാനാമിന്റെ സഹായത്താൽ വാത്സല്യസന്താനത്തിന്റെ വളരെ കൂടുതലായിരുന്ന അക്ഷിരോഗം സമ്പൂർണ്ണസുഖം പ്രാപിച്ചതിനു് ഉപകാരസ്മരണ.

പ്രസിഡന്റു്<br>
വിൻസെന്റു്ഡി പോൾസംഘം<br>
പെരിങ്ങുഴ

തന്റെ നാമത്തിൽ പഠിപ്പിക്കാവുന്നതും വ്യക്തിക്കു സ്വന്തം ഊഹാപോഹഫലമായി സ്വീകരിക്കാവുന്നതും തമ്മിൽ തിരുസ്സഭ ചൂണ്ടിക്കാണിക്കുന്ന സൂക്ഷ്മമായ വ്യത്യാസം മനസ്സിലാക്കുവാൻ 1930-ലേക്കാൾ വളരെയധികം എളുപ്പം ഇന്നെനിക്കുണ്ടു്. ഉദാഹരണമായി, മനുഷ്യശരീരം മൃഗങ്ങളുടേതിന്റെ പരിണാമമാണെന്നു് തെളിയിക്കപ്പെട്ട ഒരു വസ്തുതയായി തിരുസ്സഭയുടെ നാമത്തിൽ പഠിപ്പിക്കുവാൻ പരിണാമവാദത്തെപ്പററി ഒരു സെമ്മിനാരിയിൽ ചർച്ച നടത്തുന്ന വൈദികനു് അനുവാദമില്ലെന്നുള്ള സംഗതി അദ്ദേഹത്തിനറിയാം; നേരെമറിച്ചു് പ്രസ്തുതാഭിപ്രായം പര്യാന്വേഷണങ്ങൾക്കു വേണ്ടി കേവലം അഭിപ്രായമായി സ്വീകരിക്കുവാനും ഉപയോഗിക്കുവാനും വ്യക്തിയെന്ന നിലയിൽ ഒരു കത്തോലിക്കാ അൽമേനിക്കു് സ്വാതന്ത്ര്യമുണ്ടു്. തങ്ങളുടെ പ്രസ്താവങ്ങൾ ഗവമ്മെൻറിന്റേതാണെന്നു് തോന്നിപ്പിച്ചേക്കാമെന്ന ന്യായത്താൽ മന്ത്രിസഭയിലെ

(ശേഷം 10-ാംപേജിൽ)


## ദി കാത്തലിക്ക് ബാങ്ക് ഓഫ് ഇന്ത്യാ (ക്ലിപ്തം)

ക്ലിപ്തബാദ്ധ്യതയോടുകൂടി 1938-ൽ തിരുവിതാംകൂർ-കൊച്ചിയിൽ രജിസ്റ്റർചെയ്യപ്പെട്ടതു്.

### ഹെഡ് ഓഫീസ്: ചങ്ങനാശ്ശേരി

ശാഖകൾ: ആലപ്പുഴ, അതിരമ്പുഴ, ചങ്ങനാശേരി, കാഞ്ഞിരപ്പള്ളി, കോട്ടയം, മണിമല, തിരുവനന്തപുരം.

| | | |
|---|---|---|
| അധികൃതമൂലധനം. | രൂ. | 10,00,000—0—0 |
| വാഗ്ദത്തമൂലധനം. | " | 6,00,000—0—0 |
| പിരിഞ്ഞുകിട്ടിയ മൂലധനം. | " | 5,95,750—0—0 |

### ഡയറക്ടേഴ്സ്

1. ശ്രീ പോൾ വറുഗീസ് ബി. എ., ബി. എൽ., ചങ്ങനാശേരി (ചെയർമാൻ)
2. " കുഞ്ചെറിയാ കെ. പുരക്കൽ, പുളിങ്കുന്നു്
3. " തോമസ് ററി. കുരിയാളശ്ശേരിൽ, ചമ്പക്കുളം
4. " ഡോമിനിക്കു് ജോസഫ് കുരുവിനാക്കുന്നേൽ, ഇടമററം, ഭരണങ്ങാനം
5. " മൈക്കിൾ എ. കള്ളിവയലിൽ ബി. എ., കൊണ്ടുപറമ്പിൽ, വിളക്കുമാടം
6. " തോമസ് ററി. മാററ്റുകുളം എം. എ., ചങ്ങനാശേരി
7. " മൈക്കിൾ ജെ. കള്ളിവയലിൽ ബി. എസ്സ്സി, കാളകെട്ടി (സെക്രട്ടറി)
8. " കുഞ്ചെറിയാ ററി. മാററ്റുകുളം എം. എ., ചങ്ങനാശേരി (മാനേജിംഗ് ഡയറക്ടർ)

Reg. M. No 2293

# Sathya Deepam

Vol. 28 — Ernakulam, November 10, 1954 — No. 13

# —വിവിധവൃത്താന്തങ്ങൾ—

## പോലീസുകാർക്ക്

### മാർപ്പാപ്പായുടെ നിർദ്ദേശം

കാസ്റ്റൽഗണ്ടോൾഫോയിൽ വച്ചു പരിശുദ്ധ മാർപ്പാപ്പായെ സന്ദർശിച്ച സാർവ്വലൗകിക പോലീസു സംഘടനയിലെ (ഇൻറർപോൾ) 100 പ്രതിനിധികളോടു് അവിടുന്നിപ്രകാരം പ്രസ്താവിച്ചു:- "നീതിപരമായ കുററാന്വേഷണങ്ങളിൽ ശാരീരികവും മാനസികവുമായ പീഡനങ്ങളും ബുദ്ധിഭ്രമം വരുത്തുന്ന മാർഗ്ഗങ്ങളും ഒഴിച്ചുവയ്ക്കണം. അപ്രകാരമുള്ള മാർഗ്ഗങ്ങൾ കൊണ്ടു സാധാരണ സാധിക്കുന്നതു്, കോടതി എന്തു കേൾക്കുവാനാഗ്രഹിക്കുന്നുവോ അതു പറയുക എന്നതാണു്. പ്രതി കുററം ചെയ്തിട്ടുള്ളതുകൊണ്ടല്ല, പ്രത്യുത അവൻെറ ശാരീരികവും മാനസികവുമായ ശക്തികൾ ക്ഷയിച്ചതുകൊണ്ടു അവനോടാവശ്യപ്പെടുന്ന എന്തുകാര്യവും സമ്മതിച്ചു പറയുന്നതിനു അവൻ സന്നദ്ധത പ്രകടിപ്പിക്കുകമാത്രമാണു ചെയ്യുന്നതു്. നീതിനിർവ്വഹണം പല സ്ഥലങ്ങളിലും ചില മുറകളെ ആശ്രയിച്ചു യഥാർത്ഥത്തിൽ മർദ്ദനമായി രൂപാന്തരം പ്രാപിച്ചിരിക്കുകയല്ലയോ? പഴയ കാലങ്ങളെ അപേക്ഷിച്ചു് അതിൻെറ ബന്ധനരീതികൾ കൂടുതൽ ഉഗ്രങ്ങളാണുതാനും. യാതൊരു നിയന്ത്രണവും മനസ്സാക്ഷിയും കൂടാതെ വിസ്താരരംഗങ്ങളെ അനുകൂലമാക്കാൻവേണ്ടി സാഹസങ്ങൾ പ്രവർത്തിക്കുന്നതിനെപ്പററി ഒരു ദിവസം നാമും കണക്കേല്പിക്കേണ്ടിവരുമെന്നുള്ള ഭീതിക്കു നമുക്കു അവകാശമില്ലേ?" എന്നിങ്ങനെയാണു് തിരുമേനി ചോദിച്ചതു്.

## കരയുന്ന മാതാവിനെപ്പററി

### മാർപ്പാപ്പാ അനുസ്മരിച്ചു

സിസിലിരാജ്യത്തിൽ നടത്തപ്പെട്ട പ്രാദേശിക മരിയൻ കോൺഗ്രസ്സിൻെറ സമാപനസമ്മേളനത്തെ അഭിവാദ്യം ചെയ്തുകൊണ്ടു് പരിശുദ്ധ പിതാവു് നടത്തിയ പ്രക്ഷേപണപ്രസംഗത്തിൽ അവിടെ സിറാക്രൂസ് നഗരത്തിൽ കുറെനാളായി പ്രചാരത്തിലിരിക്കുന്ന കരയുന്ന മാതാവിൻെറ അത്ഭുതസംഭവത്തെപ്പററി പരാമർശിക്കുകയുണ്ടായി. അവിടെ നടക്കുന്ന സംഭവങ്ങളെപ്പററി ഇതാദ്യമായിട്ടാണു് വത്തിക്കാനിൽ നിന്നു ഒരു പരാമർശനമുണ്ടാകുന്നതു്. പരിശുദ്ധ പിതാവു് ഇപ്രകാരം പ്രസ്താവിച്ചു:- "സിസിലിയിലെ ജനങ്ങൾക്കു പരി. കന്യകമറിയത്തോടുള്ള ഭക്തിയെ വച്ചുനോക്കുമ്പോൾ, നിങ്ങളുടെ മതനേതാക്കന്മാർ റിപ്പോർട്ടുചെയ്യുന്നതനുസരിച്ചു് ദൈവമാതാവു് പ്രത്യേകവരദാനത്തിനായി നിങ്ങളുടെ ഒരു മഹാനഗരത്തെ തിരഞ്ഞെടുത്തിരിക്കുന്നു എന്നതിൽ ആർക്കാണു് അത്ഭുതം തോന്നുക? അവിടെ ഒരു പാവപ്പെട്ട തൊഴിലാളിയുടെ വീട്ടിലുള്ള മാതൃസ്വരൂപത്തിൻെറ കണ്ണുകളിൽനിന്നൊഴുകി എന്നു പറയുന്ന കണ്ണുനീരിനെപ്പററി അപ്പസ്തോലിക സിംഹാസനം ഇതുവരെയും യാതൊരുതരത്തിലും അതിൻെറ തീരുമാനം അറിയിച്ചിട്ടില്ല എന്നുള്ളതു വാസ്തവമാണു്. എന്നാൽ അതേസമയംതന്നെ, സംഭവത്തിൻെറ വാസ്തവികതയെപ്പററി സിസിലിയിലെ മെത്രാധിപത്യം ഐകകണ്ഠ്യമായി പ്രസിദ്ധപ്പെടുത്തിയിട്ടുള്ള പ്രസ്താവനകൾ നാം അത്യധികമായ ആദരവോടെയാണു സംവീക്ഷിച്ചിട്ടുള്ളതു്." തുടർന്നു അവിടുത്തെ പ്രസംഗത്തിൽ തിരുമേനി പ്രസ്താവിച്ചു, "ഇത്രയേറെ മക്കളിൽ അബദ്ധങ്ങളും പാപങ്ങളും ദൈവേഷ്ടപ്രസാദജീവിതത്തെ നശിപ്പിച്ചുകളയുകയും, ഈ അമ്മയുടെ ദിവ്യസുതനെ അവർ ഇത്ര കഠിനമായി ഉപദ്രവിക്കുകയും ചെയ്യുന്നല്ലോ എന്നോർത്തുകൊണ്ടല്ലയോ മാതാവു കരയുന്നതെന്നു ഞാൻ സംശയിക്കുന്നു" എന്നാണു്. കഴിഞ്ഞ ആഗസ്റ്റു മാസത്തിലാണു് നാലുദിവസത്തേക്കു് സിറാക്രൂസിലെ ഈ സാധാരണതരത്തിലുള്ള മണ്ണുകൊണ്ടുള്ള മാതൃസ്വരൂപം തുടർച്ചയായി കണ്ണുനീർ വാർക്കുന്നതായി കാണപ്പെട്ടതു്. സിറാക്രൂസിലെ "കരയുന്ന മാതാവു്" എന്ന പേരിലാണു് ഇന്നതു ലോകത്തിൽ അറിയപ്പെടുന്നതു്.

## നശീകര പ്രസിദ്ധീകരണങ്ങൾ നിരോധിക്കണം

ഇംഗ്ലണ്ടിൽ ലിവർപൂൾ എന്ന സ്ഥലത്തു 49,000 പവൻ ചിലവുചെയ്തു് പണിതീർത്തിട്ടുള്ള സെൻറു് ജെരാർഡ്സ് സ്കൂൾ ഉൽഘാടനം നിർവ്വഹിച്ചുകൊണ്ടു് ലിവർപൂൾ മെത്രാപ്പോലീത്താ ചെയ്ത പ്രസംഗത്തിൽ ദുഷിച്ച പ്രസിദ്ധീകരണങ്ങളെ വിദ്യാലയാന്തരീക്ഷത്തിൽനിന്നു നീക്കിക്കളയേണ്ട ആവശ്യത്തെപ്പററി ഇപ്രകാരം പ്രസ്താവിക്കുകയുണ്ടായി:- "നല്ല വിശാലവും മനോഹരവുമായ സ്കൂളുകൾ പണിയുന്നതിൽ ബദ്ധശ്രദ്ധരായിരിക്കുന്ന അധികാരികൾ, അവിടെ അദ്ധ്യാപകന്മാർ ചെയ്യുന്ന പ്രവൃത്തികളെ വിഗണിക്കുന്നതിനു നിമിത്തമാകുന്ന ദുഷിച്ച മാസികകളും വിനോദപ്രസിദ്ധീകരണങ്ങൾ എന്നു പറയപ്പെടുന്നവയും നിരോധിക്കുന്നതിനു പ്രത്യേകം ശ്രദ്ധപതിക്കേണ്ടകാലം വളരെ അതിക്രമിച്ചിരിക്കുകയാണു്."

## കർദ്ദിനാൾ സ്റ്റെപ്പിനാക്കിനു സഹായമെത്രാൻ

കർദ്ദിനാൾ സ്റ്റെപ്പിനാക്കു് തിരുമനസ്സിലെ ഒരു സഹപാഠിയും പിന്നീടു് അവിടുത്തെ പ്രൈവററ സിക്രട്ടറിയുമായിരുന്ന ഫാദർ ഫ്രാൻജോ സേഫർ സാഗ്രെബ് അതിരൂപതയുടെ സഹായമെത്രാനായി നാമകരണം ചെയ്യപ്പെട്ടിരിക്കുന്നു. ആ അതിരൂപതയുടെ മെത്രാപ്പോലീത്താപദം അലങ്കരിക്കുന്ന അത്യുന്നത കർദ്ദിനാൾ സ്റ്റെപ്പിനാക്കു് തിരുമേനി ഇപ്പോൾ അവിടുത്തെ സ്വദേശമായ ക്രേസ്സിക്കു് ഗ്രാമത്തിൽ കമ്മ്യൂണിസ്റ്റു തടങ്കലിൽ ഇരിക്കുകയാണെല്ലോ. അതിനാൽ മെത്രാൻ കർദ്ദിനാൾ തിരുമനസ്സിലെ അഭാവത്തിൽ തൽസ്ഥാനത്തു് യൂഗോസ്ലാവിയായുടെ സഭാതലവൻെറ ജോലികൾകൂടി നിർവ്വഹിക്കുന്നതിനു അധികാരപ്പെടുത്തപ്പെട്ടിട്ടുണ്ടു്. ഫാദർ സേഫറിനു ഇപ്പോൾ 48 വയസ്സു പ്രായമുണ്ടു്. റോമിലാണു് വിദ്യാഭ്യാസം നിർവ്വഹിച്ചതു്. അദ്ദേഹം യുദ്ധത്തിനുശേഷം സാഗ്രെബ് സെമിനാരിയുടെ റെക്ടറായി ജോലിനോക്കി. പക്ഷെ കമ്മ്യൂണിസ്റ്റു ഗവർമ്മെൻറു് കൈകടത്തൽമൂലമുണ്ടായ ചില അഭിപ്രായവ്യത്യാസങ്ങൾമൂലം തൽസ്ഥാനം രാജിവച്ചു സാഗ്രെബിലെ ക്രിസ്തുരാജൻ ഇടവകയിൽ വികാരി ജോലി നോക്കിവരികയായിരുന്നു.

## ഇന്തോചൈനയിൽ ദിവ്യബലിക്കു കരം ചുമത്തുന്നു

ഇന്തോചൈനയിൽ കമ്മ്യൂണിസ്റ്റുകൾക്കു വിധേയമായ ഭാഗങ്ങളിൽ ദിവ്യബലിയിൽ സംബന്ധിക്കുന്നതിനും, വീടുകളിൽ കുരിശുരൂപങ്ങൾ വയ്ക്കുന്നതിനും, അവ കഴുത്തിൽ ധരിക്കുന്നതിനും പുതിയ കരം ചുമത്തുന്നതായി റോമിലുള്ള ഫീദസ് ന്യൂസ് ഏജൻസിക്കു ഔദ്യോഗികമായി അറിവു ലഭിച്ചിരിക്കുന്നു. പല ദേവാലയങ്ങളിലും കമ്മ്യൂണിസ്റ്റു നേതാവായ ഹോചിമിൻെറ ഛായാപടങ്ങൾ സ്ഥാപിക്കുന്നതിനു കല്പനയായിട്ടുണ്ടു്. ചില സ്ഥലങ്ങളിൽ വേദപാഠം പഠിക്കുന്ന കുട്ടികളെ കുരിശുവരയ്ക്കുമ്പോൾ പരിശുദ്ധ ത്രിത്വത്തിൻെറ നാമത്തോടുകൂടി കമ്മ്യൂണിസ്റ്റു നേതാവിൻെറ പേരുകൂടി ചൊല്ലാൻ നിർബന്ധിക്കുന്നു. ചില ഡിസ്ട്രിക്ററുകളിൽ കുർബാനധർമ്മം നിരോധിച്ചിരിക്കുന്നു. വേറെ ചില സ്ഥലങ്ങളിൽ അതിൻെറ നിരക്കു വർദ്ധിപ്പിച്ചുകൊണ്ടു അതിൽ മൂന്നിൽ രണ്ടുഭാഗം ഗവർമ്മെൻറിൻെറ പൊതുമുതലിൽ കെട്ടിവയ്ക്കണമെന്നുത്തരവായിരിക്കുന്നു. ഇങ്ങനെ മതപരമായ കാര്യങ്ങളിൽ അവിടത്തെ കമ്മ്യൂണിസ്റ്റു ഗവർമ്മെൻറു അവർക്കു സഹജമായ കൈകടത്തലുകൾ നടത്തിക്കൊണ്ടിരിക്കുന്നു.

## ജപമാല പ്രചാരണം

ജപമാല പ്രചാരണത്തിൻെറ അപ്പസ്തോലനായ റവ. ഫാദർ പാട്രിക്കു് പെയ്ററൻ കുടുംബജപമാല പ്രചാരണത്തിനായി സ്പെയിനിലുള്ള ബിൽബാവോ, ടാരഗോണാ, സൻസെബാസ്റ്റ്യൻ എന്നീ രൂപതകളിൽ പരിപാടികൾ സമാരംഭിച്ചിരിക്കുകയാണു്. കഴിഞ്ഞകൊല്ലം സ്പെയിനിൽ മലാഗാരൂപതയിൽ അദ്ദേഹം പ്രസംഗിച്ചതാണു്. ഡിസംബർ മാസത്തിൽ ഇന്ത്യയിലും പാകിസ്ഥാനിലും പ്രചാരണം നടത്തുന്നതിനും അതിനുശേഷം തെക്കെ ആഫ്രിക്കയിലേക്കും മദ്ധ്യആഫ്രിക്കയിലേക്കും പോകുന്നതിനുമാണു് പ്ലാൻ എന്നറിയുന്നു.

## കുടുംബജപമാലയ്ക്കു ആഴ്ചയിൽ മൂന്നു പൂർണ്ണദണ്ഡവിമോചനം

കുടുംബങ്ങളിൽ കൂട്ടമായി ജപമാല, (53 മണിജപം) പ്രതിദിനം ചൊല്ലുന്നവർക്കു ആഴ്ചയിൽ മൂന്നും ചിലപ്പോൾ നാലും പൂർണ്ണദണ്ഡവിമോചനങ്ങൾ പ്രാപിക്കാവുന്നതാണു്. സാധാരണ വ്യവസ്ഥകൾ—കുമ്പസ്സാരം, കുർബാന ഉൾക്കൊള്ളൽ, മാർപ്പാപ്പായുടെ നിയോഗപ്രകാരം പ്രാർത്ഥന—പാലിക്കപ്പെടണം. ഈ പുതിയ അനുമതി ഒരു പുതിയ ഡിക്രിയിൽ ഉൾപ്പെടുത്തി പരിശുദ്ധ പിതാവു് ഈയിടെ അനുവദിച്ചിട്ടും "സേക്രഡ് പെനിറ്റൻഷ്യറി" തീരുമാനിച്ചു കഴിഞ്ഞ ആഴ്ചയിൽ പരസ്യപ്പെടുത്തിയിട്ടുള്ളതാണു്. ഒരു പൂർണ്ണദണ്ഡവിമോചനം ശനിയാഴ്ചദിവസത്തേക്കും, മററു രണ്ടെണ്ണം ആഴ്ചവട്ടത്തിലെ ഏതെങ്കിലും മററു രണ്ടു ദിവസങ്ങളിലേക്കുമാണു് അനുവദിച്ചിരിക്കുന്നതു്. ഏതെങ്കിലും ആഴ്ചയിൽ തിരുസഭ മുഴുവനും ആചരിക്കപ്പെടുന്ന കന്യകമറിയത്തിൻെറ ഒരു തിരുനാൾ വരികയാണെങ്കിൽ അന്നു നാലാമതൊരു പൂർണ്ണദണ്ഡവിമോചനം പ്രാപിക്കാം.

—o—

## മാതാക്കൾ കുടുംബത്തിൻെറ അച്ചുതണ്ടാകണം

അത്യുന്നത കർദ്ദിനാൾ ഗിൽറോയി തിരുമനസ്സുകൊണ്ടു ഈയിടെ സിഡ്നിയിൽവച്ചു നടത്തിയ ഒരു പ്രസംഗത്തിൽ കുടുംബത്തിൽ മാതാക്കൾക്കുള്ള കർത്തവ്യത്തെ അനുസ്മരിപ്പിക്കുകയുണ്ടായി. ലോകം എത്രമാത്രം ദുഷിച്ചിരിക്കുന്നുവോ, അത്ര കൂടുതലായി കുടുംബങ്ങളിലെ മാതാക്കൾ കുടുംബാന്തരീക്ഷത്തെ പരിശുദ്ധമാക്കുവാൻ കടപ്പെട്ടിരിക്കുന്നു. അവരുടെ ഭർത്താക്കന്മാരും പ്രായപൂർത്തിയായ മക്കളും അവരുടെ സമയത്തിൽ അധികപങ്കും ചിലവഴിക്കുന്നതിനു നിർബന്ധിക്കപ്പെടുന്ന വിഷപങ്കിലമായ അന്തരീക്ഷത്തിൻെറ നശീകരതയ്ക്കു അതൊരു പ്രത്യൗഷധമായിരിക്കണം. ബുദ്ധിപൂർവ്വകവും, സ്വാഭാവികവും, നാട്യലേശമില്ലാത്തതുമായ കുടുംബജീവിതം രാജ്യത്തിൻെറ അഭേദ്യമായ കോട്ടയാണു്. കുടുംബത്തിലെ മാതാവാണു് അതിൻെറ അച്ചുതണ്ടു്. കുടുംബം ആനന്ദപ്രദവും ബാഹ്യമായ ഏതൊരാകർഷണത്തെയും അധഃകരിക്കത്തക്കവണ്ണം സമാകർഷകവും ആക്കിത്തീർക്കുന്നതിനു കുടുംബാംഗങ്ങളെല്ലാവരും അവളോടൊത്തു പരിശ്രമിക്കണം. അടുത്തകാലത്തു അവിടെ നടത്തപ്പെട്ട കുടുംബജപമാലപ്രചാരണത്തെ അനുസ്മരിച്ചുകൊണ്ടു് തിരുമേനി പറഞ്ഞു:- അവിസ്മരണീയമായ കഴിഞ്ഞ ജപമാലയുടെ കുരിശുയുദ്ധാവസരത്തിൽ ബഹുഭൂരിപക്ഷം കത്തോലിക്കാ കുടുംബങ്ങളും ഉദാരമായ മനസ്ഥിതിയോടുകൂടി അനുദിനം കുടുംബജപമാല നടത്തിക്കൊള്ളാമെന്നു പ്രതിജ്ഞചെയ്തു. ആ പ്രതിജ്ഞയെ വിശ്വസ്തതയോടുകൂടി നിറവേററുവിൻ എന്നു്.

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam—1

